22 FEB 1928

# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| പുസ്തകം 17 | 1113 കന്നി | ലക്കം 2 |
|---|---|---|

വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാർത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസംഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം

1. പാഠപുസ്തകങ്ങൾ ... 49
2. സാഹിത്യത്തിന്റെ ഉറവുകൾ വററാതിരിക്കുവാൻ ... 54
3. കൈരളിയുടെ വൈദേശികസമ്പത്ത് ... 58
4. അദ്ധ്യാപകനും ക്ലാസ്സ്നിയന്ത്രണവും ... 62
5. ഇച്ഛകൾ ഈശ്വരനിലേയ്ക്കു് ... 70
6. ജപ്പാനിലെ വിദ്യാഭ്യാസം ... 73
7. ടാഗൂറിന്റെ തപാൽസഞ്ചി ... 78
8. തന്ത്രസമുച്ചയകാരന്റെ കാലവും ദേശവും ... 83
9. പുസ്തകാഭിപ്രായം ... 91

# ചിന്താസന്താനം (ഒന്നാം ഭാഗം)

## പുതിയ പതിപ്പ്

ഗ്രന്ഥകർത്താ:— ആർ. ഈശ്വരപിള്ള ബി. എ.

വില അണ 10.

## കുമാരനാശാൻെറ പദ്യകൃതി മുഴുവനും 1-ം 2-ം വാല്യങ്ങൾ.

| | | | | |
|---|---|---|---|---|
| 1-ാംവാല്യം | ... | 3 | 8 | 0 |
| 2-ാംവാല്യം | ... | 4 | 0 | 0 |
| രണ്ടുംകൂടി ഒന്നിച്ചെടുക്കുന്നവൎക്ക് | ... | 7 | 0 | 0 |

## ആശാൻെറ മററു ചില കൃതികൾ.

| | | | | | | | |
|---|---|---|---|---|---|---|---|
| കരുണ | 6 | 0 | 0 | കയിൽ | 0 | 2 | 0 |
| ലീല | 0 | 10 | 0 | പുഷ്പവാടി | 0 | 6 | 0 |
| മണിമാല | 0 | 6 | 0 | ദുരവസ്ഥ | 0 | 8 | 0 |
| ചണ്ഡാലഭിക്ഷുകി | 0 | 8 | 0 | വനമാല | 0 | 12 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 4 | 0 | | | | |

## അദ്ധ്യാപനസംബന്ധമായ ചില പുസ്തകങ്ങൾ.

### അദ്ധ്യാപനസാഹ്യം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപ്പിള്ള B. A., L. T.

വില അണ 8.

### അദ്ധ്യാപനാങ്കുരം

ഗ്രന്ഥകർത്താ:—

എൻ. ശിവശങ്കരപിള്ള B. A., L. T.

വില അണ 6.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# ഗുരുനാഥൻ

| പുസ്തകം 17 | 1113 കന്നി | ലക്കം 2 |
| --- | --- | --- |


## * പാഠപുസ്തകങ്ങൾ.

[ആർ. ഈശ്വരപിള്ള ബി. ഏ.]

മലയാളംസ്കൂളുകളിലേയും ഇംഗ്ലീഷ്സ്കൂളുകളിലേയും ഉപയോഗത്തിന് മലയാളംപുസ്തകങ്ങൾ രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക; ജനങ്ങളുടെ ഇടയിൽ ശാസ്ത്രീയവിഷയങ്ങളെപ്പററിയുള്ള അറിവു പ്രചരിപ്പിക്കുക; പൊതുവിൽ മലയാളഭാഷയുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ ആരായുക; ഈ വിഷയങ്ങളിൽ എൻെറ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ടുള്ള 25-5-37-ലെ 35-ാം നമ്പർ ലെററർ കിട്ടി; നന്ദി പറയുന്നു. ഈ സംഗതികൾ ശ്രദ്ധാപൂർവ്വമായ പരിഗണനയെ അർഹിക്കുന്നവയാണ്. വാർദ്ധക്യംകൊണ്ട് ഈ അവസരത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് ഒരു വിശദമായ പദ്ധതി നിർണ്ണയിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലാണ് ഞാൻ ഇപ്പോൾ സ്ഥിതിചെയ്യുന്നത് എന്ന് ആദ്യമേതന്നെ പറഞ്ഞുകൊള്ളട്ടെ. ഇക്കാര്യത്തിൽ എന്തുചെയ്താൽകൊള്ളാമെന്നുള്ളതിനെപ്പററി ചില നിർദ്ദേശങ്ങൾ മാത്രം നൽകാമെന്നു സമാധാനപ്പെടുന്നു.

(1) പ്രസാധകന്മാരും ഗ്രന്ഥകാരന്മാരും സമർപ്പിക്കുന്ന അനവധി പുസ്തകങ്ങളിൽനിന്നും കമ്മിററിക്കാർ ആവശ്യമുള്ള പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുക എന്ന ഇന്നത്തെ രീതിയെപ്പററി അവസാനമില്ലാത്ത പരാതികളുണ്ടെന്നും; ഗ്രന്ഥകാരന്മാർക്കും പ്രസാധകന്മാർക്കും അതിനെപററി അതൃപ്തിയുണ്ടെന്നും; അതുകൊണ്ട് നിവാരണോപായമില്ലെന്ന് തോന്നിയേക്കാവുന്ന ഈ കാര്യത്തിൽ മററു മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട ആവശ്യം നേരിട്ടിട്ടുണ്ടെന്നും; അതുതന്നെയും അതിലേറെ പരാതിക്കിടകൊടുക്കുന്നതാണെന്നും പരക്കെ അറിയപ്പെട്ട സംഗതികളാണ്. എന്നാൽ ഇതിലെല്ലാ

---

* പാഠപുസ്തകകമ്മിററിക്കാർ ലേഖകൻെറ അഭിപ്രായങ്ങൾ ക്ഷണിച്ചപ്പോൾ നൽകിയ നിർദ്ദേശങ്ങൾ.

ററിലും ഉപരിയായി ഒരു കാര്യം പരിഗണിക്കേണ്ടതുണ്ടു്. മലയാളസ്കൂളുകളിലേയും ഇംഗ്ലീഷ്സ്കൂളുകളിലേയും ഓരോ ക്ലാസ്സിലേയും ആവശ്യത്തിനും അതാതു ക്ലാസ്സുകളിലേയ്ക്കു് യോജിച്ചവിധത്തിലുമുള്ള പുസ്തകങ്ങൾ കുററമററഭാഷയിൽ പഠിപ്പിക്കേണ്ട ഓരോ വിഷയത്തിനും ഏററവും ആധുനികമായ വിജ്ഞാനം ഉൾക്കൊള്ളുന്നവ ആവശ്യമാണു്. ചരിത്രം, ഭൂമിശാസ്ത്രം, തുടങ്ങിയ പാഠ്യവിഷയങ്ങളിലും നല്ല രീതിയിൽ എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ രചിക്കപ്പെടണം. മലയാളഭാഷയിൽ നല്ല പരിജ്ഞാനമുള്ളവരും അതാതുവിഷയങ്ങളിൽ പ്രാവീണ്യമുള്ളവരും ആയ ആളുകളെക്കൊണ്ടു് നല്ല പ്രതിഫലത്തിന്മേൽ ഈ പുസ്തകങ്ങൾ എഴുതിച്ചു് അവയെ ഗവമ്മെൻറിൽ നിന്നോ, സംസ്ഥാനത്തുള്ള നല്ല പ്രസിദ്ധീകരണക്കാരെക്കൊണ്ടോ പ്രകാശനം ചെയ്യുകയായിരിക്കും ഇന്നത്തെ പരിതസ്ഥിതികളിൽ നല്ലതെന്നു് എനിക്കു തോന്നുന്നു. ഇപ്രകാരം രചിക്കപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധംചെയ്യുന്നതിനുമുമ്പു് യോഗ്യന്മാരായ പണ്ഡിതന്മാരെക്കൊണ്ടു് പരിശോധിപ്പിച്ചു് നവീകരിക്കുകതന്നെ വേണം. ഇപ്പോൾ നിലവിലിരിക്കുന്ന പുസ്തകങ്ങളുടെ പകർപ്പവകാശം വാങ്ങുകയെന്നുള്ളതു് സാദ്ധ്യമായാൽത്തന്നെയും അഭിലഷണീയമായി തോന്നുന്നില്ല. പലതിനെസ്സംബന്ധിച്ചും അവ ഓരോ ക്ലാസ്സുകളിലേയും ആവശ്യത്തിനു് പര്യാപ്തമാകാതെയോ നമ്മുടെ പരിതസ്ഥിതിക്കു് യോജിച്ചതല്ലാതെയോ വരാം. ഇപ്പോൾ നിലവിലിരിക്കുന്ന രീതിയിൽ നിന്നും മാററം വരുത്താമെന്നു് ആലോചിക്കുമ്പോൾ പൂണ്ണമായ ഒരു മാററമാണു് ഭംഗി. ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ രചിക്കപ്പെടുന്ന പാഠ്യപുസ്തകങ്ങൾ കുറഞ്ഞപക്ഷം അഞ്ചുകൊല്ലത്തേക്കെങ്കിലും ഉപയോഗത്തിലിരിക്കേണ്ടതാണു്. അതിനുശേഷം അവയെ പുതുക്കി നവീകരിച്ചു് ഇദാനീന്തനമാക്കുകയോ, അല്ലാത്തപക്ഷം ഇദാനീന്തനരീതിയിൽ പുതിയ പുസ്തകങ്ങൾ എഴുതുകയോ ചെയ്യണം. വിദ്യാത്ഥികൾക്കു പലതരത്തിലുള്ള വാചകരീതിയും പ്രതിപാദനരീതിയും പരിചയമാകേണ്ടിയിരിക്കുന്നതുകൊണ്ടു് മലയാളം സ്കൂളുകളിലേയും ഇംഗ്ലീഷ്സ്കൂളുകളിലേയും ഉയന്നക്ലാസ്സുകളിലെ ഭാഷാപാഠ്യപുസ്തകങ്ങൾ പ്രസിദ്ധന്മാരായ നല്ല ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പാഠങ്ങൾ, താഴ്ന്ന ക്ലാസ്സുകളിലെ കുട്ടികളുടെ ഉപയോഗത്തിനായി ഒന്നോ അതിലധികമോ ഗ്രന്ഥകാരന്മാർചേന്നു എഴുതിഉണ്ടാക്കുന്ന പുതിയ പുസ്തകങ്ങളേക്കാൾ ഉപയോഗയോഗ്യമായിത്തീരും, എന്നാണു് എൻെറ അഭിപ്രായം. പുസ്തകങ്ങളിലെ വിഷയങ്ങളുടെ തരവും വലിപ്പവും എപ്പോഴും സസൂക്ഷ്മം പരിഗണിക്കപ്പെടണം. വിദ്യാത്ഥികൾക്കു് ഏററവും പുതിയ അറിവുകൾ സമ്പാദിക്കണമെന്നുണ്ടെങ്കിൽ നല്ല ഇംഗ്ലീഷ്പുസ്തകങ്ങളിൽ

നിന്നും പരിഭാഷകളും കുറെശ്ശെ ഉപയോഗിക്കാം. ഭാഷയൊഴിച്ചു മററു വിഷയങ്ങൾക്കുള്ള പാഠ്യപുസ്തകങ്ങളിലെ വിവരങ്ങൾ ഏററവും പുതിയതും അവയുടെ രീതി സുഗമവും പ്രതിപാദനം അക്ലിഷ്ടവും രസകരവും ആയിരിക്കണം. ഈ നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കുകയാണെങ്കിൽ കാലക്രമേണ നമ്മുടെ സ്കൂളുകളിലെ ആവശ്യത്തിന് നല്ല ഭാഷാപുസ്തകങ്ങൾ ലഭിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഗ്രന്ഥകാരന്മാരെ തിരഞ്ഞെടുക്കുന്നതു് വളരെ സൂക്ഷിച്ചും വിവേചനാബുദ്ധിയോടും കൂടിവേണം. ഇപ്രകാരം നാം ചെയ്യുന്നതായാൽ പരാതിക്കു് ഇടയുണ്ടാകുന്നതല്ലെന്നുതന്നെ പറയാം.

(2) ശാസ്ത്രീയവിജ്ഞാനം ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുകയെന്നുള്ള കാര്യം ക്ഷിപ്രസാദ്ധ്യമായി തോന്നുന്നില്ല. ഒന്നാമതായി ഇംഗ്ലീഷ്, മുതലായ മററു ഭാഷകളിൽ നിന്നും മലയാളത്തിലേയ്ക്കു് പുസ്തകങ്ങൾ തർജ്ജിമചെയ്യുകയെന്നുള്ളതു് എളുപ്പമായ ഒരു കാര്യമല്ല. അസംഖ്യം ശാസ്ത്രീയസംജ്ഞകൾ കണ്ടുപിടിച്ചു് പുത്തനായി ഉണ്ടാക്കണം. ഇതിനു നല്ല വിവേചനാസാമർത്ഥ്യവും, പ്രതിഭാശക്തിയും ആവശ്യമാണ്. ശാസ്ത്രീയവിഷയങ്ങളെ സുഗമവും ആകർഷണീയവുമായ രീതിയിൽ പ്രതിപാദിക്കുകയെന്നുള്ളതു് വേറൊരു വൈഷമ്യമേറിയ കാര്യമാണ്. ഈ ദുർഘടങ്ങളെല്ലാം തരണംചെയ്താൽതന്നെയും സാധാരണന്മാരെക്കൊണ്ടു് ആവക പുസ്തകങ്ങൾ വായിപ്പിക്കുവാൻ എങ്ങനെയാണ് സാധിക്കുക. ഗ്രന്ഥപാരായണസ്വഭാവം നമ്മുടെ ജനങ്ങൾ ഇനിയും ആർജ്ജിക്കേണ്ട ഒന്നായിട്ടാണിരിക്കുന്നതു്. ആവേശജനകങ്ങളായ ചില നോവലുകളോ ആകർഷണീയമായ വല്ല പദ്യങ്ങളോ ചുരുക്കം ചിലർ വായിച്ചുവെന്നു് വന്നേക്കാം. ഇതിനപ്പുറം ആരുംതന്നെ നമ്മുടെയിടയിൽ ഒന്നും വായിക്കാറില്ല. വിദ്യാർത്ഥികളും പരീക്ഷകന്മാരും വ്യത്യസ്ഥമായി കണ്ടേക്കാം. ശാസ്ത്രീയഗ്രന്ഥങ്ങൾ കിട്ടുമെങ്കിൽതന്നെയും ഗ്രന്ഥശാലകളിൽനിന്നും അവയെ ഒഴിവാക്കുവാൻ പ്രത്യേകം നിഷ്കർഷിക്കാറുണ്ടു്. എന്നാൽ ഈ കാരണംകൊണ്ടു ശാസ്ത്രീയഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുവാൻ പാടില്ലെന്നില്ല. എന്തെങ്കിലും ഒരു വസ്തു ഉണ്ടെങ്കിൽ അതിനുള്ള ആവശ്യം കാലക്രമേണ ഉണ്ടാകുമെന്നുള്ളതു് തീർച്ചയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും ഉള്ള ഗ്രന്ഥശാലകൾക്കും വിദ്യാലയങ്ങൾക്കും ഈ വിഷയത്തിൽ പലതും പ്രവർത്തിക്കാൻ കഴിയും. ഇവിടേയും ഭാഷാന്തരീകരണം സമ്മതന്മാരായ പണ്ഡിതന്മാരെ ഭരമേല്പിക്കുകയാണുത്തമം. അവർക്കു നല്ല പ്രതിഫലവും കൊടുക്കണം. കൂടിയപക്ഷം ആറു പുസ്തകംവീതമെങ്കിലും ഓരോ വർഷത്തിലും പ്രസിദ്ധം ചെയ്യാം. ആവശ്യപ്പെടുന്നപക്ഷം ഈ ജോലിയുടെ ചുമതല ഏറെറടുക്കാൻ പ്രാപ്തന്മാരായ

പണ്ഡിതന്മാർ നമ്മുടെ ഇന്നത്തെ അഭ്യസ്തവിദ്യരുടെ ഇടയിലുണ്ടു്. ശാസ്ത്രീയവിഷയങ്ങളെപ്പററി ലഘുലേഖകൾ അച്ചടിച്ചു ജനങ്ങളുടെയിടയിൽ വിതരണംചെയ്യുക എന്നുള്ളതും ഈ വിഷയത്തിൽ വളരെ സഹായകമായി ഭവിക്കും. കാലക്രമേണ പ്രത്യക്ഷമായ ചില ഫലങ്ങൾ ലഭിക്കാതിരിക്കുകയില്ല. അന്യഭാഷയിൽനിന്നും ഗ്രന്ഥങ്ങൾ തർജ്ജിമചെയ്യുന്നതിനും, സംഗ്രഹിക്കുന്നതിനും കുറെക്കാലത്തേയ്ക്കു് വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കുന്നതു കൊള്ളാം.

(3) ഭാഷാസാഹിത്യത്തിന്റെ വളർച്ചയെ സഹായിക്കുകയെന്നുള്ളതു് സ്തുത്യർഹവും അഭിലഷണീയവുമായ ഒരു സംഗതിയാണു്. ഉന്നതവിദ്യാഭ്യാസം ഇംഗ്ലീഷ് ഭാഷയിൽക്കൂടി ആക്കിയതുകൊണ്ടും ഔദ്യോഗികഭാഷയായി അതിനെ അംഗീകരിച്ചതുകൊണ്ടും മലയാളസാഹിത്യത്തിന്റെ വളർച്ചയ്ക്കു് ഒരു തടസ്സം സംഭവിച്ചിട്ടുണ്ടു്. ഹൈസ്കൂളുകളിലും കാളേജുകളിലും അതിനു രണ്ടാംസ്ഥാനമേ ഉള്ളൂ. നമ്മുടെ അഭ്യസ്തവിദ്യരിൽ സാഹിത്യവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവർ വളരെ കുറവാണു്. വിനോദത്തിനുവേണ്ടി ഇതിൽ പ്രവർത്തിക്കുന്ന കുറച്ചുപേരെ കണ്ടേക്കാം. എന്നാൽ ജീവിതവൃത്തിയായി സാഹിത്യപരിശ്രമങ്ങളെ വരിച്ചിട്ടുള്ളവർ ഇല്ല. ഗവമ്മെൻറിന്റെ ശ്രദ്ധ ഈ വിഷയത്തിൽ തിരിഞ്ഞതായി കാണുന്നതു് ഒരു ശുഭശകുനമാണു്. ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്നപക്ഷം കാലക്രമേണ ചിലതെല്ലാം സാധിച്ചു എന്നു വരാം. നമ്മുടെഭാഷ ഈ വിഷയത്തിൽ വളരെ ദരിദ്രയാകയാൽ ഈ വഴിയ്ക്കുള്ള പുരോഗതിക്കു് ധാരാളം മാർഗ്ഗമുണ്ടു്. ചരിത്രം, ഭൂമിശാസ്ത്രം, തത്വശാസ്ത്രം, തർക്കം, ജ്യോതിഷം ഈ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ, ധീരപ്രവൃത്തികളേയും യാത്രകളേയും പററിയുള്ള കഥകൾ, നിരൂപണപരവും സന്മാർഗ്ഗപരവും ആയ ഉപന്യാസങ്ങൾ, നല്ലതരത്തിലുള്ള നോവലുകൾ, നാടകങ്ങൾ, മലയാളഭാഷയുടെ ഒരു നിഘണ്ടുതുടങ്ങിയ ഗ്രന്ഥങ്ങൾ, മലയാളസാഹിത്യത്തിന്റേയും ഭാഷയുടേയും ഒരു ചരിത്രം മുതലായ പലജാതി ഗ്രന്ഥങ്ങളും നമ്മുടെഭാഷയ്ക്കു് അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ഈ പോരായ്മകളെയെല്ലാം പെട്ടെന്നു് പരിഹരിപ്പാൻ സാദ്ധ്യമല്ല. എങ്കിലും ഇപ്പോൾതന്നെ നാം പരിശ്രമിച്ചുതുടങ്ങിയാൽ കുറഞ്ഞപക്ഷം ഒരു ദശാബ്ദത്തിനകമെങ്കിലും നമ്മുടെ ഭാഷയ്ക്കു് അത്തരത്തിൽ വിവിധമായ ഒരു സമ്പത്തുണ്ടെന്നു് അഭിമാനിക്കാറാകും. ഇക്കാര്യത്തിലും കുറെ കൊല്ലത്തേയ്ക്കു് ഒരു സ്ഥിരമായ സമിതിയുടെ ആവശ്യം നമുക്കുണ്ടാകും. നമുക്കുള്ള പലതരം പുസ്തകങ്ങളും കണ്ടുപിടിച്ചു തെരഞ്ഞെടുത്തു് പരിശോധിച്ചു പ്രസാധനം ചെയ്യുകയായിരിക്കണം അവരുടെ ജോലി. സാഹിത്യപരിഷത്ത് തുടങ്ങിയ സമിതികളുടെ സഹായവും ഈ കാ

യ്യത്തിൽ സ്വീകരിച്ചു പ്രയോജനപ്പെടുത്താവുന്നതാണ്. നിവൃത്തിയുള്ളിടത്തോളം പ്രസിദ്ധന്മാരായ ധാരാളം ഗ്രന്ഥകാരന്മാരുടേയും, ലേഖകന്മാരുടേയും സഹായസഹകരണങ്ങൾ സ്വീകരിക്കണം. ഒരു ഭാഷയുടേയും സാഹിത്യത്തിന്റേയും വളച്ച് സ്വയം ഉണ്ടാകേണ്ടതാണെന്നും അതു് ഒരിക്കലും പ്രേരണമൂലം ഉണ്ടാകേണ്ടതല്ലെന്നും എപ്പോഴും ഓമ്മവേണം. അതുകൊണ്ടു് പ്രതിബന്ധങ്ങളേയും പ്രതികൂലപരിതസ്ഥിതികളേയുംനീക്കി നിലം ഒരുക്കി വിളവിനു സ്വതേയുള്ള വളച്ചയ്ക്കു് വിട്ടുകൊടുക്കയാണു വേണ്ടതു്.

ഒരു രാജ്യത്തിലെ സാഹിത്യം അവിടത്തെ ജനങ്ങളുടെ അഭിവൃദ്ധിയുടേയും വളർച്ചയുടേയും ഒരു പ്രതിഫലനമാണ്. സവ്വവ്യാപകമല്ലാതെ ഒരു ഭാഗംമാത്രം വളന്നുവരുന്ന ഒരു സാഹിത്യത്തിനു് ഉടനടി എന്തെങ്കിലും അഭിവൃദ്ധിയുണ്ടാകുമെന്നു് ആശിക്കുന്നതു് ശരിയായിരിക്കുകയില്ല. എന്തായാലും ഈ വിഷയത്തിൽ എന്തെങ്കിലും ചില പരിശ്രമങ്ങൾ നടത്തേണ്ട കാലമായിട്ടുണ്ടു്. യഥാകാലം ആ ശ്രമം ശരിയായ ഫലത്തെ പ്രദാനം ചെയ്യുകയുംചെയ്യും.

മലയാളസാഹിത്യം രണ്ടുവഴിക്കു് പുരോഗമിക്കുന്നുണ്ടെന്നുകാണാം. അതായതു പദ്യനിമ്മാണവും, നോവലെഴുത്തും എന്നാൽ ചുരുക്കിപ്പറഞ്ഞാൽ ഇവരണ്ടും അഭിലഷണീയമായ തരത്തിലുള്ളവയല്ലെന്നു് തീർച്ചയാണു്. മലയാളസാഹിത്യത്തിന്റെ വളർച്ചയെ മുൻനിറുത്തിനോക്കുമ്പോൾ ഇവയെ പ്രോത്സാഹിപ്പിക്കാതിരിക്കേണ്ടതു് ആവശ്യവുമാണു്. നല്ല ലേഖകന്മാരും ചിലപ്പോൾ ചിലയവസരങ്ങളിൽ പ്രലോഭനങ്ങൾക്കുവശപ്പെട്ടു് മററുവഴികളിൽ പ്രോത്സാഹനംലഭിക്കാതെ ഈ മാഗ്ഗത്തിൽ ചരിക്കുന്നുണ്ടു്. അവരുടെ സാമത്ഥ്യത്തെ മലയാളഭാഷയുടെ പുരോഗതിയ്ക്കായി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണു്. നോബൽപ്രൈസ്പോലെ എന്തെങ്കിലും ഒരു സമ്മാനം മലയാളത്തിൽ എഴുതപ്പെടുന്ന ഏററവുംനല്ല പുസ്തകത്തിനു്-ഗദ്യത്തിനും, പദ്യത്തിനും-നൽകുന്നതിനു് ഏർപ്പാടുചെയ്യുന്നതും അഭിലഷണീയമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. സ്ഥാപിതമാകാൻപോകുന്ന തിരുവിതാംകൂർ സവ്വകലാശാലയിൽ മലയാളഭാഷയിൽ പ്രാവീണ്യംനേടുന്നതിനു് ഒരു പരീക്ഷയും ഏപ്പെടുത്തുന്നതു് നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. മലയാളഭാഷാപണ്ഡിതന്മാരെസംബന്ധിച്ചിടത്തോളം തിരുവിതാംകൂറിനു ക്ഷാമംനേരിട്ടിട്ടില്ല. പക്ഷെ സാഹിത്യപരിശ്രമങ്ങളിൽ നിഷ്കാമമായ ശ്രദ്ധയുടെ ക്ഷാമമാണു് നമുക്കു നേരിട്ടിരിക്കുന്നതു്. ശരിയായ പ്രോത്സാഹനം നൽകുന്നപക്ഷം ഇപ്പോൾ സുപ്താവസ്ഥയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ സാഹിത്യവാസനയെ ഉണത്തി ഭാഷയുടേയും സാഹിത്യത്തി

ന്റെയും പുരോഗതിയ്ക്കായി പ്രയോജനകരമാംവണ്ണം വിനിയോഗിക്കുവാൻ സാധിക്കുമെന്ന് എനിക്കു നിശ്ചയമുണ്ട്.

ഞാൻ ഇവിടെ ചില നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകിയിട്ടുണ്ട്. അതിന്ന് എന്തു മതിപ്പുണ്ടോ, ആ ക്രമത്തിൽ സ്വീകരിക്കാവുന്നതാണ്. കമ്മിററിയുടെ ശ്രദ്ധ ഏതുമാർഗ്ഗത്തിൽ തിരിയണമെന്ന് അവ ഏറെക്കുറെ സൂചിപ്പിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

# സാഹിത്യത്തിന്റെ ഉറവുകൾ വററാതിരിക്കുവാൻ

(പ്രൊഫ്സർ, പി. ശങ്കരൻനമ്പ്യാർ, എം. എ.)

ഉണങ്ങി വരണ്ടുകിടക്കുന്ന പഴഞ്ചൻസങ്കേതമരുഭൂമിയിൽപെട്ട് ഉൽകൃഷ്ടസാഹിത്യസരിത്തിന്റെ ഉറവുകൾ വററിപ്പോകാതിരിക്കേണമെങ്കിൽ, അതിലേയ്ക്കു സജീവങ്ങളും നവംനവങ്ങളുമായ ആശയങ്ങളാൽ തരംഗിതമായിട്ടുള്ള സംസ്കാരപ്രവാഹം ഇടയ്ക്കിടെ എവിടേനിന്നെങ്കിലും ഉണ്ടായിക്കൊണ്ടിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ തത്വം സാഹിത്യത്തിന്നുമാത്രമല്ല, വ്യക്തികൾക്കും, സമുദായങ്ങൾക്കും, സ്ഥാപനങ്ങൾക്കും സംസ്കാരങ്ങൾക്കും എന്നുവേണ്ട, ചൈതന്യത്തോടുകൂടി വളൎന്നുകൊണ്ടിരിക്കേണ്ടതായ മറെറല്ലാററിനും ഏറെക്കുറെ ബാധകമായിട്ടുള്ളതാകുന്നു. സജീവതത്വത്തിന്റെ ലക്ഷണം നവത്വം തന്നെയാണ്; അതുതന്നെയാണു രമണീയത—

"പ്രതിക്ഷണം യന്നവതാമുപൈതി
തദേവരൂപം രമണീയതായാഃ"

മനോധൎമ്മം ലേശമില്ലാതെ, പൂൎവ്വസങ്കേതങ്ങളെമാത്രം കണ്ണടച്ചും തിരിച്ചും മറിച്ചും ആവൎത്തിച്ചു പ്രയോഗിച്ചു ചാരിതാൎത്ഥ്യമടയുന്ന ശക്തിഹീനരായ ഗ്രന്ഥകാരന്മാരുടെ ദുർഗ്ഗകൃതിശതങ്ങളാൽ നിറഞ്ഞു കൃത്രിമധാടിയോടുകൂടി പ്രകാശിക്കുന്ന യാതൊരു സാഹിത്യദശയ്ക്കും ദീൎഘായുസ്സു സിദ്ധിച്ചിട്ടുള്ളതായി ഇതുവരെ എങ്ങും കേട്ടിട്ടില്ല. പോഷണസാധനങ്ങൾ യഥാകാല

പുറമേനിന്നു കിട്ടാതിരുന്നാൽ, ആത്മാഹാരവും ആത്മനാശവുമായിരിക്കും ഫലം എന്ന ജന്തുശാസ്ത്രനിയമം, പലപ്രകാരത്തിലും ജന്തുചരിത്രത്തോടു സാദൃശ്യം വഹിക്കുന്ന സാഹിത്യചരിത്രത്തിനും യോജിച്ചിരിക്കുന്നു. ഈ വാസ്തവം ഏററവും സ്പഷ്ടമായി ഉദാഹരിക്കുന്നതിനു പര്യാപ്തമായിട്ടുള്ളതത്രേ ആംഗ്ലേയസാഹിത്യചരിത്രം.

ആറാം ശതവർഷത്തിൽ ക്രിസ്തുമതപ്രചാരം, പതിനൊന്നാം ശതവർഷത്തിൽ നോർമൻകാരുടെ ആഗമനം, പതിനാറാം ശതവർഷത്തിൽ "പുനരുജ്ജീവനപരിപാടി" (Renaissance Movement) യുടെ പിറകേ വന്ന ഇററാലിയൻ സംസ്കാരപ്രസക്തി, പതിനെട്ടാം ശതവർഷത്തിൽ ഫ്രഞ്ചുസാഹിത്യസങ്കേതപ്രവാഹം, പത്തൊമ്പതാം ശതവർഷത്തിൽ ഫ്രഞ്ചുമഹാവിപ്ലവവാദങ്ങളുടെ സമ്മർദ്ദം, എന്നിവ അതതുകാലത്തു ക്ഷയോന്മുഖമായിത്തീർന്ന ഇംഗ്ലീഷുസാഹിത്യത്തിനു നവജീവൻ നല്കുവാൻ എത്രമാത്രം ഉപകരിച്ചു എന്നുള്ളതു സുവിദിതമാണല്ലോ. അതുപോലെതന്നെ മലയാളസാഹിത്യത്തിനും നിയതിയുടെ ചില പ്രത്യേകാനുകൂല്യങ്ങൾ അനുഭവിച്ചു വികാസം പ്രാപിക്കുവാൻ സാധിച്ചിട്ടുണ്ട്. തമിഴിൻെറ തള്ളുകൊണ്ടു സിദ്ധിച്ച ഗതിവേഗം കാലക്രമേണ മന്ദീഭവിച്ചുതുടങ്ങിയപ്പോൾ, മലയാളസാഹിത്യത്തിനു നവശക്തി "കുത്തിവെക്കുവാൻ" സംസ്കൃതം സൌകര്യമേറിയവിധത്തിൽ എത്തിച്ചേർന്നു. സംസ്കൃതസമ്മർദ്ദമേററ് ഉയിർകെടുവാൻ തുടങ്ങിയ ഘട്ടത്തിൽ, ഇംഗ്ലീഷുസാഹിത്യം മലയാളത്തിനു പിൻതുണയായി സമാഗമിച്ചു. കൂടാതെ, ഭാരതീയങ്ങളായ ഇതരഭാഷകളിൽനിന്നും മലയാളഭാഷയ്ക്ക് അടുത്തകാലത്തു അഭിവൃദ്ധികരങ്ങളായ, സാമഗ്രികൾ പലതും സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ട്. തൽഫലമായി എത്ര പുതിയ പ്രസ്ഥാനവിശേഷങ്ങളും രീതിവൈചിത്ര്യങ്ങളുമാണു മലയാളത്തിൽ ആവിർഭവിച്ചിട്ടുള്ളതു! വിഷയം, പ്രതിപാദനസമ്പ്രദായം, ഭാഷാഗതി, ആശയവൈവിധ്യം എന്നിങ്ങനെ പല അംശങ്ങളിലും നമ്മുടെ സാഹിത്യത്തിന് അടുത്തകാലത്തു ഗണ്യമായ വികാസം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിർവിവാദമാകുന്നു. ദേശാന്തരങ്ങളിലെ സാഹിത്യസംസ്കാരങ്ങൾ നമ്മുടെ ഭാഷയിലേയ്ക്കു എത്രത്തോളം അധികം സംക്രമിക്കുന്നുവോ അത്രത്തോളം അതിനു വളർച്ചയും പുഷ്ടിയും ഉണ്ടായിക്കൊണ്ടിരിക്കും. വിജാതീയങ്ങളും വിദേശീയങ്ങളുമായ ആശയവിശേഷങ്ങളുടേയും പ്രകാരഭേദങ്ങളുടേയും തിരത്തള്ളലിലാണ്, ഏതു സ്ഥാപനത്തിനും സംസ്കാരത്തിനും നൂതനചൈതന്യസമന്വിതമായ ആഭിവൃദ്ധിക്ക് അവകാശമുണ്ടാകുന്നതെന്നു സ്പഷ്ടമാകുന്നു. അതിനാൽ അന്യഭാഷാസംസ്കാരങ്ങളിൽനിന്ന് ഉചിതങ്ങളായ അംശങ്ങളെ ആ

കുന്നോടത്തോളം നമ്മുടെ ഭാഷയിലേയ്ക്കു പകൎത്തുന്നതു നമ്മുടെ സാഹിത്യത്തിന്റെ ഉറവുകൾ വററിപ്പോകാതിരിക്കുവാൻ സഹായമായിരിക്കും. കൂട്ടത്തിൽ ത്യാജ്യാംശങ്ങളും കുറെ കടന്നുകൂടിയേക്കാമെങ്കിലും, അവ കാലക്രമേണ സ്വയമേവ പരിത്യക്തങ്ങളായിത്തീരുകയും ചെയ്തുകൊള്ളും.

മലയാളത്തിലെ ഒരു സാമാന്യസാഹിത്യകാരനു മറുനാട്ടുകളിലെ സാഹിത്യസംസ്കാരങ്ങളെക്കുറിച്ചുള്ള ജ്ഞാനം വളരെ പരിമിതമായിട്ടാണിരിക്കുന്നതെന്നു സലജ്ജം സമ്മതിക്കാതെ നിവൃത്തിയില്ല. ഗ്രീക്ക്, ലത്തീൻ, ജൎമ്മൻ, ഇംഗ്ലീഷു മുതലായ പാശ്ചാത്യഭാഷകളുടെ കഥ ഇരിക്കട്ടെ. ബങ്കാളി, ഗുജറാത്തി, ഹിന്ദി, തെലുങ്ക്, തമിഴ്, കൎണ്ണാടകം തുടങ്ങിയ ഭാരതീയഭാഷകളെപ്പററിത്തന്നെ സാധാരണനായ ഒരു മലയാളസാഹിത്യകാരൻ എത്രത്തോളം അറിവു സമ്പാദിച്ചുവെച്ചിട്ടുണ്ട്? ആവക പ്രശസ്തഭാഷകളിലെ ഉൽകൃഷ്ടതമന്മാരായ ഗ്രന്ഥകാരന്മാർ ആരെല്ലാമെന്നോ, അവരുടെ മുഖ്യകൃതികളെന്തെല്ലാമെന്നോ, പോലും അധികംപേർ ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വിഖ്യാതന്മാരായ ആംഗ്ലേയകവികളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇക്കാൎയ്യത്തിൽ നമ്മുടെ മലയാളകവികൾ എത്രയോ പടി താഴെയാണിരിക്കുന്നതു്. ചാസർ, സ്പെൻസർ, ഷേക്സ്പിയർ, മിൽട്ടൺ, ഡ്രൈഡർ, പോപ്പ്, ജോൺസൺ, കോളറിജ്, ബൈറൺ, ഷെല്ലി, വേഡ്സ്വൎത്ത്, സ്കോട്ട്, ടെന്നിസൺ, താക്കറേയ്, ഡിക്കൻസ്, ആർനോൾഡ് മുതലായ പ്രസിദ്ധാംഗ്ലേയസാഹിത്യകാരന്മാരെല്ലാം ധാരാളം ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവരായിരുന്നു. അവൎക്കു മററുഭാഷകളുമായി, നേരിട്ടോ തർജ്ജമകൾ വഴിക്കോ, നല്ല പരിചയവുമുണ്ടായിരുന്നു. മലയാളത്തിലെ പണ്ടത്തെ കവികളിൽ പലരും അവരോടു കിടപിടിക്കത്തക്കവരായിരുന്നിരിക്കാം. എന്നാൽ അടുത്തകാലത്തു ദുർല്ലഭം ചിലരൊഴിച്ചു മററുള്ളവർ വാസനയെ കൊണ്ടാടുന്നതനുസരിച്ചു വായനയെ വിലമതിക്കുന്നില്ലെന്നു തോന്നുന്നുണ്ട്. ഉൽകൃഷ്ടകാവ്യത്തിന്റെ ഉല്പത്തിക്കു ആധാരമായി നില്ക്കുന്നതു ശക്തിയെന്നപോലെ വ്യുൽപത്തിയും അഭ്യാസവുമാണല്ലോ. ശക്തിയെന്നുവെച്ചാൽ പ്രതിഭ, അതായതു നവനവോന്മേഷശാലിനിയായ പ്രജ്ഞ എന്നൎത്ഥം. ഇതുതന്നെ സഹജ (ജന്മസിദ്ധ)യോ, ഉല്പാദ്യ (അഭ്യാസജ, അഥവാ, വ്യുൽപത്തിജ)യോ ആവാം. ലോകശാസ്ത്രകാവ്യങ്ങളിലുള്ള നിപുണതയത്രേ വ്യുൽപത്തി. നിയതപ്രയത്നം—വിശിഷ്യ, വിദഗ്ദ്ധാഭിമുഖ്യത്തിലുള്ള പരിശീലനം—തന്നെയാണ് അഭ്യാസം. ഇങ്ങനെ സൽകാവ്യസൃഷ്ടിക്കു വാസനയും വായനയും അത്യാവശ്യങ്ങളാണെന്നു പണ്ടുള്ളവർ വ്യക്തമാക്കീട്ടുണ്ട്. ഇവ രണ്ടും തമ്മിലുള്ള ബന്ധം

ദൃഷ്ടിയും പ്രകാശവും തമ്മിലുള്ള ബന്ധംപോലെയാണെന്നും അവർ വിശദീകരിച്ചിട്ടുണ്ട്. കാഴ്ചയില്ലെങ്കിൽ വെളിച്ചംകൊണ്ടെന്തു പ്രയോജനം? വെളിച്ചമില്ലെങ്കിൽ കാഴ്ചകൊണ്ടു ഫലമെന്തു്? ഇങ്ങനെ ശക്തിയും വ്യുല്പത്തിയും ഉത്തമകാവ്യനിർമ്മിതിക്ക് ഒരുപോലെ ആവശ്യമുള്ളവതന്നെയാണെന്നു സിദ്ധിക്കുന്നു.

അനേകം ഭാഷകളിൽ നേരിട്ടു പരിജ്ഞാനം സമ്പാദിക്കുക എന്നതു് അധികംപേക്കും സുകരമല്ലാത്ത സ്ഥിതിക്ക് അവയിലുള്ള സൽഗ്രന്ഥങ്ങളെ പരാവത്തനം ചെയ്യുന്നതു ഭാഷാപോഷണത്തിനു പ്രത്യക്ഷത്തിൽ പ്രയോജനപ്രദമായിരിക്കണമല്ലോ. നമ്മുടെ ഭാഷാകേദാരത്തിൽ ഉൽകൃഷ്ടകാവ്യസസ്യങ്ങരം മുളച്ചു തഴച്ചുയരുന്നതിനു വേണ്ടുന്ന വളങ്ങളാണു് ഇതരഭാഷകളിൽനിന്നുള്ള ഉത്തമഗ്രന്ഥങ്ങളുടെ പരാവത്തനങ്ങളെന്നു പറയാം. ഇപ്രകാരം മററുള്ള ഭാഷകളിൽനിന്നു് ഇനിയും അസംഖ്യം സാഹിത്യഗ്രന്ഥങ്ങളെ മലയാളത്തിലേയ്ക്കു തജ്ജമചെയ്തു പ്രചരിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇക്കൂട്ടത്തിൽ പ്രത്യേകതരത്തിലുള്ള ഒരു പ്രസിദ്ധീകരണം മലയാളഭാഷയ്ക്കു് ഇപ്പോരം ഗണ്യമായ ഒരു സമ്പാദ്യമായിരിക്കുമെന്നു തോന്നുന്നുണ്ടു്. ആ പ്രസിദ്ധീകരണത്തിൻെറ പ്രഥമസഞ്ചികയ്ക്കു് "പൗരസ്ത്യ സാഹിത്യരത്നാകരം" എന്നോ മറേറാ നാമകരണം ചെയ്യാവുന്നതാണു്. ഇന്ത്യയിലുള്ള വിവിധഭാഷകളിലെയും സാഹിത്യങ്ങളെ പ്രതിനിധീകരിക്കുന്ന ഭാഗങ്ങരം മലയാളത്തിൽ യഥോചിതം പരാവത്തനം ചെയ്തു ക്രമപ്പെടുത്തി അതിൽ ചേക്കേണ്ടതാണ്. ബംഗാളി, ഹിന്ദി, ഗുജറാത്തി, മറാത്തി, ഉർദ്ദു, തമിഴ്, തെലുങ്ക്, കന്നടകം എന്നിങ്ങനെ പത്തോ പന്ത്രണ്ടോ പ്രസിദ്ധഭാരതീയഭാഷകളിലെ സാഹിത്യരത്നങ്ങളെ തിരഞ്ഞെടുത്തു്, സാത്മ്യം വരത്തക്കവണ്ണം സംസ്കരിച്ചു്, കൈരളിയെ അണിയിക്കുന്നതു സർവ്വഥാ സ്പൃഹണീയമായിരിക്കും. രത്നങ്ങളെ തിരഞ്ഞെടുക്കുന്നതിനും മററും അതതു ഭാഷകളിലെ സമ്മതന്മാരായ വിദഗ്ദ്ധന്മാരുടെ സഹായസഹകരണങ്ങരം അപേക്ഷിക്കുകതന്നെ വേണം. അപ്രകാരം തിരഞ്ഞെടുക്കുന്ന ഭാഗങ്ങളുടെ അത്ഥവും ചമല്ക്കാരവും സുസ്പഷ്ടമാക്കിക്കൊണ്ടുള്ള ഇംഗ്ലീഷുതജ്ജമകരം നിവൃത്തിയുള്ളടത്തോളം അവരെക്കൊണ്ടുതന്നെ ചെയ്യിച്ചു വാങ്ങണം. പിന്നീടു് അവയെ നല്ല മലയാളത്തിലാക്കുവാൻ പ്രയാസമുണ്ടാകയില്ല. ഇത്രയും കഴിഞ്ഞാൽ, മലയാളത്തിലെ വാസനാനുഗൃഹീതന്മാരായ സാഹിത്യകാരന്മാക്ക് അവയെ കൈരളീഭൂഷണങ്ങളാക്കി മാററുവാൻ എളുപ്പമായിരിക്കും. ഇവയെ കൂട്ടിച്ചേത്തു് ആകഷക

മായ ആകൃതിയിൽ പ്രകാശിപ്പിക്കുവാൻ കേരളത്തിലെ പ്രഖ്യാതപ്രസാധകന്മാർ അഹമഹമികയാ മുന്നോട്ടിറങ്ങിവരുമെന്നും നമുക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

ഏതാദൃശമായ ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യവും ഔചിത്യവും വേണ്ടപോലെ ഗ്രഹിച്ച്, അതിനു ത്രാണിയുള്ള ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അതിനായി അചിരേണ പരിശ്രമിച്ചുകണ്ടാൽ കൊള്ളാമെന്നാഗ്രഹിച്ചുകൊണ്ടാണ് ഈ ലേഖനം എഴുതുന്നതെന്നുകൂടി ഇവിടെ തുറന്നു പറഞ്ഞുകൊള്ളട്ടെ.

തിരുവനന്തപുരത്തുവച്ച് (1937 ഡിസമ്പർമാസത്തിൽ) കൂടുന്ന "പൗരസ്ത്യ സമിതി"യുടെ ഭാരവാഹികളിൽ മലയാള വിഭാഗത്തിന്റെ പ്രത്യേകാധികാരികൾ ഇക്കാര്യത്തെക്കുറിച്ചു പര്യാലോചിച്ചു വേണ്ടതു പ്രവർത്തിക്കുന്നതു സർവ്വഥാ ഉചിതമായിരിക്കുമെന്നും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

# കൈരളിയുടെ വൈദേശികസമ്പത്ത്.

(തുടച്ച്)

[വിദ്വാൻ. വൈ. നാരായണയ്യർ]

പറങ്കി—പോർട്ടുഗീസുകാരെ പറങ്കികൾ എന്നു നാം പറയുന്നു. 'ഫിറിംഗി'കൾ എന്ന് ഉത്തരഇൻഡ്യൻ രൂപം കാണുന്നു. അത് ഭാഷയിൽ 'പറങ്കി'യായി മാറിയിരിക്കാം. പറങ്കിമാങ്ങയും പറങ്കിയണ്ടിയും ഈസ്റ്റിൻഡ്യൻ ദ്വീപുകളിൽനിന്നും പോർട്ടുഗീസുകച്ചവടക്കാർ കൊണ്ടുവന്നതാണെന്നു പൂർവ്വചരിത്രമുണ്ട്.*

* ഈ പ്രകൃതത്തിൽ കൊല്ലമുളക് ഓർമ്മവരുന്നു. സാധാരണ നാം ഉപയോഗിക്കുന്ന മുളകു കൊല്ലമുളകെന്നും പാശ്ചാത്യനാട്ടിലേക്കു കയററുമതിചെയ്യുന്നതു നല്ലമുളകെന്നും വ്യവഹാരമുണ്ട്. കൊല്ലമുളകിനു കൊല്ലംനഗരത്തോടുള്ള ബന്ധം വ്യക്തമാകുന്നില്ല. കൊല്ലയിൽ (തമിഴിൽ വീടിന്റെ പുറകുവശത്തുള്ള മലക്കറിത്തോട്ടം) വിളയുന്ന മുളകു കൊല്ലമുളകായതായി വരാം. കൊല്ലവുമായി ബന്ധമുള്ള മുളകു ചരിത്രദൃഷ്ട്യാ കുരുമുളകാണ്. കുരുമുളകിനാണു കൊല്ലമുളകെന്നു പേരെങ്കിൽ രണ്ടുവിധത്തിൽ അതു് അർത്ഥവത്താകും. "ഗോലമരീചി" എന്നു കുരുമുളകിനു പേരുണ്ട്; ഉരുണ്ടവടിവായ മുളകെന്നർത്ഥം; ഗോലം-കൊല്ലം ആയി മാറാം. അങ്ങനെ ഉരുണ്ടമുളക്, കൊല്ലംതുറമുഖംവഴി കയററുമതിചെയ്യുന്നതു് എന്നു രണ്ടുവിധത്തിൽ പേരു് ഇണങ്ങുമായിരുന്നു.

ഹിന്ദു—'ഹസയോരഭേദം' എന്നൊരു ശബ്ദശാസ്ത്രനിയമം, ഹ്രക്കാരയെപ്പററി വിവരിച്ചപ്പോൾ പറഞ്ഞിട്ടുണ്ട്. സിന്ധുശബ്ദത്തിൽനിന്നും ഹിന്ദു എന്ന തൽഭവം സംഭവിച്ചതായി ചരിത്രം പറയുന്നു. ഈ പദത്തിൻെറ ചരിത്രം സവിസ്തരം പറയാം:—

ഇതു് സംസ്കൃതവാക്കല്ല. വേദം, സ്മൃതി മുതലായവയിലോ രാമായണാദി പുരാണങ്ങളിലോ ഈ പദമില്ല. സിന്ധുനദീതീരത്തിൽ ആര്യന്മാർ കുടിയേറിപ്പാർത്തു ഇതരന്മാരുടെ വ്യവഹാരത്തിൽ നദീനാമം ജാതിനാമമായിത്തീർന്നു. ഗ്രീക്കുകാർ 'ഇന്ദുഇസ്' എന്നും പെർഷ്യൻമാർ 'ഹിന്ദു'വെന്നും പറഞ്ഞുവന്നു. ഒരു തന്ത്രശാസ്ത്രത്തിൽ—സംസ്കൃതഗ്രന്ഥത്തിൽ—ഹിന്ദുശബ്ദം കാണുന്നുണ്ടു്. എന്നാൽ ആ ഗ്രന്ഥം അക്ബറിൻെറ കാലത്തുണ്ടായ 'അള്ളോപനിഷത്തു്' (അല്ലാഹുവിനെസംബന്ധിച്ച ഇസ്ലാം ഉപനിഷത്തു്) പോലെ ഈയിടെ ഉണ്ടായതാണെന്നു സ്പഷ്ടമാണു്. ഹിന്ദുശബ്ദം മാത്രമല്ല ഇംഗ്ലീഷ്, പറങ്കി, ലണ്ഡൻ എന്നി നാമങ്ങളും ആ ഗ്രന്ഥത്തിലുണ്ടു് അതിൽ ഹിന്ദുശബ്ദത്തിൻെറ സംസ്കൃതവ്യുത്പത്തിയും പറഞ്ഞിരിക്കുന്നു.

"ഹീനാച്ച ദൂഷയത്യേവം ഹിന്ദുരിത്യുച്യതേ പ്രിയേ!
പൂർവ്വാമ്നായേ നവശതം ഷഡശീതിപ്രകീർത്തിതാഃ
ഫിരിംഗിഭാഷയാമന്ത്രാ സ്തേഷാം സംസാധനാത് കലൗ
അധിപാ മണ്ഡലാനാംച സംഗ്രാമേഷ്വപരാജിതാഃ
ആംഗലാ നവഷ്ട് പഞ്ച ലണ്ഡൻജാശ്ചാപിഭാവിനഃ"—

ഉമാമഹേശ്വരസംവാദമായിട്ടാണു് അതിൻെറ പോക്കു്.

സലാം—അറബിഭാഷയിലെ 'സേലാം'ഇംഗ്ലീഷിലും Salaam എന്നു കടന്നിട്ടുണ്ടു്. ഹീബ്രുഭാഷയിൽ 'ഷലാം' ആണത്രെ. അറബിയിൽ ശാന്തി വന്ദനം എന്നിങ്ങനെ അർത്ഥം.

സായ്പ്—സഹേബ് എന്നു് പെർഷ്യൻപദം. പ്രഭു, മാന്യൻ എന്നിങ്ങനെ അർത്ഥം. ഒരു ബിരുദമായി ഇംഗ്ലീഷ് ഗവമ്മെണ്ടു വെച്ചിരിക്കുന്നു. തത്ഭവമായ സായ്പ് തെക്കൻമലയാളത്തിൽ മാത്രം യൂറോപ്യനെക്കുറിക്കുന്നു. വടക്കൻമലയാളവും തമിഴും മഹമ്മദീയമാന്യന്മാരെ സായ്പ് എന്നു പറയുന്നു. ഏതായാലും മാന്യാർത്ഥമാണു് മൂലം.

മദാമ്മ—ഇംഗ്ലീഷിലെ മാന്യവ്യക്തിയെ സംബന്ധിച്ച സംബോധനമായ 'സർ' എന്നതിൻെറ സ്ത്രീലിംഗം Madam. അതിനെ മലയാളീകരിച്ചു് അമ്മശബ്ദമായ തോന്നിച്ചു് മദാമ്മയാക്കി. തമിഴിൽ യൂറോപ്യൻ'തുര'യും, യൂറോപ്യ'തുരച്ചാണി'യും ആണു്.

"ശീമക്കൊന്നു 'ഭര' വാഴ്ചതിലെന്തുചിത്രം?" എന്ന മഹാകവി ഉള്ളൂരിൻെറ പ്രശ്നം. ഭര, ധ്വരയുമായിട്ടുണ്ട്, 'ദൊര'യുമായി ശരിയും തെററും നിർണ്ണയിക്കാൻ പ്രമാണംകാണുന്നില്ല. 'ദൊരസ്സാണി' എങ്ങനെ വന്നിരിക്കുമോ? അതിൻെറ സാധുത്വംതന്നെയാണ് 'വെസ്സീണി'ക്കും.

അകാലികൾ—വൈക്കംസത്യാഗ്രഹം അട്ടപ്പിച്ചാണെന്നു തോന്നുന്നു—അകാലിപദം ഭാഷയ്ക്കുകിട്ടിയതു്. ചിലർ 'അക്കാലി'കൾ എന്നു പറഞ്ഞിട്ടുണ്ട്. 'അകാലി'യാണു മൂലരൂപം 'അകാല'പുരുഷനെ ഇഷ്ടദേവതയായി ആരാധിക്കുന്ന ഒരു മതസമ്പ്രദായം പഞ്ചാബിൽ സിക്കുകാരുടെ ഇടയിലുണ്ട്, അവർ അകാലികൾ.

ആണി—ഇതൊരു തമിഴ്പദമാണെന്നു പലരും ധരിച്ചിരിക്കാം. സംസ്കൃതത്തിൽ കീലത്തിൻെറ പര്യായം ആണീ—അണീ—എന്നൊക്കെ കാണുന്നുണ്ട്. പല തമിഴ്വാക്കുകളും സംസ്കൃതത്തിലേയ്ക്കു പോയിട്ടുണ്ടെന്നു് തമിഴഭിമാനികൾ യുക്തിപൂർവ്വം സ്ഥാപിച്ചിട്ടുണ്ട്. തമിഴ് ദ്രമിഡമായി എന്നു് അക്കൂട്ടരുടെ മതം. അങ്ങനെ 'ആണി'യും സംസ്കൃതത്തിൽക്കയറിയിരിക്കാം. ഉത്തരഇൻഡ്യയിലും തമിഴിലും ശൂലത്തിൽ തറയ്ക്കപ്പെട്ട 'മാണ്ഡവ്യമഹർഷി'യെ 'ആണിമാണ്ഡവ്യൻ' എന്നു പറയാറുണ്ട്.

ആറു്—ബെംഗാളിയിൽ 'ആഓർ' എന്നവാക്കുമായി രൂപത്തിലും അർത്ഥത്തിലും ഏറെക്കുറെ സാദൃശ്യംകാണുന്നു. നദിയുടെ വളവിനാണു് അവിടെ ഈ പേരു്. ഇവിടെ നദിക്കുതന്നെ ഈ പേരുവന്നു. ആറു് ശുദ്ധദ്രാവിഡമെന്നു തെളിയിക്കാനും യുക്തിയുണ്ടായിരിക്കാം. ഏതായാലും ഈ സാദൃശ്യം ഉണ്ടെന്നുള്ളതു പരമാർത്ഥം. ഈ അർത്ഥഭേദംതന്നെ വെള്ളത്തെപ്പററിയും ഉണ്ട്. തമിഴിലെ 'വെള്ളം' ആററിലുണ്ടാകുന്ന ജലപ്രവാഹമാണു്; ഭാഷയിലാകട്ടെ, ജലംതന്നെ വെള്ളം. തമിഴ്സാഹിത്യത്തിൽ 'വളി' പഞ്ചഭൂതത്തിൽപ്പെട്ട വായുവാണു്; ഭാഷയിലെകഥ മറെറാരുവഴിക്കും.

അനാമത്തു്—ഗ്രീക്കുഭാഷയിലെ 'അ മാനത്തു്' ഭാഷയിൽ അക്ഷരം മറിച്ചിൽന്യായേന (നാരികേളം—നാളികേരം, മരകതം—മരതകം, ഹിംസം—സിംഹം) അനാമത്തു് എന്നായി. വിശ്വാസമായിട്ടു പണം നീക്കിനിറുത്തുക എന്നു മൂലാർത്ഥം.

അബ്കാരി—ഇംഗ്ലീഷിലും ഈ പദം ഉണ്ട്. 'ആബ്കാരീ' എന്നു മൂലം. ഗ്രീക്കെന്നും പെർഷ്യനെന്നും അഭിപ്രായവിത്യാസം കാണുന്നു. മാദകദ്രവ്യങ്ങളിന്മേൽ ചുമത്തുന്ന കരമെന്നു മൂലാർത്ഥം. അതിനെ സംബന്ധിച്ചതാണല്ലോ ഭാഷയിലും അബ്കാരിവകുപ്പ് അഥവാ എക്സൈസ്ഡിപ്പാർട്ടുമെൻറു്.

സുമാർ—സമഷ്ടി, ഗണന എന്നിങ്ങനെ അർത്ഥമുള്ള പെർഷ്യൻ പദത്തിന്റെ തത്സമരൂപം സുമാർ നാലുമുഴംനീളം എന്നുവച്ചാൽ ചിലപ്പോൾ നംതള്ളി സ്ഥൂലലക്ഷണക്കിന് ബരാബർ നാലുമുഴമെന്നാർത്ഥമാണ്. അവനെ ഇന്നു സുമാറാക്കും എന്നാൽ കഥകഴിക്കും എന്നർത്ഥം. സകലതും സുമാറാക്കി എന്നാൽ എല്ലാം ഒരുക്കി എന്നർത്ഥം. മുഴവൻ എന്ന ആശയത്തിന്റെ നിഴലാട്ടം മൂന്നു പ്രയോഗത്തിലും കാണുന്നു.

ആമീൻ—ഗ്രീക്‌പദം. ആമ്യൻ എന്നു ചിലർ പരിഷ്കരിച്ചിട്ടുണ്ട്. വല്ലവസ്തുവിന്റെയും മേൽനോട്ടത്തിനു നിയുക്തനായ വ്യക്തി.

വസൂൽ—പിരിക്കുക, ഈടാക്കുക എന്നീ അർത്ഥത്തിൽ 'ഉസൂൽ' എന്ന് ഉത്തരഇൻഡ്യൻപദമുണ്ട്. ഉസൂൽ ഭാഷയിൽ വസൂൽ ആയി. 'ഉകീൽ'—ഇംഗ്ലീഷിലും മലയാളത്തിലും 'വക്കീൽ' ആയതുപോലെ.

അസൽ—'ആസൽ' എന്നു ഗ്രീക്. മൂലരേഖയെന്നർത്ഥം. Original.
നക്കൽ—'നകൽ' നക്കലായി. അറബിമൂലം. പകർപ്പ് എന്നർത്ഥം
വക്കീൽ—'ഉകീൽ' എന്നുമൂലം. അറബെന്നും ഗ്രീക്കെന്നും രണ്ടുപക്ഷമുണ്ട്.
ഇനാം—ഗ്രീക്ക് പദം. ദാനമെന്നർത്ഥം.

ആസാമി—ഗ്രീക്‌വാക്ക് ആറുംക്കാരെന്നർത്ഥം നിർദ്ദിഷ്ടവ്യക്തി എന്ന് ഉത്തരഇൻഡ്യൻഭാഷ. പരിഹാസാർത്ഥത്തിൽ അസാമാന്യനെന്ന ആശയത്തിൽ ഭാഷയിൽ സംഭാഷണവ്യവഹാരമുണ്ട്.

കാർവാർ—'കണക്കും കാർവാറും' എന്നു പ്രയോഗിച്ചുകണ്ടിട്ടുണ്ട്. തൊഴിലെന്നർത്ഥം. ഗ്രീക്.

കാലി—ഒഴിഞ്ഞതെന്നർത്ഥം 'ഖാലി' എന്ന് ഉത്തരഇൻഡ്യൻ പ്രയോഗംകാണുന്നു.

ഗിഞ്ചറാ—ഇടങ്ങഴിയുടെ ആകൃതിയിൽ ഒരുവശം ഉടുമ്പിൻതോലു പൊതിഞ്ഞ ഒരുതരം ചെണ്ടയെന്നു പറയാം. 'ഖഞ്ജരീ' എന്നു സംസ്കൃതപദം കാണുന്നു.

ഖജനാ—യവനഭാഷയിലെ 'ഖാജാനാ' ആദ്യദീർഘംചുരുങ്ങി ഖജനാവായി. 'ഖാജാൻജീ' ഖജാൻജിയും.

കത്ത്—'കയ്യെഴുത്ത്' ചുരുങ്ങി കത്ത് ആയ്ത്തീർന്നുവെന്ന് ഒരിക്കൽ ഒരു പണ്ഡിതൻ നിരാധാരമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. 'വില പിന്നീട്' ഇതാണ് V. P. * ആയത് എന്നു പറഞ്ഞാൽ അതൊരു നേരമ്പോക്കായ

* വിലപിരിയേണ്ടും എന്നാണ് എന്ന് ഒരു ശബ്ദശാസ്ത്രപണ്ഡിതനായ "അഞ്ചൽമൻ" പറയുന്നത് കേട്ടിട്ടുണ്ട്.

കണ്ടുപിടിത്തമെന്നേയുള്ളു. അതുപോലെ മുൻവ്യുത്പത്തിയും തള്ളാം. 'ഖാതാ'' എന്ന യവനപദം ഹിന്ദിയിലുംമററും 'ഖാത്' എന്നു മാറിയിട്ടുണ്ട്. അതു തന്നെ വടക്കൻമലയാളവഴിക്കു കത്തായി ഭാഷയിൽ പ്രചരിച്ചു. തമിഴിൽ 'കായിതം' എന്നു കത്തിനു പേരുണ്ട്. അതു ഖാത്തിൻെറ രൂപാന്തരമോ എന്നു തീർച്ചയില്ല. കടലാസെന്നർത്ഥമുള്ള ഉത്തരഇൻഡ്യയിലെ "കാഗജ്'' കാകിതമായും കായിതമായും മാറാൻ ന്യായമുണ്ട്.

(തുടരും)

# അദ്ധ്യാപകനും ക്ലാസ്സ് നിയന്ത്രണവും.

## ചില പ്രായോഗിക നിർദ്ദേശങ്ങൾ.

(നാലാങ്കൽ കൃഷ്ണപിള്ള എം. എ. (Hons) എൽ., റി.)

ക്ലാസ്സിനെ ശരിയായി നിയന്ത്രിക്കുന്നതിനും നയിക്കുന്നതിനും ഭരിക്കുന്നതിനുമുള്ള നൈപുണ്യം ഒരു അദ്ധ്യാപകൻെറ വിജയത്തിന് അവശ്യം വേണ്ടതാണ്. ഇതില്ലെങ്കിൽ അദ്ധ്യാപനം പരാജയത്തിൽ പലപ്പോഴും കലാശിക്കുന്നതായിക്കണ്ടുവരുന്നു. വിദ്യാർത്ഥികൾ അയാൾ പറയുന്നതിനെ ശ്രദ്ധിക്കുകയോ, അയാൾ നൽകുന്ന വിജ്ഞാനം കൈക്കൊള്ളുകയോ ചെയ്യുന്നില്ല. അയാളുടെ ബോധനരീതി എത്ര വൈശിഷ്ട്യമുള്ളതാണെങ്കിലും അതു വെറും വനരോദനമായിപ്പരിണമിക്കുന്നു. എന്നാൽ ഒരു അദ്ധ്യാപകൻ ക്ലാസ്സ് നിയന്ത്രണത്തിൽ അതിസമർത്ഥനായതുകൊണ്ട്, അയാൾക്ക് ബാക്കി യോഗ്യതകളൊന്നുമില്ലെങ്കിലും തരക്കേടില്ലെന്നു വിചാരിക്കുന്നതു ശരിയല്ല. എന്തെന്നാൽ അദ്ധ്യാപനത്തിൽ വെറും മൂന്നാംകിടയിൽ നില്ക്കുന്ന ചിലരിൽ ഈ ഗുണം പ്രബലമായി കണ്ടുവെന്നു വരാം. അതേസമയത്തുതന്നെ ബോധനവിഷയത്തിൽ അതിസമർത്ഥന്മാരായിട്ടുള്ളവരിൽ ഈ ഗുണം ലവലേശം കണ്ടില്ലെന്നും വരാം. എന്നാൽ പാണ്ഡിത്യമോ, പരിശീലനമോ, അദ്ധ്യാപകവൃത്തിയിൽ പരിചയമോ തുലോം, ഉണ്ടെങ്കിലും, ആ അദ്ധ്യാപകൻ പറയുന്നതിനെ വിദ്യാർത്ഥികൾ ശ്രദ്ധിക്കുകയോ, അയാളെ വകവെയ്ക്കുകയോ ചെയ്യില്ലെങ്കിൽ, അയാളുടെ മുൻപറഞ്ഞ മൂന്നു യോഗ്യതകളും അജഗളകുചംപോലെ ഉപയോഗശൂന്യമായി

ഭവിക്കുന്നു. തന്മൂലമത്രെ വിദ്യാലയാധികൃതന്മാരും, പൌരലോകവും, ഒരു അദ്ധ്യാപകൻെറ പെരുമയെ, അയാൾക്ക് ക്ലാസ്സ് ഭരിക്കുന്നതിനുള്ള സാമത്ഥ്യം ഒന്നിനെ മാനദണ്ഡമായി കണക്കാക്കുന്നതു്. എല്ലാ അദ്ധ്യാപകന്മാരും വിദ്യാത്ഥികളാലും പൊതുജനങ്ങളാലും ബഹുമാനിതരാകുന്നതിന്ന് ആഗ്രഹിക്കുന്നു; അതു് സ്വാഭാവികവുമാണു്. പൊതുജനങ്ങളുടേയും വിദ്യാത്ഥികളുടേയും മതിപ്പിനെ കരസ്ഥമാക്കിയാൽ, അദ്ധ്യാപകൻെറ ബോധനം ഫലവത്താകാൻ അതു വളരെ സഹായിക്കും. ഒരു അദ്ധ്യാപകൻ എത്ര വിദ്വാനായിരുന്നാലും അയ്യാളെപ്പററി വിദ്യാത്ഥികൾക്കും രക്ഷാകത്താക്കൾക്കും മതിപ്പില്ലെങ്കിൽ അയാളുടെ അദ്ധ്യാപകജീവിതം കഷ്ടാൽകഷ്ടതരംതന്നെ. ഒരു നല്ല അദ്ധ്യാപകൻ എന്നുള്ള പേരു സമാജ്ജിച്ചാൽ അതു് അയാളുടെ ആത്മവിശ്വാസത്തേയും ഉത്സാഹത്തെയും വദ്ധിപ്പിക്കുന്നതിനും അയാളുടെ ബോധനം പരിപൂണ്ണവിജയത്തിൽപ്പരിണമിക്കുന്നതിനും വളരെ സഹായിക്കുന്നു. അതിനാൽ എല്ലാ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളുടെ അനുസരണയേയും ബഹുമാനത്തേയും സമാജ്ജിക്കുന്നതിന് ആഗ്രഹിക്കുന്നു. ചീത്ത അദ്ധ്യാപകൻ എന്ന പേരു കിട്ടണമെന്ന് ആക്കും ആഗ്രഹമില്ല. ഒരു നല്ല അദ്ധ്യാപകൻ എന്ന പ്രശസ്തി ലഭിക്കണമെങ്കിൽ, പൊതുജനങ്ങളുടെ പ്രശംസയ്ക്കും സ്നേഹത്തിനും പാത്രീഭൂതനാകണമെങ്കിൽ, ആ അദ്ധ്യാപകൻ ആദ്യമായിത്തന്നെ ക്ലാസ്സു നിയന്ത്രണത്തിൻെറ ആവശ്യകതയും, മാഹാത്മ്യവും, അതിനുള്ള വഴികളും ആദ്യമേതന്നെ മനസ്സിലാക്കിയിരിക്കുകയും അവ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ ഉററുശ്രമിക്കുകയും ചെയ്യേണ്ടതാണു്.

അദ്ധ്യാപകവൃത്തി കുസുമംനിറഞ്ഞ ഒരു വഴിയല്ല. മററു പല തൊഴിലുകളേ അപേക്ഷിച്ചു്, അതിൽനിന്നും കിട്ടുന്ന ആദായം ലഘുവാണ്. വിദ്യാത്ഥികളെ ഭരിച്ചുകൊണ്ടുപോവുക എന്നുള്ള കൃത്യം, വാസ്തവത്തിൽ ഒരു പോലീസ് ഇൻസ്പെക്ടരുടേയോ, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറയോ ജോലിയേക്കാൾ, അപായകരമല്ലെങ്കിലും, വിഷമകരമാണു്. ഇക്കാലത്തു വിദ്യാത്ഥികളെ ഭയംകൊണ്ടു കീഴടക്കാമെന്നു വിചാരിച്ചാൽ അതു വെറും വ്യാമോഹമാണു്. പൊതുജനങ്ങളുടെ ഇടയിലും അദ്ധ്യാപകനേക്കുറിച്ചുള്ള മതിപ്പു ദിനംപ്രതി കുറഞ്ഞുകുറഞ്ഞുവരുന്നു. തൻെറ കുട്ടി പരീക്ഷയിൽ തോററാൽ അതിനു കാരണഭൂതൻ അദ്ധ്യാപകനത്രേ; തൻെറ കുട്ടി ദുസ്സ്വഭാവിയാണെങ്കിൽ അതിനും കാരണക്കാരൻ അദ്ധ്യാപകൻ. 'ഗുരുഭക്തി' എന്ന വിശിഷ്ടഗുണം വിദ്യാത്ഥികളിലും വിരളപ്രായമായിരിക്കുന്നു. പ്രാചീനകാലങ്ങളിൽ ഗുരു ഈശ്വരനു തുല്യനായി കണ

ക്കാക്കപ്പെട്ടിരുന്നു. എന്നാൽ ഇന്നാകട്ടെ അദ്ധ്യാപകനെ അടി കലശൽ ചെയ്യുക, കൂവുക, ചീത്തപറയുക, മുതലായ കൃത്യങ്ങൾക്കുപോലും അദ്ധ്യേതാക്കൾക്കു യാതൊരു മടിയുമില്ല. ഉഗ്രശാസനക്കാരനായ അദ്ധ്യാപകനെ വിദ്യാർത്ഥികൾക്കു ഇഷ്ടമല്ല. നേരെമറിച്ച് അദ്ധ്യാപകൻ സാധുശീലനാണെന്നു കണ്ടാൽ വിദ്യാത്ഥികൾ അയാളുടെ തലയിൽ കയറും. ഇങ്ങനെ വാസ്തവം തുറന്നു പറയുകയാണെങ്കിൽ, യാഥാത്ഥ്യം ആലോചിച്ചുനോക്കുകയാണെങ്കിൽ, അദ്ധ്യാപകവൃത്തി ഏററവും ദുഷ്കരമാണെന്നും, ഇന്നത്തെ അദ്ധ്യാപകന്മാരിൽ ബഹു ഭൂരിപക്ഷം, ആരുടേയും അനുകമ്പയ്ക്കും സഹതാപത്തിനും വിധേയരാണെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. പുരാതനകാലത്തെ ആദർശസമ്പന്നന്മാരായ ആചാര്യശ്രേഷ്ഠന്മാരോട് ഇന്നത്തെ അദ്ധ്യാപകന്മാരെ ഉപമിക്കുന്നതു് അക്രമമാണ്. എങ്കിലും അദ്ധ്യാപകവൃത്തി വളരെ സുഖകരവും, എളുപ്പവുമായുള്ള ഒരു തൊഴിലാണെന്നു വിചാരിക്കുകയും, പറയുകയും ചെയ്യുന്ന പലരും ഈ ജോലിയുടെ വൈഷമ്യങ്ങൾ നേരിട്ട് അറിയാത്തതുകൊണ്ടാണ് അങ്ങിനെ ചെയ്യുന്നതു്. പാവനവും മഹത്തരവുമായ അദ്ധ്യാപകവൃത്തിയെ പുച്ഛിക്കുന്നതിൽപ്പരം പാപം എന്താണുള്ളതു്?

മേൽ വിവരിച്ച സംഗതികളിൽനിന്നും അദ്ധ്യാപകവൃത്തിയുടെ വൈഷമ്യങ്ങളും, അദ്ധ്യാപകജീവിതവിജയത്തിന് വിദ്യാത്ഥികളെ ഭരിക്കുന്നതിനുള്ള സാമത്ഥ്യത്തിനും ശേഷിക്കും എത്രമാത്രം സ്ഥാനമുണ്ടെന്നുള്ളതും തെളിഞ്ഞിട്ടുണ്ടല്ലൊ. പണ്ഡിതശിരോമണികളായ അസംഖ്യം അദ്ധ്യാപകന്മാരും പരാജയമടയുന്നതിനും, വെറും സാധാരണക്കാരായ പല അദ്ധ്യാപകന്മാരും വിജയശ്രീലാളിതന്മാരാകുന്നതിനും ശരിയായ കാരണം, ക്ലാസ്സ് നിയന്ത്രിക്കുന്നതിന് ആദ്യംപറഞ്ഞ കൂട്ടർക്കുള്ള കെല്പില്ലായ്മയും, രണ്ടാമതുപറഞ്ഞ കൂട്ടർക്ക് മററെല്ലാം കുറവുണ്ടെങ്കിലും, ഈ ഒരു കാര്യത്തിലുള്ള വൈഭവംനിമിത്തവുമാണെന്നു മനസ്സിലായല്ലൊ.

അധുനാതനകാലത്തു് അദ്ധ്യാപകനും വിദ്യാത്ഥിയും തമ്മിലുള്ള ബന്ധത്തിന് (Relation) വലുതായ ഒരു മാററം വന്നിട്ടുണ്ട്. ഇന്നത്തെ അദ്ധ്യാപകൻ അദ്ധ്യേതാക്കൾ താൻപറയുന്നതിനെ കണ്ണുമടച്ചു് അപ്പടി വിശ്വസിക്കണമെന്നും, പ്രവത്തിക്കണമെന്നും ആവശ്യപ്പെടുന്നില്ല. വിദ്യാത്ഥികളെ ഭയപ്പെടുത്തിയും നിർബ്ബന്ധിച്ചും പഠിപ്പിക്കുക എന്നുള്ളതല്ല ഇന്നത്തെ ആദർശം. ഇമ്പകരമായും, സന്തോഷമായും, തന്നെത്താൻ വിജ്ഞാനഭൂമിയിലെ മരതകച്ഛായയിൽക്കൂടി പരിചയിക്കുന്നതിനു മനസ്സി

ലാക്കുകയാണു, സർ ററി. പി. നൺ-ൻെറ (Sir T. P. Nun) അഭിപ്രായത്തിൽ ഇന്നത്തെ അദ്ധ്യാപകൻെറ കൃത്യം. "പ്രോജക്റ്റ് മെതേഡ്" (Project method) "മൊൺടിസോറി സിസ്റ്റം" (Montessori System) മുതലായവ ഇതിനു മകുടോദാഹരണങ്ങളത്രേ. വിനോദത്തിൽക്കൂടി വിജ്ഞാനം സമ്പാദിക്കുന്നതിനു പരിശീലനം നൽകണമെന്നുള്ളതാണു് ഇന്നത്തെ വിദ്യാഭ്യാസാദർശം (The Play way of Teaching.) വേറൊരു രൂപത്തിൽ പറയുകയാണെങ്കിൽ ഇന്നത്തെ അദ്ധ്യാപകൻെറ ഉദ്ദേശം, വിദ്യാത്ഥികളിൽ തന്നെത്താൻ പുതിയ സംഗതികൾ കണ്ടുപിടിക്കുന്നതിനും, തന്നെത്താൻ പഠിക്കുന്നതിനുമുള്ള ശക്തിയെ പരിപോഷിപ്പിക്കുകയും, അചിരേണ അദ്ധ്യാപകൻെറ സഹായംകൂടാതെ പ്രവൎത്തിക്കുന്നതിനു വേണ്ട പരിശീലനം നൽകുകയും ചെയ്യുകയെന്നുള്ളതാണു്. അതിനാൽ ഇന്നത്തെ മാനസികചിന്തകന്മാരുടെ അഭിപ്രായപ്രകാരം, അദ്ധ്യാപകൻ അധികാരഖഡ്ഗം കൈയിലേന്തുന്ന ഒരു അധികാരിയല്ല. പ്രത്യുത വിദ്യാത്ഥികളുടെ ഒരു സഖാവും പുരോഗമനത്തിനുള്ള ചാലുകൾ കാണിക്കുന്ന ഒരു വഴികാട്ടിയും മാത്രമത്രേ. അത്യാവശ്യമുള്ള സന്ദൎഭങ്ങളിൽ മാത്രമേ, അദ്ധ്യാപകൻ വിദ്യാത്ഥികളുടെ ജോലികളിൽ പ്രവേശിക്കാവൂ!

ശരിയായി ക്ലാസ്സ് നയിക്കുകയും ഭരിക്കുകയും ചെയ്യുകയെന്നുള്ളതു് ഒരു വിശിഷ്ടകലയാണു്. ലോകത്തിലെ ഇതരകാൎയ്യങ്ങളിലെന്നപോലെ, അദ്ധ്യാപനലോകത്തിലും തൻെറ കീഴിലുള്ളവരെ അനുസരിപ്പിക്കുകയെന്നുള്ളതു് ഏറെക്കുറെ ജന്മസിദ്ധമായ ഒരു വാസന, അല്ലെങ്കിൽ, ഗുണമാണു്. ചിലക്കു് ഒരൊററനോട്ടത്തിൽ ഒരുവനെ കീഴടക്കാൻ കഴിയും. നെപ്പോളിയൻെറ ചരിത്രം ഈ അവസരത്തിൽ സ്മരണീയമാണു്. ഒററനോട്ടം, ഒരാംഗ്യം, ഒരു വാക്കു് ഇത്രയും കൊണ്ടു് അദ്ദേഹത്തിനു് വലിയ പ്രസംഗം കൊണ്ടു സാധിക്കുന്നതിൽ കൂടുതൽ സംഗതികൾ നേടുന്നതിനു കഴിഞ്ഞിരിക്കുന്നു. ആധുനിക ചരിത്രത്തിലാണെങ്കിൽ മഹാത്മാഗാന്ധി, മുസ്സോളിനി, ഹിററ്ലർ ഇവരും ഇതിനെ തെളിയിക്കുന്നു. തൻെറ കീഴിലുള്ളവരെ നിയന്ത്രിക്കുന്നതിനും ഭരിക്കുന്നതിനും ചിലക്കു് ഒരു പ്രത്യേകപാടവമുണ്ടു്. ചില അദ്ധ്യാപകന്മാരിലും ഈ ഗുണം ഉൽബണമായി കാണുന്നു. കൂടാതെ ഗൗരവവും, ശാന്തതയും പ്രസന്നതയും കളിയാടുന്ന ഒരു മുഖം അദ്ധ്യാപകനുള്ള അനുഗ്രഹങ്ങളിൽ ഒന്നാണു്. ക്ലാസ്സ് നിയന്ത്രണത്തിനു് തക്ക പരിശീലനം കൊടുക്കുകയെന്നുള്ളതു് അത്ര സുകരമായ ഒരു സംഗതിയല്ല. യുവാക്കന്മാരായ പല അദ്ധ്യാപകന്മാരും പരിശീലനം കഴിഞ്ഞു് (ട്രെയിനിംഗ്) ക്ലാസ്സുകളിൽ വരുമ്പോൾ, അവക്കു നിയന്ത്രണവിഷയത്തിലുള്ള

വിഷമതകൾ ചില്ലറയൊന്നുമല്ല. കാളേജുകളിൽനിന്നും, എങ്ങിനെയാണ് ഇതു സാധിക്കേണ്ടതെന്ന് അവൎക്ക് ശരിയായി മനസ്സിലാകുന്നില്ല. അതിനാൽ ഈ വിഷയത്തിൽ അവർ ക്രമത്തിലധികം കുഴങ്ങുന്നു. നല്ല ഹെഡ്മാസ്റ്റർമാരുടെ കീഴിലാണ് അവർ അകപ്പെടുന്നതെങ്കിൽ അതു സ്വല്പമൊരു അനുഗ്രഹമായി. അതിനാൽ ക്ലാസ്സ് നിയന്ത്രണവിഷയത്തിൽ വിഷമമുള്ളവരുടെ ശ്രദ്ധക്കായി താഴെ ചില കാര്യങ്ങൾ വിവരിക്കുന്നു. ഇവ ക്ലാസ്സ് നിയന്ത്രണത്തിനുള്ള ദിവ്യൗഷധങ്ങളാണെന്ന് വിചാരിക്കേണ്ട ഓരോ അദ്ധ്യാപകനും അയാളുടെ പരിതസ്ഥിതികളനുസരിച്ച്, ഇവകളിൽ ചിലതു് പ്രയോഗപദ്ധതിയിൽ വരുത്താവുന്നതാണ്. ശരിയായ ഫലവും ലഭിച്ചേക്കാം.

(1) ആദ്യമായി അദ്ധ്യാപകൻ തന്റെ ക്ലാസിലുള്ള കുട്ടികളെ നല്ല വണ്ണം മനസ്സിലാക്കാൻ ശ്രമിക്കണം. കഴിയുന്നതും വേഗം തന്റെ ക്ലാസ്സിലുള്ള കുട്ടികളുടെ പേർ അറിയണം. ഓരോ കുട്ടികളുടേയും സ്വഭാവവും പ്രത്യേകതകളും ഗ്രഹിക്കാനും യത്നിക്കേണ്ടതാണ്. "കതകിനടുത്തിരിക്കുന്ന കുട്ടി' 'മൂന്നാം ബെഞ്ചിൽ രണ്ടാമതിരിക്കുന്ന ആൾ' 'നീല ഉടുപ്പിട്ടിരിക്കുന്ന കുട്ടി" ഈ വിധത്തിൽ കുട്ടികളുടെ പേരറിയാതെ, അവരെ വിളിക്കുമ്പോൾ അദ്ധ്യാപകന് തങ്ങളെപ്പറ്റി അറിവില്ലെന്നും അതിനാൽ ബഹളം ഉണ്ടാക്കിയാൽ അയാൾ അതു് അറികയില്ലെന്നും വിദ്യാൎത്ഥികൾ വിചാരിക്കുന്നു. ഇതിന്റെ നിവാരണത്തിന്ന് ഉത്തമമായ ഒരു മാൎഗ്ഗം കുട്ടികൾ ഏതെങ്കിലും എഴുതിക്കൊണ്ടിരിക്കുമ്പോൾ അദ്ധ്യാപകൻ ക്ലാസിനു ചുററും നടക്കുകയും ഓരോരുത്തരുടേയും പേരും മററു സ്ഥിതിഗതികളും ചോദിച്ചു മനസ്സിലാക്കുകയും ചെയ്യുന്നതാണെന്നുള്ളതാണ്.

(2) അദ്ധ്യാപകൻ എന്തെങ്കിലും പഠിപ്പിക്കുമ്പോൾ ക്ലാസ്സിനെ പൊതുവെ അഭിസംബോധനം ചെയ്യണം. ഓരോ വിദ്യാൎത്ഥികളുടേയും മുഖത്തു മാറിമാറി നോക്കിയും; വിശിഷ്യ, അവരുടെ കണ്ണുകളിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചും, എല്ലാ ബെഞ്ചുകളിലും ഒരുപോലെ ദൃഷ്ടികൾ പായിച്ചും ശ്രദ്ധപതിപ്പിച്ചും വേണം പഠിപ്പിക്കുവാൻ. അല്ലാതെ പഠിക്കുന്ന നാലൊ അഞ്ചൊ കുട്ടികളിൽ മാത്രം അദ്ധ്യാപകന്റെ ദൃഷ്ടിയും ശ്രദ്ധയും പതിഞ്ഞാൽപ്പോരാ. അദ്ധ്യാപകന്റെ ഗൗരവസമ്മിളിതവും ശക്തിയേറിയതുമായ ഒരു ഒററ നോട്ടത്തിനു വളരെ വലിയ ശക്തിയുണ്ട്. ഈ രഹസ്യം എല്ലാ അദ്ധ്യാപകന്മാരും അറിഞ്ഞിരിക്കേണ്ടതാണ്. പല അദ്ധ്യാപകന്മാരും പരാജയമടയുന്നതിന്റെ കാരണം ധൈൎയ്യമായി കുട്ടികളുടെ മുഖ

ത്തു്, യാതൊരു ക്ഷോഭമോ, ശങ്കയോ കൂടാതെ നോക്കുന്നതിനു് അവക്കു് സാധിക്കായ്കനിമിത്തമാണു്. കുട്ടികൾ അദ്ധ്യാപകനെ നോക്കുമ്പോൾ അയാൾ തന്റെ ദൃഷ്ടികളെ അവരിൽ മാറി മാറി വിക്ഷേപണം ചെയ്യണം. പുസ്തകത്തിലോ, മേശയിലോ നോക്കിയിരുന്നാൽപ്പോരാ; ക്ലാസ്സിന്റെ നടുവിൽനിന്നു് ഓരോ കുട്ടികളുടേയും പ്രവൃത്തി, അദ്ധ്യാപകൻ പഠിപ്പിക്കുമ്പോൾ, നോക്കി അറിഞ്ഞിരിക്കണം. എല്ലാ കുട്ടികളുടേയും പ്രവൃത്തി അയാളുടെ ദൃഷ്ടിയിൽപ്പെട്ടിരിക്കണം. മറ്റൊരാളുടെ ഇടയിൽ മറഞ്ഞിരിക്കുക, അദ്ധ്യാപകന്റെ ദൃഷ്ടിയിൽനിന്നും മറഞ്ഞു ഡസ്കിൽ കിടക്കുക മുതലായവയ്ക്കു് അവരെ സമ്മതിക്കരുതു്. ഓരോരുത്തരേയും അദ്ധ്യാപകന്റെ ദൃഷ്ടികൾ പരിശോധിക്കുന്നുണ്ടെന്നുള്ള ബോധം വിദ്യാത്ഥികൾക്കു് ഉണ്ടാകണം. അപ്പോൾ അവരുടെ അശ്രദ്ധയ്ക്കു വളരെ കുറവുണ്ടാകും. കൂടാതെ ഓരോ ബാലന്മാരുടേയും മുഖത്തു നോക്കിയാൽത്തന്നെ അവർ ക്ലാസ്സിൽ ശ്രദ്ധിക്കുന്നുണ്ടോ, ഇല്ലയോ എന്നുള്ള വിവരം അദ്ധ്യാപകനു ഗ്രഹിക്കുവാൻ കഴിയും.

(3) തന്റെ ക്ലാസ്സ് വളരെ ശാന്തവും, നിശ്ശബ്ദവും, പഠനവിഷയത്തിൽ ശ്രദ്ധയുള്ളതുമായിരിക്കണമെന്നുള്ള ബോധം വിദ്യാത്ഥികളിൽ ജനിപ്പിക്കണം. ആദ്യം ഇതിൽ ചില വിഷമങ്ങൾ കണ്ടേക്കാം. അദ്ധ്യാപകൻ ഭീരുവും, വകക്കു കൊള്ളരുതാത്തവനുമാണെന്നുള്ള അഭിപ്രായം വിദ്യാത്ഥികളിൽ ഒരിക്കലും ഉളവാക്കരുതു്. നല്ല ആത്മവിശ്വാസത്തോടും,ദൃഢചിത്തതയോടും ശാന്തതയോടുംകൂടി വേണം അദ്ധ്യാപകൻ വിദ്യാത്ഥികളുമായി പെരുമാറാൻ. തന്റെ ജോലിയിൽ നല്ല വൈദഗ്ദ്ധ്യവും തഴക്കവുമുണ്ടെന്നുള്ള ബോധം, അഥവാ, ആത്മവിശ്വാസം അദ്ധ്യാപകനുണ്ടായിരിക്കണം. കോപകലുഷനായി കുട്ടികളെ അഭിസംബോധനം ചെയ്യുക, ശിക്ഷിക്കുക, മുൻകോപത്താൽ ആക്ഷേപിക്കുക, ചീത്തപറയുക, മുതലായവ അദ്ധ്യാപകൻ ചെയ്യരുതു്. അയാളുടെ ശബ്ദം ശാന്തവും, മധുരവും സ്വാഭാവികവുമായിരിക്കണം. ശിക്ഷണം നൽകുമ്പോഴും മററും മാത്രമേ ഉഗ്രമായ ശബ്ദത്തിൽ പറയാവൂ. നല്ല കുട്ടികളായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി അദ്ധ്യാപകൻ പ്രസംഗിക്കരുതു്. ക്ലാസ്സിൽ ഒരിക്കലും താമസിച്ചു ചെല്ലരുതു്. മര്യാദ, കൃത്യനിഷ്ഠ, ആത്മസംയമനം ഇവകളുടെ മാതൃകയായിരിക്കണം ഇന്നത്തെ അദ്ധ്യാപകൻ.

(4) താൻ പറയുന്ന ശാസനകൾ (നിർദ്ദേശങ്ങൾ) വിദ്യാത്ഥികൾ ശരിയായി അനുസരിച്ചുകാണാൻ അദ്ധ്യാപകൻ ശ്രമിക്കണം. അവ വ്യക്തമായും വളരെ ചുരുക്കിയും പറയണം. ഓരോ കുട്ടികളോടായി അവ

ആവർത്തിക്കരുതു്. ക്ലാസ്സിൽ അശ്രദ്ധരായിരിക്കുന്നവരുടെ മാത്രം പേരുകൾ വിളിക്കുക. ഒരു ക്ലാസ്സിനെ പൊതുവേ പഴിക്കരുതു്. താൻ നൽകുന്ന ഓരോ ജോലിയും എല്ലാ വിദ്യാൎത്ഥികളും ശ്രദ്ധയോടെ ചെയ്യുന്നുണ്ടോ എന്നു് ഗുരുനാഥൻ ശ്രദ്ധിക്കണം. ഏതെങ്കിലും എഴുതുന്നതിനുള്ള അഭ്യാസങ്ങൾ കൊടുക്കുമ്പോൾ, അവ പരിമിതസമയത്തിൽ എല്ലാവൎക്കും തീൎക്കാൻ കഴിയുന്നതായിരിക്കണം. വിദ്യാൎത്ഥികൾ ഒരിക്കലും അശ്രദ്ധരായിരിക്കുവാൻ അനുവദിക്കരുതു്. അശ്രദ്ധ ഒരിക്കൽ ഇളവുചെയ്താൽ അതു് വേരുറയ്ക്കാൻ ഇടയുണ്ടു്. ഇതു് എല്ലാ ഗുരുക്കന്മാരും ഓൎത്തിരിക്കേണ്ടതാണു്.

(5) കുട്ടികൾ ഒരിക്കലും ക്ലാസ്സിൽ അലസന്മാരായിരിക്കുവാൻ ഇട കൊടുക്കരുതു്. "അലസന്മാരുടെ തല സാത്താന്റെ കേളീരംഗമാണു്" എന്നു് ഇംഗ്ലീഷിൽ ഒരു പഴമൊഴിയുള്ളതു വളരെ സാരവത്താണു്. വിദ്യാൎത്ഥികളിൽ പഠനത്തിനു് താല്പൎയ്യമുളവാക്കിയാൽ അവരിൽ അനുസരണശീലം താനെ ഉണ്ടായിക്കൊള്ളും. അദ്ധ്യാപകൻ ശ്രദ്ധയോടുകൂടി പഠിപ്പിക്കണം. ഇതു ക്ലാസ്സ് നിയന്ത്രണത്തിനുള്ള ഉത്തമോപായങ്ങളിൽ ഒന്നാണു്. "പഠിച്ചവർ പഠിച്ചു; പഠിക്കാത്തവർ പഠിച്ചില്ല; തനിക്കു തന്റെ ശമ്പളം കിട്ടണം" ഇങ്ങനെയുള്ള വിചാരം അദ്ധ്യാപകനിൽ ഒരിക്കലും ഉണ്ടാകരുതു്. താൻ ശരിയായി പഠിപ്പിക്കുന്ന ആളാണെന്നും എല്ലാവരും ശരിക്കു പഠിക്കണമെന്നു താൻ ഉദ്ദേശിക്കുന്നുവെന്നും അദ്ധ്യാപകൻ ആഗ്രഹിക്കുന്നതായി വിദ്യാൎത്ഥികൾക്കു തോന്നണം.

(6) സമ്മാനം, ശിക്ഷ, ഇവ നല്കുന്നതിൽ അദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കണം. സാധാരണയായി അദ്ധ്യാപകന്മാർ കുട്ടികൾ ശരിയായി പഠിച്ചാലും അതു പ്രശംസിക്കുന്നില്ല. പ്രശംസ ജോലിക്കു പ്രേരകവും ഉത്സാഹത്തിനു ദിവ്യൌഷധവുമാണു്. കുട്ടികളോടു സ്നേഹമായി സംസാരിക്കുക, അവരുടെ പുറത്തു് ഒന്നു തലോടുക, ഈ നിസ്സാരമെന്നു വിചാരിക്കുന്ന സംഗതികൾക്കു്, അവരെ അടിപ്പെടുത്തുന്നതിനു പലപ്പോഴും ശക്തിയുണ്ടു്. പ്രശംസയോ, ശാസനയോ ഒരിക്കലും അതിരുകവിയരുതു്. അവ ഇരുവശവും മൂൎച്ചയുള്ള ഖഡ്ഗങ്ങളാണു്. കൂടിയാലും, കുറഞ്ഞാലും നല്ലതല്ല. പ്രശംസയും, ശാസനയും ഇനിയും വേണ്ടതുപോലെ തന്റെ കൈവശമുണ്ടെന്നു വിദ്യാൎത്ഥികൾ ധരിക്കണം. നിവൃത്തിയുണ്ടെങ്കിൽ ശിക്ഷണത്തിനായി വിദ്യാൎത്ഥികളെ ഹെഡ്മാസ്റ്ററുടെ അടുക്കലേയ്ക്കു് അയക്കരുതു്. അതു് അദ്ധ്യാപകൻ സമൎത്ഥനല്ലെന്നു് തന്റെ ക്ലാസിനേയും, ഹെഡ്മാസ്റ്ററേയും തെളിയിച്ചുകാണിക്കുകയാണു ചെയ്യുന്നതു്. തീരെ ഗത്യന്തരമില്ലെങ്കിൽ മാത്രമേ ഹെഡ്മാസ്റ്ററുടെ സഹായം ആവശ്യപ്പെടാവൂ.

(7) വിദ്യാർത്ഥികളെ താൻ അങ്ങിനെ ചെയ്യും, തോല്പിക്കും, ഡിസ്മിസ്സ് ചെയ്യാൻ ശ്രമിക്കും ഈ വിധത്തിലൊന്നും അദ്ധ്യാപകൻ ക്ലാസ്സിൽ പറയരുതു്. പരസ്യമായി ക്ലാസ്സിൽവെച്ച് ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുന്നവിധത്തിൽ വിദ്യാർത്ഥിയെ പരിഹസിക്കരുതു്. ഇപ്രകാരം പറഞ്ഞാൽ അദ്ധ്യാപകനെ എതിർക്കാൻ കുട്ടികൾ പ്രേരിതരായിത്തീരും. ഏതെങ്കിലും ഒരു ശിക്ഷനൽകി, അതു വിദ്യാർത്ഥി അനുസരിച്ചില്ലെങ്കിൽ അതിന്റെ കുറവ് അദ്ധ്യാപകനാണ്. അതു ക്ലാസ്സിൽ, അയാളെക്കുറിച്ചു കുട്ടികൾക്കുള്ള മതിപ്പ് ഇല്ലാതാകുന്നതിനും കൂടുതൽ ലഹളകൾ ഉണ്ടാകുന്നതിന് ഇടം കൊടുക്കും. അദ്ധ്യാപകന്റെ മുൻകോപവും ആരംഭശ്ശൂരത്വവും വിദ്യാർത്ഥികളും പകുത്തുന്നതിന് അതു സഹായിക്കുന്നു. അതിനാൽ ശിക്ഷണവിഷയത്തിൽ അദ്ധ്യാപകൻ വളരെ വിവേകത്തോടും മുൻകരുതലോടുംകൂടിയിരിക്കണം. പല അദ്ധ്യാപകന്മാരുടേയും ക്ലാസ്സിൽ ലഹളകൾ വർദ്ധിക്കുന്നതിന്റെയും അവരെ അടിക്കാനും കല്ലെറിയാനുംമററും അദ്ധ്യേതാക്കൾ ഒരുമ്പെടുന്നതിന്റെയും കാരണം ശിക്ഷണവിഷയത്തിൽ അദ്ധ്യാപകനുള്ള അജ്ഞതയാണ്.

(8) അനുസരണ വിദ്യാർത്ഥികളിൽ ഉണ്ടാക്കണമെന്ന് അദ്ധ്യാപകൻ നിശ്ചയിച്ചാലും നടക്കുകയില്ല. അതിനു മേൽപ്പറഞ്ഞവ കൂടാതെ ഒരു വലിയ പ്രതിബന്ധംകൂടിയുണ്ട്. ഇക്കാലത്തു നിർബ്ബന്ധബുദ്ധിയുള്ളവരും, അദ്ധ്യാപകനെ എതിരിടുന്നതിനും അനുസരിക്കാൻ തയ്യാറില്ലാത്തവരുമായി ചില കുട്ടികളെ കാണ്മാൻ വലിയ വിഷമമില്ല. അങ്ങിനെയുള്ള വിദ്യാർത്ഥികളോട് അദ്ധ്യാപകൻ നയത്തോടും, തന്ത്രത്തോടുംകൂടിവേണം പെരുമാറുവാൻ. അപ്രകാരമുള്ള കുട്ടികളുടെ ആത്മാഭിമാനവും, തന്റേടവും, കുററംചെയ്താലും, അതു സമ്മതിക്കുന്നതിന് അവരെ അനുവദിക്കയില്ല. അവരെ ഭയപ്പെടുത്തി വരുതിയിൽ വരുത്തുവാൻ ചിലപ്പോൾ സാധിച്ചേക്കാം. എന്നാൽ പലപ്പോഴും അതു് അദ്ധ്യാപകന്റെ പരാജയത്തിനും ഇടംകൊടുത്തേക്കാം. ഇതിൽ രണ്ടാമതുപറഞ്ഞതാണ് ഇന്നത്തെ പരിതസ്ഥിതിക്കു് കൂടുതൽ സംഭാവ്യം. അപ്രകാരമുള്ള കുട്ടികളുമായി അദ്ധ്യാപകൻ ക്ലാസ്സുകളിൽവെച്ചു വാഗ്വാദത്തിന് ഒരുമ്പെടരുതു്. ക്ലാസ്സു കഴിയുമ്പോൾ അവരെ വിളിച്ച് അവർ ചെയ്തതു തെററാണെന്നു് അവരെ മനസ്സിലാക്കുകയാണു നയജ്ഞനായ അദ്ധ്യാപകൻ ചെയ്യേണ്ടതു്.

ക്ലാസ്സ് നിയന്ത്രണത്തിനുള്ള ഏതാനും മാർഗ്ഗങ്ങളാണു മേൽ നിർദ്ദേശിച്ചിട്ടുള്ളതു്. ചുരുക്കംചിലർ ജന്മനാ അദ്ധ്യാപകവൃത്തിക്കു പററിയവരാണ്. അദ്ധ്യാപകവൃത്തിയിൽ ആദ്യം പ്രവേശിക്കുന്നവർക്കു തങ്ങ

ങ്ങളുടെ സ്കൂളിൽ അപ്രകാരമുള്ള അദ്ധ്യാപകന്മാരുമായുള്ള സാഹചര്യവും അവരുടെ ഉപദേശങ്ങളും വിലമതിക്കാൻ സാധിക്കാത്ത വിജയോപകരണങ്ങളാണു്. അതുപോലെ തന്നെ അദ്ധ്യേതാക്കളുടെ രക്ഷകർത്താക്കന്മാരുമായി കഴിയുന്നത്ര പരിചയം സമ്പാദിക്കണം. ഹെഡ്മാസ്റ്ററുടേയും പ്രീതിബഹുമാനങ്ങൾ കരസ്ഥമാക്കണം. ഇത്രയുമൊക്കെ സാധിച്ചാൽ ഒരു സാധാരണ അദ്ധ്യാപകനു ദുഷ്കരവും കണ്ടകസമ്പൂർണ്ണവുമായ അദ്ധ്യാപകവൃത്തി എന്ന പന്ഥാവു് ഏറക്കുറെ വിജയകരമായിക്കഴിക്കുവാൻ സാധിക്കുമെന്നുള്ള വിനീതാഭിപ്രായത്തോടേ കേവലം സുദീർഘമായ ഈ ഉപന്യാസം ഉപസംഹരിച്ചുകൊള്ളുന്നു.

# * ഇച്ഛകൾ ഈശ്വരനിലേയ്ക്കു്

( വിദ്വാൻ കുട്ടൂർ പി. കൃഷ്ണപ്പണിക്കർ. )

'ക്രോധം പരിത്യജിക്കേണം ബുധജനം'

( രാമായണം )

ആദ്ധ്യാത്മികമാർഗ്ഗങ്ങളിൽ നമ്മേ അഭിമുഖീകരിക്കുന്ന രണ്ടു ശത്രുക്കൾ കാമവും കോപവുമാകുന്നു. അതുകൊണ്ടു് ഏതുവിധത്തിലും അവയേ നിരോധിക്കയും നിയന്ത്രിക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. നാം എന്തുകൊണ്ടു കോപാവിഷ്ടന്മാരായിത്തീരുന്നു? നമ്മുടെ ആഹ്ലാദഹേതുകമായ കാര്യങ്ങൾക്കോ നമ്മുടെ ഉദ്ദേശ്യങ്ങൾക്കോ എതിരായി എന്തെങ്കിലും വന്നുചേരുന്നതു മാത്രമാണു നമ്മുടെ കോപഹേതുവെന്നു് അല്പമാലോചിച്ചാൽ അറിയാം. നമ്മുടെ അഹംബുദ്ധിയും വ്യക്തിമാഹാത്മ്യത്തിലുള്ള സീമാതീതമായ ഇന്ദ്രിയബോധവും കോപത്തോടു് ഏററവും അടുത്തു ബന്ധപ്പെട്ടിരിക്കുന്നതായിക്കാണുന്നു. അഹംബുദ്ധിയേക്കുറിച്ചുള്ള അതിരുകടന്ന ഇന്ദ്രിയബോധവും മാനസികമോ ശാരീരികമോ ആയ സുഖാനുഭവത്തിനുവേണ്ടിയുള്ള ആർത്തിയുംകൂടാതെ ക്രോധം നമ്മുടെ ഹൃദയത്തിൽ ഉദിക്കപോലും ചെയ്യുകയില്ല. ചുരുക്കത്തിൽ പറഞ്ഞാൽ അഹംബുദ്ധിയും

* ഉൽകൃഷ്ടനായ ഒരു ചിന്തകൻെറ അഭിപ്രായങ്ങൾ സംഗ്രഹിച്ചു പരിഭാഷപ്പെടുത്തിയതു്.

അനുഭോഗത്തിനുള്ള ആർത്തിയുമാണു നമ്മുടെ കോപകാരണമെന്നു വ്യക്തമാകുന്നു. സുഖാനുഭോഗങ്ങളിൽ അത്യാർത്തികൂടാതെയിരിക്കുമെങ്കിൽ പ്രത്യുപകാരം പ്രതീക്ഷിക്കാതെ പ്രവർത്തിക്കയും കൊടുക്കയും ചെയ്യുമെങ്കിൽ, ആരിൽനിന്നും യാതൊന്നും ആശിക്കാതിരിക്കുമെങ്കിൽ, എന്നുവേണ്ട സകല പ്രതീക്ഷകളും നിരസിക്കുമെങ്കിൽ അങ്ങനെയുള്ള ഹൃദയത്തിൽ കോപോദയം അസാദ്ധ്യമാണെന്നു തീർത്തുപറയാം. മൂഢത കോപഹേതുക്കളിൽ ഒന്നാണെന്നുള്ള കാര്യവും സ്മരണീയമാകുന്നു.

ആഗ്രഹങ്ങളിൽനിന്നു മുക്തനാകുന്നപക്ഷം കോപാദിവികാരങ്ങളെ ജയിക്കാൻ കഴിയുമെന്ന് ഇത്രയുംപറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ആഗ്രഹങ്ങളുടെ ദൂഷിച്ച ഫലങ്ങളെക്കുറിച്ചു തികഞ്ഞ അറിവുള്ള ആളിനുപോലും അവയിൽനിന്നു രക്ഷപ്പെടുന്നതിനു കഴിയാതെയുമിരിക്കുന്നു. ആ സ്ഥിതിക്ക് എങ്ങനെയാണ്, ഏതുമാർഗ്ഗത്തിലൂടെയാണ് മേൽപ്പറഞ്ഞ ദൂഷ്യങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനു നാം പരിശീലിക്കേണ്ടതു്. നമ്മുടെ സകല വാഞ്ഛകളും പ്രത്യക്ഷമായോ പരോക്ഷമായോ ദൈവികമായ ബന്ധമുള്ളതായിതീരുവാൻ നാം ശ്രമിക്കണം. ഇന്ദ്രിയപരമായ അഭിവാഞ്ഛകളേയും പ്രലോഭനങ്ങളേയും വിവിധവികാരശ്രേണികളേയും ഈശ്വരാഭിമുഖമാക്കിതീർക്കുന്നതിനാണു നാം യത്നിക്കേണ്ടതു്. സൂക്ഷ്മവും സുദൃഢവുമായ ഒരു സമ്മതം ഇതിൽ നമുക്കുണ്ടാകേണ്ടതത്യാവശ്യമാകുന്നു. എങ്ങനെയാണ് ഇന്ദ്രിയങ്ങൾ ഈശ്വരനിലേയ്ക്കു തിരിച്ചുവിടേണ്ടതെന്ന് ഏതാനും ഉദാഹരണങ്ങളാൽ വ്യക്തമാക്കാം. മനോഹരമായ ഗാനമാധുരി ആസ്വദിക്കുന്നതിന് അമിതമായ ഒരാഗ്രഹം നമുക്കുണ്ടെന്നു വിചാരിക്കുക. അപ്പോൾ, ഭക്തിമയങ്ങളും പാവനങ്ങളുമായ കീർത്തനങ്ങൾ കേൾക്കുവാൻ സൗകര്യം ഉണ്ടാക്കണം. അതുപോലെതന്നെ നമ്മുടെ കലാബോധവും കലാസ്വാദനതാല്പര്യവും നമ്മിൽ പ്രബലമായി പ്രവർത്തിക്കുന്നുണ്ടെന്നിരിക്കട്ടെ. അപ്പോൾ നാം കലകൾക്കു ദിവ്യമായ ഒരാകൃതി സങ്കല്പിക്കയും അവ ദൈവിക സൗധത്തിലേയ്ക്കു കയറിപ്പോകുന്നതിനുള്ള ചവിട്ടുപടികളായി ഗണിക്കുകയും ചെയ്യേണ്ടതാകുന്നു. പുഷ്പങ്ങളുടെ പരിമളത്തേയും ലാവണ്യത്തേയും അധികം ഇഷ്ടപ്പെടുന്നവരും അവയുടെ മാധുര്യം ആസ്വദിച്ചാനന്ദിക്കുന്നതിൽ അതീവതല്പരന്മാരുമാണ് നാം എന്നു കരുതുക. ലാവണ്യകേന്ദ്രമായ ആ പുഷ്പരാശികൾ ഇറുത്തെടുത്തു സർവ്വേശ്വരപാദങ്ങളിൽ അർപ്പിക്കുവാനോ അവയേ നമ്മുടെ ഇഷ്ടദേവതയുടെ മുമ്പിൽ വിചിത്രമായി അലങ്കരിക്കുവാനോ നമുക്കു സാധിക്കുന്ന കാര്യമല്ലയോ? ഞാൻ ഒരു ഉദാഹരണംകൂടി പറയാം.

നമ്മുടെ ഹൃദയത്തിൽ ആരെപ്പററിയെങ്കിലും കൂടുതലായ സ്നേഹമോ ബഹുമാനമോ ഉല്പന്നമാകുന്നുവെന്നിരിക്കട്ടെ; മറെറാരാളിൻെറ സൗന്ദൎയ്യമോ അനന്യസാധാരണമായ ഗുണഗണങ്ങളോ നമ്മുടെ ഹൃദയത്തെ ആകൎഷിക്കുമ്പോൾ നാം എന്താണു ചെയ്യേണ്ടതു്. ആ ആകൎഷണത്തിൻെറയും, സ്നേഹത്തിൻെറയും തന്നിലൗകികച്ഛായയേ മാററുന്നതിനു നാം ഹൃദയപൂൎവ്വം ശ്രമിക്കണം. ആ സ്ത്രീയോടോ, പുരുഷനോടോ നമുക്കു തോന്നുന്ന പ്രത്യേകതകൾ ഈശ്വരനിലെന്നവണ്ണം ഭാവിക്കയും ദേവിയുടെയോ ദേവൻെറയോ സന്നിധിയിലെന്നപോലെ അവരുടെ സാമീപ്യത്തിൽ ഭയഭക്തിവിശ്വാസങ്ങൾ പ്രദൎശിപ്പിക്കയും ചെയ്യേണ്ടതാകുന്നു.

മേൽപറഞ്ഞപ്രകാരമുള്ള പരിശീലനം, തുടൎന്നുകൊണ്ടിരുന്നാൽ, അതു മഹത്തായ ഒരു ആത്മസംയമനത്തിൻെറ ഘടകങ്ങളായും നമ്മുടെ മഹത്തായ ജീവിതോദ്ദേശ്യത്തിൻെറ സംപൂൎണ്ണതയിലേക്കു് പ്രാതിനിധ്യം വഹിക്കുന്നതായും ക്രമേണ നമുക്കു് അനുഭവപ്പെടുന്നതാണു്. അതു് നമ്മുടെ ഭൗതികങ്ങളായ ആഗ്രഹങ്ങളെ നിൎമാൎജ്ജനം ചെയ്യുന്നതായും നമ്മുടെ ജീവിതത്തെ ഉത്തരോത്തരം പരിശുദ്ധമാക്കിത്തീൎക്കുന്നതായും നമുക്കു ബോദ്ധ്യപ്പെടാതിരിക്കയില്ല. കോപാദി വികാരങ്ങളിൽ നിന്നു് നമുക്കു് രക്ഷപെടുവാനുള്ള ഒരു പ്രായോഗികമാൎഗ്ഗമാണെന്നുള്ളതു് നിസ്സംശയമാകുന്നു: എന്നാൽ ഇവിടെപ്പോലും അന്ത്യമായ ലക്ഷ്യം ആഗ്രഹങ്ങളിൽനിന്നു വേർപെടുന്നതിനുള്ള വാഞ്ഛയും ഈശ്വരസാക്ഷാൽക്കാരത്തിലേയ്ക്കുള്ള പ്രചോദനവും ആണെന്നുള്ളതു് വിസ്മരിച്ചുകൂടാ.

ആ ശരവ്യത്തിലേയ്ക്കു് ചെല്ലാനുള്ള ചവിട്ടുപടി ഈശ്വരസേവയല്ലാതെ മറെറന്താണു്? അതുകൊണ്ടു് നമ്മുടെ സകല വികാരങ്ങളേയും ഈശ്വരാഭിമുഖമാക്കി തീൎക്കാൻ ശ്രമിക്കുക. സത്വരമോ സാവധാനമോ നാം മഹത്തായ സംതൃപ്തിയുടേയും സമാധാനത്തിൻെറയും പരമോന്നതിയിൽ എത്തുകതന്നെ ചെയ്യും നിശ്ചയം. ഈ വിധമുള്ള പരിശീലനം വിദ്യാഭ്യാസലോകത്തിനു് ആദരണീയമാണെന്നു് ഞാൻ വിശ്വസിക്കുന്നു.

# ജപ്പാനിലെ വിദ്യാഭ്യാസം.

( എസ്സ്. എൻ. )

രാഷ്ട്രീയചിന്തകന്മാർ, വ്യവസായികൾ മുതലായ സകലരുടേയും ശ്രദ്ധയ്ക്ക് ഇന്ന് വിഷയീഭവിച്ചിട്ടുള്ള ഒരു സാമ്രാജ്യമാണ് ജപ്പാൻ. പെട്ടെന്നുള്ള ജപ്പാന്റെ ഉല്ക്കർഷം പാശ്ചാത്യശക്തികളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അല്ല അന്ധാളിപ്പിച്ചിരിക്കുന്നു. ജപ്പാന്റെ ഈ ഉൽക്കർഷത്തിനുള്ള കാരണമെന്താണ്? ഈ ചോദ്യത്തിന് പലരും പല സമാധാനം നൽകും. രാഷ്ട്രീയപക്ഷപാതികൾ ജപ്പാന്റെ രാഷ്ട്രീയഘടനയിലൊ നയോപായചതുരതയിലൊ ആയിരിക്കും അതിന്റെ നിദാനം കാണുക. വ്യവസായികൾ ഒരുപക്ഷെ അവരുടെ വ്യവസായസാമർത്ഥ്യമായിരിക്കും കാരണമായി പറയുക. വിദ്യാഭ്യാസ പ്രവർത്തകന്മാർ ഒരുപക്ഷെ അവരുടെ വിദ്യാഭ്യാസപദ്ധതിക്കായിരിക്കും അതിനുള്ള സകല അവകാശങ്ങളും നൽകുക. എന്തായാലും അവരുടെ വിദ്യാഭ്യാസപദ്ധതി നമ്മുടെ സവിശേഷശ്രദ്ധയെ ആകർഷിക്കുന്നതാണ്.

ഒരു രാഷ്ട്രവും വിദ്യാഭ്യാസത്തിൽനിന്നു വലിയ സിദ്ധികളെ ആശിക്കുന്നില്ല. അതിനു പക്ഷേ കാരണവും കാണും. ജപ്പാനെ സൃഷ്ടിച്ചതു് അവരുടെ വിദ്യാഭ്യാസമാണെന്നു പറയാം. വിദ്യാഭ്യാസംകൊണ്ടു് ജപ്പാൻ മററു രാഷ്ട്രങ്ങളെ കവച്ചുവയ്ക്കുന്ന ഒരു സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുന്നു. ഒരു ശതവർഷം കൂടി കഴിയുമ്പോൾ അവിടന്നും കടന്നുപോയേക്കാൻ വഴിയുണ്ടു്. ജപ്പാൻകാർ അവരുടെ ഭാവി സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണ്. ആ ഭാവിലക്ഷ്യം എന്തെന്ന് ഇതുവരെ ആർക്കും അറിവാൻ കഴിഞ്ഞിട്ടില്ല. ആ ലക്ഷ്യപ്രാപ്തിക്ക് വിദ്യാഭ്യാസം അതിന്റെ പരമകാഷ്ഠയിൽ ആവശ്യമാണ്. അതുകൊണ്ടു് ഇന്നോവരെ ചരിത്രത്തിൽ അറിയപ്പെട്ടിട്ടില്ലാത്ത വീറോടും ഊർജ്ജിതത്തോടും സ്ഥൈര്യത്തോടും കൂടിയാണ് ജപ്പാൻകാർ അവരുടെ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിയിരിക്കുന്നതു്.

ജപ്പാന്റെ വിദ്യാഭ്യാസപദ്ധതി ആർക്കും അത്ഭുതം ജനിപ്പിക്കുന്നതാണ്. ഈ പദ്ധതിയിൽ എല്ലാ ലോകവിജ്ഞാനശാഖകളും ഉൾപ്പെടുന്നു. ഇങ്ങനെ സർവ്വവിജ്ഞാനശാഖകളേയും ഉൾക്കൊള്ളുന്ന ഒരു പാഠപദ്ധതിയെ ആദ്യമായി അംഗീകരിച്ച രാഷ്ട്രം ജപ്പാനാണ്. പാശ്ചാത്യർക്കും പൗരസ്ത്യർക്കും വശമായിട്ടുള്ള സർവ്വവിധവിജ്ഞാനവും കരസ്ഥമാക്കാനാണു ജപ്പാന്റെ മനഃപൂർവ്വശ്രമം. പാശ്ചാത്യരെ പൗരസ്ത്യർക്കും പൗരസ്ത്യരെ പാശ്ചാത്യർക്കും ജപ്പാൻകാർ മനസ്സിലാക്കിക്കൊടുക്കും. ജപ്പാൻ ഒരു പൗരസ്ത്യശക്തിയോ പാശ്ചാത്യശക്തിയോ ആയിരിക്കുകയില്ല. ഒരു ലോകശക്തിയായിരിക്കും.

പള്ളിക്കൂടത്തിൽപോകാൻ പ്രായമുള്ള വിദ്യാൎത്ഥികളിൽ 99½ ശതമാനവും ജപ്പാനിൽ വിദ്യയഭ്യസിക്കുന്നു. ഇത്രത്തോളം സാക്ഷരത്വം ഉണ്ടെന്നു് അഭിമാനിക്കാൻ ലോകത്തിലെ ഒരു രാഷ്ട്രത്തിനും സാദ്ധ്യമല്ല. ജനസംഖ്യയും സമ്പൽസ്ഥിതിയും അനുസരിച്ചു നോക്കുമ്പോഴം വിദ്യാഭ്യാസത്തിനുവേണ്ടി ഇത്രത്തോളം ധനവ്യയം ചെയ്യുന്ന ഒരു രാജ്യവും ഇല്ല തന്നെ. അതുകൊണ്ടുള്ള പ്രയോജനമോ? അനേക ശതവർഷങ്ങളിലെ ബുദ്ധിജ്ഞാനശേഖരവും കേവലം വൈദേശികങ്ങളായ സംസ്കാരവിശേഷങ്ങളും ഇത്ര വേഗത്തിൽ സ്വായത്തമാക്കിയ ഒരു രാഷ്ട്രവും വേറെയില്ല.

ഒരു വ്യത്യാസമുണ്ടു്. ജപ്പാൻകാർ ഒരിക്കലും അനുകരണഭ്രമക്കാരല്ല. എല്ലാത്തിനേയും അവർ സ്വാത്മാംശമാക്കും. എന്തെങ്കിലും ഒന്നു കണ്ടാൽ അതു അങ്ങനെതന്നെ അവർ പകൎത്തുകയില്ല്. തങ്ങളുടെ നാട്ടിനും ആളുകളുടെ സ്വഭാവത്തിനും യോജിച്ചതരത്തിൽ അവർ അതിനെ "ജപ്പാനീകരിച്ചു" പുതുമയേറിയതും കൂടുതൽ ഉപയോഗയോഗ്യവുമാക്കിതീൎക്കും.

ജപ്പാനിലെ വിദ്യാഭ്യാസരീതി വളരെ ലഘുവായതാണെന്നു് ആരും വിചാരിച്ചുപോകരുതു്. അവിടത്തെ പബ്ലിക്‌സ്കൂൾരീതി അനുസരിച്ചു് ഒരാഴ്ചയിൽ 6 വിദ്യാലയദിനങ്ങൾ ഉണ്ടു്. അമേരിക്കയിലും യൂറോപ്പിലും സാധാരണ ഒരു വൎഷത്തിൽ ഏകദേശം ശരാശരി 150 സാദ്ധ്യായദിവസങ്ങളേ ഉള്ളു. ജപ്പാനിൽ സാദ്ധ്യായദിവസങ്ങൾ ഒരു കൊല്ലത്തിൽ 220 മുതൽ 240 വരെ കാണും. വേനൽക്കാലത്തെ ഒഴിവുദിനങ്ങൾ സാധാരണ 4 മുതൽ ആറുവരെ ആഴ്ചകളായിരിക്കും. പ്രാഥമികവിദ്യാഭ്യാസത്തിനു് ആറും മിഡിൽസ്കൂൾ വിദ്യാഭ്യാസത്തിനു് അഞ്ചും ഹൈസ്കൂൾവിദ്യാഭ്യസത്തിനു മൂന്നും സൎവ്വകലാശാലവിദ്യാഭ്യാസത്തിനു് മൂന്നുംക്കൂടി ആകെ 17 കൊല്ലമാണു വിദ്യാഭ്യാസകാലം. വാസ്തവം പറഞ്ഞാൽ പരീക്ഷകൾ എല്ലാം വളരെ കട്ടപ്പമേറിയവയാണു്. അതുകൊണ്ടു് പതിനേഴകൊല്ലംകൊണ്ടു മാത്രം ഈ വിദ്യാഭ്യാസകാലം അവസാനിപ്പിക്കുന്നവനെ ഒരതിമാനുഷനായി തന്നെ ഗണിക്കണം. സാധാരണ മൂന്നും നാലും തവണ ഒരു പരീക്ഷയ്ക്കു് ഇരുന്നാലാണു അടുത്ത സ്കൂളിലേയ്ക്കു കയററം കിട്ടുക. അധികംഭാഗം കുട്ടികൾക്കും ഒരു ബിരുദം നേടാൻ സാധ്യമല്ല. അങ്ങനെ സമ്പാദിക്കുന്ന വല്ലവരുമുണ്ടെങ്കിൽ അവൎക്കു് 25-മുതൽ 30-വരെ വയസ്സു പ്രായവും കാണും!

പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാണു്. ഉയൎന്നവിദ്യാഭ്യാസം അങ്ങനെ ഒട്ടല്ലതാനും. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞവരിൽ ഏക

ദേശം 10 ശതമാനമേ മിഡിൽസ്കൂളുകളിൽ ചേരുകയൊള്ളൂ. അവിടം കഴിഞ്ഞു ഹൈസ്കൂളിൽ പ്രവേശിക്കാൻ വിഷമം കുറച്ചൊന്നുമല്ല. മിഡിൽസ്കൂൾ വിദ്യാഭ്യാസാവസാനത്തിൽ ഹൈസ്കൂൾ വിദ്യാലയപ്രവേശനപരീക്ഷയ്ക്ക് എഴുതുന്ന വിദ്യാർത്ഥികൾക്കു തങ്ങളിൽ 14 പേരിൽ ഒരാൾക്കു മാത്രമേ അവിടം കടന്നുകൂടുവാൻ സാധ്യമാകയൊള്ളുവെന്ന് അറിയാം. അതായതു് 7 ശതമാനത്തിനു മാത്രം. ഹൈസ്ക്കൂൾവിദ്യാഭ്യാസവും കഴിഞ്ഞു് കാളേജുകളിൽ ചെല്ലുമ്പോൾ അതിൽതന്നെ മൂന്നിലൊന്നിനു മാത്രമേ കാളേജുകളിൽ കയറുവാൻ ഭാഗ്യമുള്ളൂ. അതായതു് പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന 3000 വിദ്യാർത്ഥികളിൽ 7 പേർ മാത്രം സർവ്വകലാശാലയിൽ എത്തുന്നു!

ജപ്പാൻവിദ്യാർത്ഥികൾക്കു ഏററവും വിഷമതയുള്ള പാഠം സ്വന്തം ഭാഷതന്നെയാണ്. ജപ്പാൻഭാഷ പഠിക്കുവാനുള്ള വിഷമത്തിനു പുറമെ ചീനഭാഷകൂടി പഠിക്കണം. ഇന്നത്തെ ജപ്പാൻഭാഷയിൽ അരലക്ഷം ചീനലിപികൾ ഉണ്ടുപോലും! പ്രാഥമികവിദ്യാലയത്തിലെ ഒരു വിദ്യാർത്ഥി ജപ്പാൻഭാഷ പഠിക്കുന്നതിന് ഒരാഴ്ചയിൽ വിദ്യാലയത്തിൽവച്ചു 7-ം വീട്ടിൽ വച്ചു 7-ം വീതം ആകെ 14 മണിക്കൂർവീതം ആറുകൊല്ലം ക്ലേശിക്കണം! ഇത്രയും കാലം കഴിഞ്ഞാൽ അയാൾ ഏകദേശം 3000 ചീനലിപികൾ മാത്രം വശമാക്കിക്കാണും. ആകെ ഓരോ ലിപിക്കും അഞ്ചോ ആറോ അർത്ഥവും കാണും. ഇപ്പോൾ അയാൾക്കു കഷ്ടിച്ചു ഒരു വർത്തമാനപ്പത്രം വായിക്കാം. ഒരു മാസികയൊ പുസ്തകമൊ വായിക്കാൻ വെറും വീട്ടുഭാഷയിൽ എഴുതിയതല്ലെങ്കിൽ അയാൾക്കിനിയും സാധിക്കുകയില്ല.

വിദേശഭാഷകൾ പഠിക്കുക എന്നുള്ളതും ജപ്പാൻവിദ്യാർത്ഥിക്ക് വളരെ പ്രയാസമേറിയ ഒരു ജോലിയാണ്. ഒരു ഭാഷയ്ക്കും ജപ്പാൻ ഭാഷയുമായി യാതൊരു ബന്ധവുമില്ല. അതാണു ആ വിഷമത്തിനുള്ള കാരണം. പക്ഷെ എന്നാലും നിവൃത്തിയില്ല. അയാൾ ധാരാളം വിദേശ ഭാഷകളും പഠിക്കണം. പക്ഷെ സാധാരണ പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ സാങ്കേതികരീതിയിൽ പഠിച്ചിട്ടാവശ്യമില്ല. എന്നാലും സംഭാഷണത്തിലും എഴുത്തുകുത്തിലും നിത്യവും ഉപയോഗിക്കുവാൻ വേണ്ടിടത്തോളം പഠിക്കണം. വ്യവസായികൾക്കു വ്യവസായികളുടെ ഭാഷ അറിയാറാകണം. വിദേശികളുടെ ഭാഷയും ആവശ്യങ്ങളും അറിയാവുന്നവർക്കു മാത്രമെ അവരുമായി കച്ചവടം ചെയ്യാൻ സാധിക്കുകയൊള്ളൂ.

സർവ്വവിധ ലൌകികസിദ്ധികളും കൈവരുത്തുക എന്നുള്ളതു് ക്ഷിപ്രസാദ്ധ്യമല്ല. അതുകൊണ്ടു് ആ സാഹസപ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജപ്പാൻകാൎക്കു് ചില ദുരന്തഫലങ്ങളും അനുഭവിക്കേണ്ടിവരുന്നുണ്ടു്. വിദ്യാഭ്യാസകാലത്തു് ശാരീരികവും മാനസികവുമായ ക്ലേശങ്ങൾകൊണ്ടു് ആരോഗ്യം നശിച്ചവർ അവിടെ ധാരാളമാണു്. വിദ്യാഭ്യാസകാലത്തെ ദുർവ്വഹമായ ക്ലേശഭാരംകൊണ്ടു് ക്ഷയരോഗംപോലും ബാധിച്ച വിദ്യാൎത്ഥികൾ അകാലചരമമടയുന്നു. ചിലർ ആത്മഹത്യയ്ക്കുപോലും സന്നദ്ധരാകുന്നു. യൂറോപ്പ്യൻ രാജ്യങ്ങളിലൊ അമേരിക്കയിലൊ ഉള്ള വിദ്യാൎത്ഥികളിൽ ആരും തന്നെ പരീക്ഷയിൽ തോററാൽ ആത്മഹത്യയ്ക്കു് ഒരുമ്പെടുന്നവരുണ്ടാകയില്ല. ജപ്പാനിലെ സ്ഥിതിയതല്ല. വിദ്യാഭ്യാസമെന്നതാണു് ജപ്പാൻകാരൻെറ സർവ്വസ്വവും. അതാണു് അവൎക്കു സർവ്വപ്രാധാന്യമർഹിക്കുന്ന വിഷയവും. ഒരു വിദ്യാൎത്ഥിയെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു അവൻെറ മാതാപിതാക്കന്മാർ സഹിക്കുന്ന ധനസംബന്ധമായ ക്ലേശങ്ങൾ നിരവധിയാണു്. വിദ്യാൎത്ഥിവേതനങ്ങൾ ജപ്പാനിൽ ഇല്ലതന്നെ. ആ സ്ഥിതിക്കു് അവർ തുടരെത്തുടരെ പരാജിതരായാലുള്ള സ്ഥിതി എന്താണു്. ആ അപമാനം അയാൾക്കു സഹ്യമല്ല. ഒരുവൎഷത്തിൽ വിദ്യാൎത്ഥികളുടെ ആത്മഹത്യ മൂവ്വായിരത്തോളം വരും! ഈ ക്ലേശങ്ങളെല്ലാംകൊണ്ടു് സത്വക്ഷയംവരാത്ത വിദ്യാർത്ഥികൾ യഥാൎത്ഥമനുഷ്യരായി തീരുന്നു. വിദ്യാഭ്യാസം സിദ്ധിച്ച ഒരു ജപ്പാൻകാരൻെറ മനസ്സും ബുദ്ധിയും അത്യന്തം നിശിതവും സൂക്ഷ്മവുമാണു്. ഏതു വിഷമപ്രശ്നങ്ങളേയും നേരിടുന്നതിനും അവയെ വിജയപൂർവ്വം തരണം ചെയ്യുന്നതിനും അവ സമൎത്ഥങ്ങളാണു്. ഏതു പ്രശ്നത്തേയും അഭിമുഖീകരിക്കുന്നതു് അവർ അമാനുഷികമായ അഭിനിവേശത്തോടു കൂടിയാണു്. അക്ഷീണമായി നിരന്തരം പരിശ്രമിക്കുന്നതിനു അവർ സുശിക്ഷിതരുമത്രെ.

വിദ്യാർത്ഥികൾക്കു് ഒന്നാംതരം കായികശിക്ഷണവും ലഭിക്കുന്നുണ്ടു്. ഹോസ്റ്റലുകളിലെ ജീവിതം ഒരുമാതിരി സന്യാസികളുടേതാണു്. മുറികൾ വളരെ തണുപ്പുള്ളവയാണു്. ആഹാരമാണെങ്കിൽ വളരെ ലഘുവും. വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർ എത്രതന്നെ ധനികന്മാരായാലും അവർ അദ്ധ്യാപകന്മാരുടെ ലഘുജീവിതത്തിൽ പങ്കുകൊള്ളണമെന്നാണു വയ്പു്. ജപ്പാനിലെ ഒരദ്ധ്യാപകൻെറ ശരാശരി ശമ്പളം 60· 40 യെൻ ആണു്. അതായതു് ഏകദേശം 90 രൂപ മാത്രം. സ്വതേതന്നെ ഹ്രസ്വകായരായ ജപ്പാൻകാരുടെ ഉയരം കായികാഭ്യാസത്തിൻെറ ശക്തിയാൽ കഴിഞ്ഞ 30 വൎഷംകൊണ്ടു് ഒരിഞ്ചുവീതം കൂടിയിട്ടുണ്ടു്. ഏതു തണുപ്പും

ഏതു ചൂടും സഹിക്കുന്നതിനു ശക്തിയുള്ള ശരീരങ്ങൾ നിർമ്മിക്കുന്നതിനാണു ജപ്പാൻകാരുടെ ശ്രമം. ജുജുററ്സു എന്ന ഒരു ഗുസ്തിമുറ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നുണ്ട്. തണുപ്പുകാലത്തു രാവിലെ 4 മണിക്കും വേനൽക്കാലത്തു് ഉച്ചയ്ക്കുമാണു് ഈ ക്ലാസ്സുകൾ നടത്തുന്നതു്. സൈനിക പരിശീലനം എല്ലാ വിദ്യാലയങ്ങളിലും നിർബന്ധിതമാണു്. അമേരിക്കയിലുള്ള അദ്ധ്യാപകന്മാരിൽ 80 ശതമാനവും സ്ത്രീകളാണു്. ജപ്പാനിൽ ആ 80 ശതമാനം പുരുഷന്മാരുമാണു്. മാത്രമല്ല, അവരെല്ലാം പട്ടാളക്കാരുമാണു്. സാധാരണ വിദ്യാലയം ഒരു സൈനികോദ്യോഗസ്ഥൻെറ പരിശീലനസങ്കേതംപോലെയിരിക്കും. അതുകൊണ്ടു പട്ടാളത്തിൽ ചേന്നാൽ സാധാരണ വേണ്ടിവരുന്ന രണ്ടുകൊല്ലത്തെ പരിശീലനത്തിനു പകരം ഒരുകൊല്ലം മാത്രം മതി ജപ്പാൻകാക്ക്. വിദ്യാലയങ്ങൾ വിട്ടുവരുമ്പോൾ യഥാർത്ഥപരിശീലനം ലഭിച്ച പട്ടാളക്കാരാണവർ. അദ്ധ്യാപകന്മാരും സൈനികരുമായ അവരുടെ ഗുരുഭ്രതന്മാർ തങ്ങളുടെ ശിഷ്യരിൽ സൈനികചിത്തവൃത്തി സംജാതമാക്കി വിടുന്നു.

ഇതിൻെറയെല്ലാം ഫലമായി കേവലം കായികമായ ശേഷിമാത്രമല്ല സിദ്ധിക്കുന്നതു്. ഏതു പ്രതികൂലപരിതസ്ഥിതികളേയും കീഴടക്കുന്നതിനുള്ള ധാമ്മികവും സാന്മാൎഗ്ഗികവുമായ ഒരു ശക്തിയും സാമർത്ഥ്യവും അവക്കു സിദ്ധിക്കും. ലഘുജീവിതം, സുദൃഢതരമായ അധ്യയനകാലം, ചോദ്യംകൂടാതുള്ള അനുസരണശീലം, സ്വാംഗീകരണസ്വഭാവം, സ്വരാജ്യത്തോടുള്ള ആവേശകലിതമായ സ്നേഹം, അപജയത്തേക്കാൾ വരം മരണമെന്നുള്ള നിയമം ഇവയെല്ലാം കൂടി ഏകോപിച്ചു് ജപ്പാൻകാരനെ അസുഖത്തിനു അവിധേയനാക്കുന്നു. ശീതബാധ, വിശപ്പ്, ക്ഷീണം ഇതൊന്നും ജപ്പാൻകാരൻ അനുഭവിക്കുന്നതായി നമുക്കു തോന്നുകയില്ല. യുദ്ധകാലത്തിൽ ഉപയോഗയോഗ്യമായിത്തീരുന്ന സകല ഗുണങ്ങളും അവക്കു വ്യവസായമത്സരത്തിലും വാണിജ്യമത്സരത്തിലും അനുകൂലങ്ങളായി ഭവിക്കുന്നു. എന്തെന്നാൽ വ്യവസായവും സൈനികരീതിയിലാണു്. വ്യവസായപ്രവർത്തകരെല്ലാംതന്നെ സൈനികരുമാണു്. സൈനികർ ജപ്പാനിലെ ഒരവിഭക്തവൎഗ്ഗമല്ല. ജപ്പാൻ എന്നുവച്ചാൽ സൈനികരാണു്. കായശേഷിയുള്ള എല്ലാവരും അവിടെ പട്ടാളക്കാരാണു്. യുദ്ധത്തിനു ആവശ്യം നേരിടേണ്ട താമസം മാത്രം, എല്ലാവരും തയ്യാറായിക്കഴിഞ്ഞു. അതേവരെ അവർ വ്യവസായികളാണു്. സുശിക്ഷിതരും, പാകതവന്നവരും, നല്ല പരിശീലനം സിദ്ധിച്ചവരുമായ പട്ടാളക്കാരാണു് ജപ്പാനെ ഇന്നു് അതിനുള്ള സാമ്പത്തികാഭിവൃദ്ധിയിൽ എത്തിച്ചിട്ടുള്ളതു്. നോക്കണേ അഭ്യാസത്തിൻേറയും പരിശീലനത്തിൻേറയും ശക്തി!

# ടാഗ്ഗൂറിൻെറ തപാൽസഞ്ചി.

( വി. പി. )

വലിയവൻെറ സമയം മെനക്കെടുത്തുക. അങ്ങനെയൊരു കൂട്ടരുണ്ട്. തങ്ങളുടെ തൊഴിലില്ലായ്മകൊണ്ടു മഹാന്മാരുടെ പലപ്രകാരത്തിൽ വിലയേറിയ സമയം കൊല്ലാൻ മുതിരുന്നവരാണ് അവർ. മഹാകവി രവീന്ദ്രനാഥടാഗ്ഗൂറിനെ എഴുത്തുകൊണ്ടു വിഷമിപ്പിക്കുകയാണു ചിലകൂട്ടർ. ഇതിൽ ചില എഴുത്തുകളെപ്പററി അറിയുന്നതു വളരെ രസാവഹമായിരിക്കും. അദ്ദേഹത്തിൻെറ സെക്രട്ടറിമാരിൽ ഒരാൾ "വിശ്വഭാരതിന്യൂസ്" എന്ന പത്രത്തിൽ ഈ എഴുത്തുകളെപ്പററി പ്രസ്താവിച്ചിട്ടുള്ള ചില വിവരങ്ങളാണു താഴെ ചേർക്കുന്നതു്.

"മഹാകവിക്കു ദിവസേന ലഭിക്കുന്ന കത്തുകൾ പാഴ്സലുകൾ മുതലായവയിൽ സിംഹഭാഗവും അദ്ദേഹത്തിനു യാതൊരു പരിചയവുമില്ലാത്തവരിൽനിന്നുമാണ്. ഇവരിൽ ആരേയുംതന്നെ അദ്ദേഹം കണ്ടിട്ടുകൂടി ഉണ്ടായിരിക്കുകയില്ല. സ്വന്തകാര്യം സംബന്ധിച്ചുള്ള എഴുത്തുകൾ വളരെ കുറച്ചുമാത്രമേയുള്ളൂ. പ്രായേണ അദ്ദേഹംതന്നെയാണ് അവയെപ്പററി തീരുമാനിക്കുന്നതും മറുപടി അയയ്ക്കുന്നതും. മററുള്ള എഴുത്തുകളുടെ കാര്യമെല്ലാം നടത്തേണ്ടുന്ന ഭാരം അദ്ദേഹത്തിൻെറ സെക്രട്ടറിക്കാണ്. രസകരമായ ഒരു ജോലി. അതേസമയംതന്നെ അതു ശുണ്ഠിയുണ്ടാക്കുകയും ചെയ്യും.

സാങ്കേതികരീതിയിൽ എഴുത്തുകളെ തരംതിരിക്കുകയാണെങ്കിൽ അവയ്ക്കു് അഞ്ചു പിരിവുകൾ ഉണ്ടു്. എൻെറ വിഭജനത്തിൽ ആദ്യമായി വരുന്നതു സ്വകാര്യക്കത്തുകളാണ്. മററുള്ളവയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവ വളരെ കുറവുമാണ്. സാധാരണയായി അവ ബന്ധുജനങ്ങളിൽ നിന്നും സ്നേഹിതന്മാരിൽ നിന്നും ആയിരിക്കും. പതിവായിത്തന്നെ കത്തുകൾ അയയ്ക്കുന്ന ചിലരുണ്ടു്. ഒന്നുരണ്ടുപേർ ദീർഘലേഖനങ്ങൾ എഴുതി അയയ്ക്കുന്നവരാണ്. ചിലപ്പോൾ "സ്വകാര്യം" എന്ന് എഴുതിയിട്ടുള്ള ചില കത്തുകളിൽ സ്വകാര്യമായി ഒന്നും കാണുകയില്ല എന്നതു തീർച്ചയാണ്. അവ മിക്കപ്പോഴും ചില അഭ്യർത്ഥനകളോ യാചനകളോ ആയിരിക്കും.

കൈയ്യൊപ്പുകൾ, ഫോട്ടോകൾ, പ്രത്യേകാവശ്യത്തിനുവേണ്ടിയുള്ള പദ്യങ്ങൾ ഇവ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളാണു രണ്ടാമിനം.

കൈയ്യൊപ്പ് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വരുന്നുണ്ട്. അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽനിന്നാണു ഭൂരിഭാഗവും. അതിൻെറ അടുക്കെയൊന്നുമെത്തുകയില്ലെങ്കിലും ജൎമ്മനിയാണു രണ്ടാമൻ. അമ്മേരിക്കയിലെ ഈ കൈയ്യൊപ്പു സമ്പാദകന്മാർ മനുഷ്യവൎഗ്ഗത്തിലെ കൗതുകകരമായ ഒരു മാതൃകയായിരിക്കണം. മഹാകവിയുടെ കവിതയുടെ മേന്മയെപ്പററിയുള്ള നിൎവ്വികാരങ്ങളായ പ്രഭാഷണങ്ങളും ആ കവിതയിലെ തത്വചിന്തകൾ തങ്ങളുടെ ജീവിതരീതിയെ എങ്ങനെ മാററിയെന്നുള്ളതുംമററും ആ എഴുത്തുകളിൽ കാണാറുണ്ട്. "പ്രസിഡണ്ടു ഹൂവർ, ജനറൽ ഡാസ്, മിസസ്സ് അയ്മി മാക്‌ഫേർസൺ ബററി നട്ട് ഹാം മുതലായവരുടേതിനോടൊപ്പംതന്നെ അങ്ങയുടേതും ചില്ലിട്ടു ചുവരിന്മേൽ തൂക്കുന്നതിനാണ്" എന്നുള്ള അപേക്ഷയോടുകൂടി കൈയ്യൊപ്പോ ഫോട്ടോവോ ആവശ്യപ്പെട്ടുകൊണ്ടാണ് ആ എഴുത്തു സമാപിക്കുന്നതു്. എഴുത്തുകളിൽ സാധാരണ കാണാറുള്ള നാലുപേരുടെ പേർമാത്രം ഇവിടെ പ്രസ്താവിച്ചുവെന്നേയുള്ളു. പേരിൻെറ പട്ടിക ഇതിലും ദീൎഘിപ്പിക്കാം. അവതാരികകളും മുഖവുരകളും ആവശ്യപ്പെട്ടുകൊണ്ടു ദുൎല്ലഭങ്ങളല്ലാത്ത അപേക്ഷകളേയും ഈ ഇനം എഴുത്തുകളുടെകൂട്ടത്തിൽ ഉൾപ്പെടുത്താം.

സാഹിത്യസംബന്ധമായ കത്തിടപാടുകൾ എന്നു പറയപ്പെടുന്നതിനെപ്പററിയാണ് എനിക്കു് അടുത്തതായി പറയാനുള്ളതു്. ദക്ഷിണേന്ത്യയിലെ വലിയ പ്രവിശ്യയിലെ യുവകവികളിൽനിന്നുമാണ് അവയിൽ അധികഭാഗവും. ഇംഗ്ലീഷിൽ കവനംചെയ്യുക എന്നുള്ളതു മദ്രാസിലെ യുവാക്കന്മാൎക്കു പ്രിയതരമായ ഒരു വിനോദമാണെന്നു തോന്നുന്നു. എനിക്കു് അതിനെപ്പററി പരാതിപ്പെടാൻ അവകാശമില്ല. പക്ഷേ ഈ ക്ഷുദ്രകവികളിൽ 75 ശതമാനംപേരും തങ്ങളുടെ കവിതകളുടെ കൈയ്യെഴുത്തു പ്രതികൾ അഭിനന്ദനത്തിനും ചുരുക്കംചില അവസരങ്ങളിൽ തിരുത്തുന്നതിനും, തുടച്ചുമിനുക്കുന്നതിനും ആയി മഹാകവിക്കു അയച്ചുകൊടുക്കുന്നതു് എന്നെസംബന്ധിച്ചിടത്തോളം വളരെ സങ്കടകരമാണെന്നേയുള്ളു. തങ്ങളുടെ കാവ്യഖണ്ഡങ്ങളെ ടാഗ്ഗുർതന്നെ നേരിട്ടു പ്രകാശനംചെയ്യണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കുന്നവരും ഈ കവിയശഃപ്രാൎത്ഥികളിൽ അപൂൎവ്വമല്ല. "ശാന്തി നികേതനത്തിൽ മഹാകവി നടത്തിക്കൊണ്ടിരിക്കുന്ന മഹത്തായ ആ സാംസ്കാരികങ്ങളായ പ്രവൎത്തനങ്ങൾക്കായി ആദായം വിനിയോഗിക്കാം." എന്ന് അവരുടെ മഹാമനസ്കതയും അവർ പ്രകടിപ്പിക്കാറുണ്ട്. മഹാകവിതന്നെ തൻെറ സ്വന്തം സാഹിത്യവ്യവസായം മുഴുവനും മാതൃഭാ

ഷയിൽക്കൂടിയാണു നടത്തുന്നതെന്നും, നാമെല്ലാം നമ്മുടെ മാതൃഭാഷകളെ പ്രോത്സാഹിപ്പിക്കണമെന്നും കവിതയുടെ ജീവനും ചിന്തയും എന്നും വൈദേശികമായിത്തന്നെയിരിക്കുന്ന ഒരു ഭാഷയിൽ കവനം ചെയ്യരുതെന്നുമാണു താൻെറ അഭിലാഷമെന്നും ഈ യുവകവികളെ അറിയിക്കുന്നതിനായി ഞാൻ മൊത്തത്തിൽ ആജ്ഞപ്പെട്ടനാണ്. മഹാകവിയുടെ ഈ ഉപദേശം ഞാൻ അറിയിച്ചതിനു തിരുവിതാംകൂർകാരനായ ഒരു യുവകവി എന്നെ വെറുതെ വിട്ടില്ല. നല്ല കണക്കിനു ശകാരിച്ചിട്ടുണ്ട്.

'കഷ്ടം! മഹാനായ രവീന്ദ്രനാഥടാഗ്ഗൂറിൻെറ പാദങ്ങൾപോലും കളിമണ്ണാണെല്ലൊ. ദയവുചെയ്തു് വൈദേശികമെന്നാൽ എന്താണെന്നു പറയുമൊ? ഷേക്സ്പിയരുടെ സ്തന്യംകൊണ്ടു വൾിച്ചവനും സ്പിൻബേണിൻെറ താരാട്ടുകേട്ടുറങ്ങിയവനുമായ എനിക്ക് ആംഗ്ലേയസാഹിത്യത്തെ വൈദേശികമെന്നോർണ്ണുവാൻ സാധ്യമല്ല. മാത്രമല്ല, നിങ്ങൾ അങ്ങനെ പറയുന്നതിനെ പ്രതിക്ഷേധിക്കാതിരിക്കുവാനും എനിക്കു നിവൃത്തിയില്ല. പക്ഷെ ഒരുവേള നിങ്ങൾ അദ്ദേഹത്തെ അന്യഥാ ധരിക്കുവാൻ ഇടയാക്കുകയായിരിക്കും. ഇംഗ്ലീഷ് കവിതയ്ക്കല്ലേ അദ്ദേഹത്തിനു നോബൽസമ്മാനം ലഭിച്ചതു്?' എന്നു് എഴുതിയപ്പോൾ ക്രോധത്തേക്കാൾ അധികം മനോവ്യഥയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്.

തനിക്കു പത്തൊമ്പതു വയസ്സുമാത്രമേ പ്രായമുള്ളുവെന്നു് അദ്ദേഹംതന്നെ സമ്മതിച്ചു. ഇംഗ്ലീഷുഭാഷയുടെ അക്ഷരക്രമത്തേയും വാചകക്രമത്തേയും സംബന്ധിച്ചു് അദ്ദേഹത്തിന് വിസ്മയാവഹവും ശുദ്ധമേ തെററുമായ ഒരു ബോധമാണുണ്ടായിരുന്നതു്. എന്നാലും എന്തു്? ഷേക്സ്പിയർ കവിതയാകുന്ന സ്തന്യപാനംകൊണ്ടു സമ്പുഷ്ടനായ ഒരുത്തനു മററു് ആരെക്കാളും ഇംഗ്ലീഷിനെ പദ്യമാക്കാൻ യോഗ്യതയുണ്ട്. തനിക്കു ദുർജ്ഞേയങ്ങളായ ചില ഗൂഢകാരണങ്ങളാൽ കേവലം ചൈതന്യമില്ലാത്ത മാംസപിണ്ഡംപോലെ തൻെറ പ്രണയാൎത്ഥനയെ വകവയ്ക്കാത്ത തൻെറ സ്വദേശിയും അയൽവാസിയും ആയ 13 വയസ്സുമാത്രം പ്രായമുള്ള കനക എന്ന പെൺകുട്ടിയോട്ട് തനിക്കുള്ള നിസ്സീമമായ പ്രേമത്തെ ശരിയായി പ്രകടമാക്കുന്ന ഒരു കവിത മഹാകവിതന്നെ എഴുതി അയച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു ബാരിസാൾടൗണിലെ താമസക്കാരനായ 15 വയസ്സുള്ള ഒരു ബാലൻെറ കത്തും ഈ എനത്തിൽ പെട്ടതാം. ടാഗ്ഗൂർ വളരെ ദയാലുവാണു്. മനുഷ്യരുടെ കഷ്ടപ്പാടുകളിൽ അദ്ദേഹത്തിനു വേഗത്തിൽ അലിവു തോന്നാറുണ്ട്. വിശേഷിച്ചും യുവാക്കന്മാരിൽ അദ്ദേഹത്തിനു അതിയായ താല്പൎയ്യമാണു്. പക്ഷെ അത്ഭുതം! അത്യന്തം വിചിത്രവും

അത്ഭുതകരവുമായ ഈ കത്തിനെ സംബന്ധിച്ച് അദ്ദേഹം ബധിരത അവലംബിച്ചതു് വളരെ അതിശയകരമായിരിക്കുന്നു.

അടുത്തതരം എഴുത്തുകളുടെ കാര്യം വേഗത്തിൽ പറഞ്ഞവസാനിപ്പിക്കാം. അവയെല്ലാം തുഷ്ഷമായി പരിഗണിക്കാൻവേണ്ടും ക്ഷുദ്രങ്ങളാണു്. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ധനസാമ്പത്തികമായും മററും ഉള്ള സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടു് അദ്ദേഹത്തിനു കിട്ടുന്ന നിരവധി കത്തുകളെപ്പററിയാണു ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു് ഈ കത്തുകളെല്ലാം സങ്കടാവസ്ഥയെ വർണ്ണിക്കുന്നവയാണു്. അവയിൽ അധികഭാഗവും യഥാർത്ഥസങ്കടങ്ങളെ വർണ്ണിക്കുന്നവയാണെന്നുള്ളതു് തീർച്ചതന്നെ. ക്രൂരമായ കാലചക്രഭ്രമണംകൊണ്ടു കഷ്ടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന അഗതികളായ വൃദ്ധജനങ്ങളിൽ നിന്നും നിർദ്ധനരായ ഭർത്താക്കന്മാരുടെ ദരിദ്രകളും സന്താനസമ്പന്നകളുമായ വിധവകളിൽ നിന്നും ദരിദ്രരായ വിദ്യാർത്ഥികളിൽ നിന്നും ആണു് ഈ കത്തുകൾ ലഭിക്കുന്നതു്.

എനിക്കു ഒടുവിൽ പറയാനുള്ള എഴുത്തുകളാണു് മററുള്ളവക്കു് ഏററവും കൗതുകകരങ്ങൾ. P. L. എന്നു് അടയാളപ്പെടുത്തിയതും അത്യന്തം ബൃഹത്തും വിലയേറിയതുമായ ഒരു ലേഖനശേഖരം എനിക്കു് എൻെറ മുൻഗാമിയിൽ നിന്നും പിൻതുടർച്ചവഴി കിട്ടിയിട്ടുണ്ടു്. "Peculiar Letters" (വിചിത്രലേഖനങ്ങൾ) എന്ന വാക്കുകൾക്കു പകരമാണു് ഈ രണ്ടക്ഷരങ്ങൾ എന്നു് എനിക്കു മനസ്സിലായി. മഹാകവിക്കു് ഓരോ അവസരങ്ങളിൽ ലഭിക്കുന്ന ഇത്തരം കത്തുകളുടെ ഒരു സമാഹാരമാണതു്. അതിൽ നിന്നും ചിലതെല്ലാം അമേരിക്കയിലെ ഒരു വിനോദമാസികയ്ക്കു് അയച്ചുകൊടുക്കുകയുണ്ടായി. അവയെല്ലാം വാക്കിനു വാക്കായി അങ്ങനെ തന്നെ അവർ പ്രസിദ്ധീകരിച്ചു. ഈ ഉദ്യമം ഒരു നല്ല വിജയംതന്നെയായിരുന്നു. വീണ്ടും അവയെ ആ പത്രാധിപർ ആവശ്യപ്പെട്ടിട്ടുണ്ടു്. അതു് എന്തൊരു ശേഖരം! സൗകര്യമുള്ളപ്പോൾ ചിലയവസരങ്ങളിൽ ഞാൻ അവ വായിച്ചുനോക്കാറുണ്ടു്. വുഡ്ഹൌസ് തൻെറ ജീവ്സ് എന്ന കഥാപാത്രത്തെക്കൊണ്ടു പറയിച്ചിട്ടുള്ള മഹദ്വാക്യങ്ങളിലെ തത്വചിന്തകളിൽനിന്നും ലഭിക്കാറുള്ള ആനന്ദം എനിക്കു് അപ്പോൾ അനുഭവപ്പെടും. ആ എഴുത്തുകൾ വായിക്കുമ്പോൾ ഈ വിസ്തൃതമായ ലോകം മാനസികരോഗം പിടിപെട്ടവരാൽ മാത്രം അധിവസിക്കപ്പെട്ടതാണെന്നു് ഒരാൾ വിചാരിച്ചുപോയാൽ അതിൽ അതിശയിക്കുവാനില്ല. ഏതെങ്കിലും ഒരിൻഡ്യൻ മഹാരാജാവിൻെറ പുത്രിയെ വിവാഹം ചെയ്യുവാനായി രണ്ടുമൂന്നു വഷംമുമ്പു് ഹൃദയം നീറിഉഴറിയ ഒരു രുമേനിയൻഡാക്കുരുടെകഥ ഒരു നല്ല മാ

ന്നുകയാണ്. മഹാകവി ഏടപെട്ട കാര്യം വിജയമായി പര്യവസാനിപ്പി ച്ചില്ലെങ്കിൽ സർവ്വസമ്മതമായ രീതിയിൽ പ്രായോപവേശംകൊണ്ടു മൃത്യുവ രുത്തുന്നതാണെന്ന് അദ്ദേഹം ഭീഷണിപ്പെടുത്തി. രാമേനിയാക്കാർ പരാ ക്രമികളാണ്. അതിനെപ്പററി സന്ദേഹത്തിനു വകയില്ല. "പൂർണ്ണിയായി ലെ കാളിയുടെ ബുദ്ധൻെറ" കഥ മറെറാരു മാതൃകയാണ്. തന്നെ ലോ കസമക്ഷം പ്രസിദ്ധപ്പെടുത്തുവാൻ രവീന്ദ്രനാഥടാഗ്ഗൂറിൻെറ സഹായം അ പേക്ഷിക്കുന്നതിനു ദൈവം ആജ്ഞാപിച്ചിരിക്കുന്നു എന്നു കൂടക്കൂടെ ഗ ദ്ധ്യവൃത്തോറും മുടങ്ങാതെ അദ്ദേഹം ഞങ്ങളെ അറിയിക്കാറുണ്ട്. ആത്മാ വിൻെറ സൽഭാവം ചലനചിത്രപ്രദർശനംകൊണ്ടു തെളിയിക്കാൻ അദ്ദേഹ ത്തിനു കഴിയും. ഹാളിവുഡ്ഡിൽപോയി ആ ചലനചിത്രം നിർമ്മിക്കുന്ന തിനു മഹാകവിയിൽനിന്നും ധനസഹായമാണ് അദ്ദേഹമഭ്യർത്ഥിക്കുന്നതു്. ആദായത്തിൻെറ 25 ശതമാനം ഔദാര്യത്തോടുകൂടി അദ്ദേഹം ടാഗ്ഗൂറിനു വാഗ്ദാനം ചെയ്യുന്നുണ്ട്. ആ പദ്ധതി അത്ര എളുപ്പമുള്ളതല്ല. ആ ച ലനചിത്രത്തിൽ അഭിനയിക്കുന്നതിനു "സുപ്രസിദ്ധകളായ കന്യകകളും ന ല്ല ഏകവ്രതക്കാരും" മാത്രമെ പാടുള്ളുവത്രേ! രണ്ടാമതു പറഞ്ഞവർ എ ങ്ങനെയുള്ളവരാണെന്നു മനസ്സിലാകുന്നില്ല. ഏകഭാര്യാവ്രതക്കാർ എന്നാ ണോ അദ്ദേഹം ഉദ്ദേശിക്കുന്നതു്? അടുത്തതു ചന്ദ്രനഗരത്തിലെ കവിയാണ്. ഈ വയസ്സൻചങ്ങാതിയോട് എനിക്കു വലിയ പത്ഥ്യമാണ്. (എനിക്കു അദ്ദേഹത്തിനെ അറിയാൻ പാടില്ല. എങ്കിലും അദ്ദേഹം ഒരു വൃദ്ധനായ പച്ചക്കറിസ്സാമാനവ്യാപാരിയാണെന്നാണ് എനിക്ക് ഒരു തോന്നൽ. എ ൻെറ ഈ അകാരണമായ തോന്നലിനു ഭംഗം വരരുതെന്നുകരുതി അദ്ദേ ഹത്തിൻെറ മേൽവിലാസം എനിക്ക് അറിയാമെങ്കിലും ആളെ കണ്ടുപി ടിക്കുവാൻ ഞാൻ ഇതുവരെ ശ്രമിച്ചിട്ടില്ല. മാത്രമല്ല അദ്ദേഹത്തിൻെറ ജന്മദേശമായ നഗരത്തിൽവച്ചാണു ഞാൻ ഇതെഴുതുന്നതും.) ഒരു എക്സർ സൈസ്ബുക്കു നിറച്ചു അദ്ദേഹം എഴുതിയ പഴയരീതിയിലുള്ള കവിത കൾ പകർത്തി മുടങ്ങാതെ മാസംതോറും അയയ്ക്കും. "സമ്പൂജ്യനാ യ ഠക്കൂർ മഹാശയന്" എന്ന അഭിവാദനത്തോടുകൂടിയാണ് ഈ കൈയ്യെഴുത്തുപകർപ്പുകൾ ആരംഭിക്കുന്നതു്. കൈപ്പററിയ രസീതുകൂ ടി കിട്ടത്തക്കവിധത്തിൽ രജിസ്റ്റർ ചെയ്താണ് അവയെല്ലാം അയ യ്ക്കാറുള്ളതു്. ഇദ്ദേഹം പതിവായി പത്രങ്ങൾ ശരിക്കു വായിക്കാറുള്ള ഒരു മനുഷ്യനാണ്. ഞങ്ങൾ സഞ്ചാരത്തിലാണെങ്കിൽ ഞങ്ങളുടെ ഓരോ താവളസ്ഥലത്തേയ്ക്കും അയയ്ക്കുന്ന ഈ കെട്ടുകൾ അതാതുസ്ഥലങ്ങളിൽ വച്ചുതന്നെ അതാതു ദിവസങ്ങളിൽ ഞങ്ങൾക്കു ലഭിക്കാറുണ്ട്. ഒരവസ

രത്തിൽ മഹാത്മാഗാന്ധിക്ക അയച്ചുകൊടുക്കുവാനായി 5 രൂപാ മഹാകവിക്ക് ഇദ്ദേഹം മണിയാർഡർ അയച്ചു. അദ്ദേഹം ഒരു പരാത്ഥജീവിയാണ്. തനിക്കുവേണ്ടി എന്തെങ്കിലും അദ്ദേഹം ആവശ്യപ്പെട്ടതായി ഇതുവരെക്കണ്ടിട്ടില്ല. ഒരുപക്ഷെ അതായിരിക്കണം എനിക്കു അദ്ദേഹത്തോടു കൂടുതൽ മമതതോന്നാൻ കാരണവും. ഈയിടെ അദ്ദേഹം കാശിയിൽ പോയിരുന്നു. അദ്ദേഹത്തിന്റെ കവിതയിൽനിന്നാണു ഞാൻ അതു മനസ്സിലാക്കിയതു്. കാശി സവ്വകലാശാലയിലെ ബിരുദദാനപ്രസംഗത്തിനു മഹാകവിയും അവിടെ പോയിരുന്നു. വൈസ്ചാൻസലരെ അനുഗമിച്ചു ഞാൻ ഹാളിൽ പ്രവേശിച്ചപ്പോഠം സവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥൻ വളരെ സുപരിചിതമായ ആ കെട്ടു് എന്നെ ഏല്പിച്ചു. ആ കൃത്യദിവസം നമ്മുടെ ചങ്ങാതി തെററിച്ചില്ല!

ഇനി വേറെ ഒരുകൂട്ടം എഴുത്തുകളുടെ കാൎയ്യംകൂടി പറഞ്ഞു അവസാനിപ്പിച്ചേക്കാം. "നോബൽപ്രൈസ്" സംബന്ധിച്ച വിവരങ്ങഠം അറിയാനാണ് അവ. എങ്ങനെയാണ് അതു കിട്ടുക; എവിടെയാണ് അപേക്ഷിക്കുക; എന്താണു ഫീസുകൊടുക്കുക; ഇതാണു ചോദ്യങ്ങഠം. ബാങ്കുറയിലെ ഒരു വൃദ്ധൻ ഇതുസംബന്ധിച്ച വിവരങ്ങഠം അറിയാനായി ശാന്തിനികേതനത്തിൽ നേരിട്ടു വരികകൂടിയുണ്ടായിട്ടുണ്ടു്. ലോകചരിത്രം മുഴുവനും അദ്ദേഹം പദ്യത്തിൽ എഴുതിയിട്ടുണ്ടത്രെ!

## തന്ത്രസമുച്ചയകാരന്റെ കാലവും ദേശവും.

(പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി)

സാമൂതിപ്പാട്ടിലെ സദസ്സിൽ പണ്ടുണ്ടായിരുന്ന "പതിനെട്ടരക്കവികളി"ൽ ഒരാളാണു തന്ത്രസമുച്ചയകത്താവായ ചേന്നാസ്സ് നമ്പൂതിരിപ്പാട് എന്നുള്ളതു സുപ്രസിദ്ധവും സവ്വസമ്മതവുമാണ്. എന്നാൽ അദ്ദേഹത്തിന്റെ കാലമേതെന്നുള്ള വിചാരത്തിൽ പലക്കും പ്രമാദം പററിക്കാണുന്നു. "കല്യബ്ദേഷ്വയിതഷ്യ നന്ദനയനേഷ്വങ്കഭോധി സംഖ്യേഷ്വയഃ സംഭൃതഃ"—ഇത്യാദിയായി തന്ത്രസമുച്ചയത്തിലുള്ള പദ്യമാണ് അദ്ദേഹത്തിന്റെ കാലത്തെ കാണിക്കുന്നതിന് കിട്ടിയിട്ടുള്ള പ്രബലപ്രമാണം. കല്യ

ബ്ദം 4529 ആണ് ഈ പദ്യത്താൽ പ്രസ്തുതമായ കാലം. 'അംഭോധി' എന്നാൽ 4; 'ഇഷു' എന്നാൽ അഞ്ചു്; 'നയനം' രണ്ടു്; നന്ദന്മാർ ഒൻപതു്—ഇങ്ങനെ, ഇക്കാണിച്ച കാലം, ക്രിസ്ത്വാബ്ദം 1426-ാം, കൊല്ലവർഷം 603-ാം സമമായിട്ടുള്ളതാകുന്നു. ഇത്രയും കാലം കഴിഞ്ഞിരിക്കവേ, 'തന്ത്രസമുച്ചയം' നിർമ്മിക്കപ്പെട്ടു എന്നു് ഒരുപക്ഷം. അതല്ലാ ഇത്രയും കാലം കഴിഞ്ഞപ്പോൾ, തന്ത്രസമുച്ചയകാരൻ ജനിച്ചു എന്നു് ഒരുപക്ഷം. ഈ പക്ഷങ്ങൾ ഓരോന്നിനെ ഗ്രഹിച്ചുകൊണ്ടു് ഗവേഷകന്മാർ ഓരോ അഭിപ്രായങ്ങൾ രേഖപ്പെടുത്തിവരുന്നുമുണ്ടു്. രണ്ടുംകൂടി ശരിയാവാൻ വയ്യാത്തുമാണല്ലോ. തിരുവിതാംകൂർ ഗവൺമെൻറുവകയായി പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളുടെ അവതാരികകളിലാണു് ആദ്യത്തെ അഭിപ്രായം ആദ്യമായി രേഖപ്പെടുത്തപ്പെട്ടതു് എന്നു തോന്നുന്നു. ഈ പക്ഷം, മുൻപറഞ്ഞ 'കല്യബ്ദാ' ദിപദ്യത്തിലെ 4-ാം പാദമായ 'സോയം തന്ത്രമിദം വ്യധാദ് ബഹുവിധാദുദ്ധൃത്യ തന്ത്രാണ്യവാൽ'—എന്ന ഭാഗത്തിലുള്ള 'തന്ത്രമിദം വ്യധാൽ' എന്ന അംശത്തോടു കാലത്തെ അനപയിപ്പിച്ചു സമ്പാദിക്കപ്പെട്ടതാണെന്നു സ്പഷ്ടം. വേറേ ഗതിയില്ല. ഈ അഭിപ്രായം രേഖപ്പെടുത്തിയ ആൾ, മഹാമഹോപാധ്യായ ശ്രീഗണപതിശാസ്ത്രികളാകകൊണ്ടു്, ആളുടെ പ്രാമാണ്യത്തിന്നും കുറവില്ലതന്നെ. രണ്ടാംപക്ഷം പ്രസ്തുതകാലത്തെ, അതിനടുത്തുതന്നെ കിടക്കുന്ന 'യഃസംഭൃതഃ' ഇത്യാദിഭാഗത്തോടു് അനപയിപ്പിച്ചു സമ്പാദിക്കപ്പെട്ടതാണെന്നുള്ളതിൽ സംശയിക്കുവാനൊന്നുമില്ല. ഇങ്ങനെ രണ്ടുപക്ഷത്തിനും സംഭവയോഗ്യത ഒരുവിധത്തിലുണ്ടെങ്കിലും, ഏതെങ്കിലും ഒരുപക്ഷമേ സംഭവിച്ചിരിക്കുവാൻ ഇടയുള്ളു എന്നു തീർച്ചതന്നെ. ഗ്രന്ഥകാരൻ ജനിച്ച ആ ആണ്ടിൽത്തന്നെ ഗ്രന്ഥവും ചമച്ചു എന്നു കല്പിച്ചുകൂടല്ലോ. ഏതെങ്കിലും ആയിക്കൊള്ളട്ടെ എന്നു് ഉദാസീനമായിട്ടു വിട്ടുകൂടെ എന്നാണെങ്കിൽ, വയ്യ; കേരളീയരുടെ സാഹിത്യചരിത്രത്തിൽ പലതുകൊണ്ടും പരമപ്രധാനമായ ഒന്നാണു് ഈ കാലം. സാമൂതിരിപ്പാടിലെ പതിനെട്ടരക്കവി സദസ്സിലേ അങ്ഗമാണല്ലോ സമുച്ചയകർത്താവു്. പയ്യൂർ ഭട്ടതിരിമാർ, ഉദ്ദണ്ഡൻ, കാക്കശ്ശേരി മുതലായവരും അതിലേ അങ്ഗങ്ങൾ. ആ കാലം ഏതെന്നു നിർണ്ണയിക്കുന്നതിനുള്ള രേഖകൾതന്നെ നന്നേ ചുരുക്കം. ഉള്ളതിൽ പ്രധാനമായ ഒന്നാണു് ഇതെന്നും സ്പഷ്ടം. ആ നിലയ്ക്കു് ഈ കാലം കഴിയുന്നതും ശുദ്ധമാക്കിയെടുക്കേണ്ടതു് അത്യാവശ്യമല്ലേ?

രേഖാന്തര സഹായമല്ലാതെ ഇവിടെ ശരണീകരിപ്പാൻ ഒന്നുമില്ല. കൊല്ലവർഷം അറുന്നൂറാമാണ്ടിനു മേലാണു സുപ്രസിദ്ധമായ സാമൂതിരിപ്പാട്ടിലേ 18½ കവിസദസ്സു നടന്നിരുന്നതെന്നു്, ആ സദസ്സിനേപ്പററി ആദ്യ

മായിട്ടൊരു ലേഖനം പ്രസിദ്ധീകരിച്ച അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, ആ ലേഖനത്തിൽത്തന്നെ രേഖപ്പെടുത്തിക്കാണുമാറുണ്ടു്. പക്ഷേ, അറുനൂററിനാലിൽ ആ സദസ്സു നടക്കുന്നുവോ, അപ്പോഴാണോ തന്ത്രസമുച്ചയനിർമ്മാണരൂപമായശിക്ഷ തത്കർത്താവിനെ സാമൂതിരി അനുഭവിപ്പിച്ചതെന്നു്-ഇത്യാദികളൊന്നും ആ ലേഖനത്തിൽ ചിന്തിച്ചിട്ടില്ല. എന്നാൽ, ഒരുസങ്ഗതി നിസ്സംശയമായി വെളിപ്പെട്ടിട്ടുള്ളതു പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു. അതായതു്—കൊല്ലവർഷം 629 മകരമാസം 17-ാംനു-യാണു്, അരക്കവിയായ പുനത്തിനെ, ചിറയ്ക്കൽ കോവിലകത്തുനിന്നും, സാമൂതിരി കോവിലകത്തേയ്ക്കു് അയച്ചതെന്നു ചിറയ്ക്കൽ കോവിലകംവക 'റിക്കാട്ടി'ൽനിന്നു തെളിഞ്ഞിരിക്കുന്നതുതന്നെ. [പരിഷത്ത്രൈമാസികം 3-ാം വാല്യം 2-ാം സഞ്ചിക നോക്കുക.] അന്നു പുനം, സമാവർത്തനംകഴിഞ്ഞു വെറും ഒരു ഉണ്ണിനമ്പൂതിരിയായി ഇരിക്കയായിരുന്നുവെന്നും ആ രേഖയിൽനിന്നറിയപ്പെടുന്നു. പത്തുപതിനേഴു വയസ്സിലധികം അന്നുണ്ടായിരിക്കയില്ല എന്നു വിചാരിക്കണം. കോലത്തിരിയുടെ അടുക്കൽനിന്നു സാമൂതിരി പുനത്തിനെ കടം വാങ്ങിച്ചു എന്നുള്ള ഐതിഹ്യം കള്ളക്കഥയാണെന്നു സ്ഥാപിപ്പാൻ, സാഹിത്യപഞ്ചാനനൻ മി: പി. കെ. നാരായണപിള്ള 'കൃഷ്ണഗാഥാനിരൂപണ'ത്തിൽ ചെയ്തിരിക്കുന്ന പ്രയത്നംമുഴുവൻ പാഴായെന്നു കാണിക്കുന്നതാണല്ലോ ഇപ്പറഞ്ഞ രേഖാപ്രമാണം. എന്നാൽ, അങ്ങനെ പുനത്തേ കടം വാങ്ങിച്ച സാമൂതിരിയുടെ പേരെന്തായിരുന്നു എന്നു് ആ രേഖയുടെ പ്രസിദ്ധീകൃതഭാഗത്തിൽനിന്നു് ഊഹിക്കുവാൻ കഴിയുന്നില്ല. മററുഭാഗങ്ങളിൽനിന്നറിയാൻ കഴിയുമോ എന്നു നോക്കേണ്ടതാണു്. പുനത്തിന്റേതെന്നു സർവ്വസമ്മതമായ "താരിത്തനചീകടാക്ഷാഞ്ചലമധുപകലാരാമ" ഇത്യാദി പദ്യം, സാമൂതിരിയെ അഭിസംബോധനം ചെയ്യുന്നതാണെന്നു സുപ്രസിദ്ധമാണല്ലോ. ആ സംബോധ്യനായ സാമൂതിരി 'വിക്രമനൃവരൻ' അതായതു മാനവിക്രമൻ ആണെന്നു് ആ പദ്യത്തിന്റെ 4-ാം പാദത്താൽ സ്പഷ്ടം. പക്ഷേ, 'ജംഭപ്രദ്വേഷിമുൻപിൽ സുരവരസദസി'—ഇത്യാദി പദ്യം പുനത്തിന്റേതാണെന്നു പി. കെ. നാരായണപിള്ള അവർകളും മററും പ്രസ്താവിച്ചിട്ടുള്ളതും, അതിന്റെ ഒടുവിൽ, "കബരിതിരുകിനാൻ മേനകാ മാനവേദ!" എന്നു കാണപ്പെടുന്നതും ഇവിടെ വിചാരണീയമായിരിക്കുന്നു. ഈ മാനവേദൻ, മി: പി. കെ. ഊഹിച്ചിരിക്കുംപോലെ, മാനവിക്രമനിൽനിന്നു് അഭിന്നനാണെന്നോ, "അഥവാ സാമൂതിരിക്കോവിലകത്തേ വേറേ ഒരങ്ഗം" ആണെന്നോ എനിക്കു തോന്നുന്നില്ല. മാനവിക്രമനേപ്പോലെ മാനവേദനും സാമൂതിരിസ്ഥാനത്തിരിക്കുമ്പോഴാണു പുനത്തിന്റെ സ്തുതിക്കു

പാത്രമായത് എന്നു കരുതുകയാണു സങ്ഗതം. അതിനേ സാധിക്കുന്നതായിട്ട് ഒരു രേഖയും ഇവിടെ പ്രദശിപ്പിക്കാം. താഴേ ചേക്കുന്ന പദ്യം നോക്കുക:—

"ഗുണശൃംഖലയാ തളച്ചു കൺകോൺ-
കണയാരത്തിലടക്കി വിശപനാഗം
മണമാന്നു ചിരായവെല്ലു! മാനൂ-
ങ്കണയാ മാനിനിമാക്കു മാനവേദ!"

ഇതു് ഒരു പഴയ താളിയോലഗ്രന്ഥത്തിലടങ്ങിയിരിക്കുന്നതും, താരിത്തനപീ ഇത്യാദി പദ്യത്തിനുശേഷം എഴുതപ്പെട്ടിരിക്കുന്നതും, ഏതത് സഹോദരങ്ങളായ മററു പല പദ്യങ്ങളോടും കൂടിയതും ആകയാൽ, പുനത്തിന്റേതെന്നു ന്യായമായി അനുമിക്കപ്പെടാവുന്നതാണ്. ഇതിലേയും സംബോധ്യൻ മാനവേദൻ ആണെന്നു വിശദം. രാജ്യഭാരംചെയ്യുന്ന ആളെ ഉദ്ദേശിച്ചായാലേ ഇതിന്റെ അത്ഥം സമുചിതമാകു എന്നു പ്രത്യേകം പറകവേണ്ടല്ലോ. അപ്പോൾ ഈ മാനവേദനും സാമൂതിരിതന്നെ എന്നു തെളിയുന്നു. ഇങ്ങനെ പുനം രണ്ടു സാമൂതിരിമാരുടെ സദസ്യനായിരുന്നിട്ടുണ്ടെന്നും സിദ്ധിക്കുന്നു. ഈ മാനവിക്രമമാനവേദന്മാരിൽ ആരാണു പുനത്തെ കോലത്തിരിയുടെ അടുക്കൽനിന്നു കടംവാങ്ങിച്ചു തന്റെ സദസ്സിൽ അരക്കവിയായിച്ചേത്തതു്? അതിനി വേറെ തേടണം!

കാക്കശ്ശേരി, ഉദ്ദണ്ഡൻ മുതൽപേരായിരുന്നുവല്ലോ ആ സദസ്സിലെ മുഴുക്കവികൾ. അവരുടെ ഉപജീവ്യനായിരുന്ന സാമൂതിരി മാനവിക്രമൻ ആയിരുന്നു എന്നു് ഉദ്ദണ്ഡന്റെ 'മല്ലികാമാരുതം' പ്രകരണത്തിലെ പ്രസ്താവനകൊണ്ടും, കാക്കശ്ശേരിയുടെ 'വസുമതീവിക്രമം' നാടകത്തിലെ പ്രസ്താവങ്ങൾകൊണ്ടും നിണ്ണയിക്കാം. മാനവേദനേപ്പററി അവരുടെ പ്രസ്താവങ്ങൾ ഇല്ലാത്തതുകൊണ്ടും, "മാനവേദചരിതം" "ലക്ഷ്മീമാനവേദം" എന്നിങ്ങനെ ചില രൂപകങ്ങൾ മററുചില കവികളാൽ നിമ്മിക്കപ്പെട്ടു കാണ്മാനുള്ളതുകൊണ്ടും മാനവേദസദസ്സിലെ അങ്ഗത്വം ഉദ്ദണ്ഡൻ, കാക്കശ്ശേരി എന്നിവക്കുണ്ടായിരുന്നില്ലെന്നു വന്നുകൂടുന്നു. പുനത്തിന് ഉണ്ടായിരുന്നതായി തെളിയുന്നുവെന്നു മുൻപുതന്നെ സാധിക്കുകയും ചെയ്തു. ഇത്രയും വസ്തുതകളിൽനിന്നു, മാനവിക്രമനായിരുന്നു ആദ്യത്തെ സാമൂതിരി എന്നും, അദ്ദേഹമാണു പുനത്തിനെ കോലത്തിരിത്തമ്പുരാനിൽനിന്നു കടമെടുത്തതു് എന്നും, മാനവേദന്റെ കാലമായപ്പോഴേയ്ക്കും വിക്രമകവിസദസ്സിലെ പല അങ്ഗങ്ങളും അങ്ങിങ്ങു ചിന്നിച്ചിതറിപ്പോകയും, ആ സ്ഥാനത്തു വേറെ ചിലർ വന്നുകൂടുകയും ചെയ്തു എന്നും, ചെന്നുകൂടുമ്പോൾ നന്നാ ചെറുപ്പമായിരുന്ന പുനം മാനവേദസദസ്സിൽക്കൂടി മാനനീയനായിട്ടു കഴിഞ്ഞുകൂടി എ

ന്നും തെളിയുന്നതോടുകൂടി തന്ത്രസമുച്ചയകാരനായ ചേന്നാസ്സ നമ്പൂതിരിയുടെ കാലവും, തന്ത്രസമുച്ചയത്തിൻെറ കാലവും നിൎണ്ണയിക്കുവാനുള്ള കരുക്കളും കാണുമാറാകുന്നു. എങ്ങനെയെന്നാൽ:—

തന്ത്രസമുച്ചയനിൎമ്മാണകാലത്തു്, തൽകൎത്താവിന്നു് ഉദ്ദേശം 50 വയസ്സ് ആയിരിക്കണം എന്നു് ഡാക്ടർ കെ. ശങ്കരമേനോൻ എം. ഏ; എൽ.ററി. അവർകൾ ഭാഷാ രാമായണചമ്പുവിൻെറ അവതാരികയിൽ അഭ്യൂഹിച്ചിട്ടുണ്ടു്. സമുച്ചയത്തിൻെറ സൗഷ്ഠവവും സാരഭൂയിഷ്ഠതയും പ്രൌഢിയും വിചാരിക്കുമ്പോൾ, ഇന്നത്തെ സ്ഥിതിക്കു് ഈ ഗണന ഏതാണ്ടു ശരിയാവാമെങ്കിലും, പണ്ടത്തെ സ്ഥിതിയോൎക്കുമ്പോൾ, കുറെക്കൂടി ചെറുപ്പമായിരിക്കുവാനാണു് എല്ലാവിധത്തിലും ഔചിത്യം. ഒന്നാമതു്; സാമൂതിരിയെ ആക്ഷേപിച്ചു് ഏതാനും പദ്യങ്ങൾ ഉണ്ടാക്കിയതിൻെറ ശിക്ഷയായിട്ടാണു തന്ത്രസമുച്ചയം നിൎമ്മിച്ചതു് എന്നുള്ള ഐതിഹ്യത്തെപ്പററി വിമൎശിക്കുക. അയ്മ്പതോടടുക്കുമ്പോഴല്ലല്ലോ കുറെക്കൂടി ചെറുപ്പത്തിലല്ലേ അവിനയത്തിൻെറ തള്ളിച്ച? ഒരിരുപത്തഞ്ചുവയസ്സിന്നു മേൽ മുപ്പതിനടുത്തു്—അടുപ്പം മുന്നോട്ടോ പിന്നോട്ടോ ആകാം; മുപ്പത്തഞ്ചുവരെ കണക്കാക്കാം—ആയിരിക്കണം ഈ സംഗതി സംഭവിച്ചതു്. മുപ്പതിന്നുമേൽ മുപ്പത്തഞ്ചിന്നുമുൻപു് എന്നുവെയ്ക്കുന്നതാണു കുറെക്കൂടി സമുചിതം. തന്ത്രത്തിൽ പ്രാമാണികമായ ഒരു പ്രതിഷ്ഠ സിദ്ധിക്കുവാനുള്ള കാലം നീക്കിവയ്ക്കണമല്ലോ. അതു് ഒരു മുപ്പതുവയസ്സിന്നു മുൻപേ കല്പിക്കുന്നതു യുക്തമാകയില്ല. 16-20- വയസ്സിൽ സമാവൎത്തനം കഴിഞ്ഞാൽ, നാലഞ്ചുകൊല്ലം സാമാന്യപാഠത്തിന്നും, പിന്നെ അഞ്ചെട്ടുകൊല്ലം ശാസ്ത്രപാഠത്തിന്നും, പിന്നെയും കുറെക്കൊല്ലങ്ങൾ ഗ്രന്ഥപരിചയത്തിന്നും വകവച്ചു തള്ളണം. അപ്പോൾ മുപ്പത്തിരണ്ടോ മുപ്പത്തിമൂന്നോ വയസ്സായപ്പോഴായിരിക്കണം തെററുചെയ്തതും, ശിക്ഷകല്പിച്ചതുമെല്ലാം. അല്ലാതെ, അയ്മ്പതോടടുത്തിരിക്കെ, നമ്പൂതിരിപ്പാടു് അങ്ങനെ ഒരു തെററുചെയ്കയും, അഥവാ ചെയ്തുപോയാൽത്തന്നെ, സാമൂതിരിപ്പാടു് ഇങ്ങനെ ശിക്ഷിക്കുകയും ഉണ്ടാവുമോ? ഇല്ലെന്നുതന്നെ—വിശേഷിച്ചും അന്നത്തെ സ്ഥിതിക്കു—തീരുമാനിക്കണം. ഇനി, നമ്പൂതിരിപ്പാട്ടിലെ മുപ്പത്തിരണ്ടാംവയസ്സു് ഏതാണെന്നാണു കണ്ടുപിടിക്കേണ്ടതു്. നോക്കാം.

കൊല്ലം 604-നു മുൻപേയാണു് ആ മുപ്പത്തിരണ്ടുവയസ്സായതു് എങ്കിൽ, നമ്പൂതിരിപ്പാടു് 571- ൽ ജനിച്ചിരിക്കണം. പുനത്തിനെ നന്നചെറുപ്പത്തിലേ കോലത്തിരിയുടെ അടുക്കൽനിന്നു കോഴിക്കോട്ടേയ്ക്കു കൂട്ടിക്കൊണ്ടുപോയതും, സദസ്യനാക്കിയതും—629-ൽ ആണെന്നുള്ളതു് നിഷേ

ധിക്കാൻ വയ്യാത്തവിധം നിശ്ചിതമാണെല്ലോ. പുനത്തിൻെറ ജനനം, 610-ാമാണ്ടിനടുത്തു് (10-മുതൽ 12-വരെയുള്ള വർഷങ്ങൾക്കിടയ്ക്കു്) ആയിരിക്കണമെന്നും വ്യവസ്ഥാപിക്കാം. പുനത്തിൻെറ ജീവിതകാലം, കൊല്ലം 675-നും, 800-നും മദ്ധ്യേയാണെന്നു് മി: പി. കെ. നാരായണപിള്ള വളരെ പ്രയത്നിച്ചു്, കൃഷ്ണഗാഥാനിരൂപണത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ; അതിനു വിരുദ്ധമാണല്ലോ ഇപ്പറഞ്ഞതു് എന്നു ശങ്കിക്കേണ്ട. അദ്ദേഹം പറഞ്ഞിട്ടുള്ളതു് ചില ഊഹാപോഹങ്ങളെ ഉത്ഥാപനംചെയ്തുകൊണ്ടു മാത്രമാണു്. അതൊന്നും ശരിയല്ലെന്നും തീരെ അസംബന്ധമാണെന്നും ഉള്ളതിനു തക്ക രേഖയാണു് ഇവിടെ അവലംബിച്ചിട്ടുള്ളതു്. 675-ൽ പുനം ജീവിച്ചിരുന്നുവോ എന്നുതന്നെ സന്ദേഹമത്രെ. ഉണ്ടെങ്കിൽത്തന്നെ, ഷഷ്ടിപൂർത്തികഴിഞ്ഞ വൃദ്ധനായിട്ടുമാത്രം. പുനം 700-ാമാണ്ടുവരെ ജീവിച്ചിരുന്നുവെങ്കിൽത്തന്നെ, തൊണ്ണൂറുവയസ്സോളമാകും. പിന്നെയും നൂറു കൊല്ലം വേണമല്ലോ എണ്ണൂറാമാണ്ടാവാൻ. മി: പി. കേ. യുടെ മതത്തിലുള്ള അസംബന്ധം ഇവിടെ സ്പഷ്ടം. ആകയാൽ അതിവിടെ ശ്രദ്ധേയമേ അല്ല.

"അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തുവയം തു ന താൻ വിനുമഃ;
പുളകോദ്ഗമകാരിവചഃപ്രസരം
പുനമേവ പുനഃപുനരാസ്തുമഹേ"

എന്നിങ്ങനെ, മഹാകവിയും, പണ്ഡിതചക്രവർത്തിയും, കേരളീയകവികളെ പൊതുവേയും ഭാഷാകവികളെ വിശേഷിച്ചും പുച്ഛിച്ചിരുന്ന ആളും ആയ ഉദ്ദണ്ഡൻെറ കൈയിൽനിന്നു പുനം നേടിയ മഹാപ്രശംസാപദ്യം ഇന്നത്തെ വലിയ ചില ഡിഗ്രിയെക്കാൾ കൂടുതൽ വിലയുള്ളതുതന്നെയാണു്. അതു് അല്പദിവസംകൊണ്ടു നേടിയിരിക്കാവുന്നതല്ല. പിന്നെയോ—

"മദനസമരസമ്മർദ്ദാന്തരോദ്ഭ്രാന്തകാന്താ
മണിതമഹിതമാധുര്യൈകവംശപ്രസൂതൈഃ
മധുമദമണമോലും ഗദ്യപദ്യൈരനേകൈഃ"

അതായതു്, അനവധി ഭാവമധുരങ്ങളായ മഹനീയമണിപ്രവാളങ്ങളുടെ നിർമ്മാണം വളരെക്കാലം നടത്തിത്തന്നെ നേടിയതായിരിക്കണം. മാനവിക്രമകവിസദസ്സിലെ അരക്കവിസ്ഥാനം സിദ്ധിച്ചതും ആവഴിക്കായിരിക്കും. അങ്ങനെയുള്ള പുനത്തോടുകൂടിയ കവിസദസ്സിലെ അങ്ഗമായിരിക്കു

മ്പോഴാണ് ചേന്നാസ്സനമ്പൂതിരിയുടെ തന്ത്രസമുച്ചയനിമ്മാണമെന്നു പ്രസിദ്ധമാണല്ലൊ. ആ കാലം 629-നു മേലായിരിക്കാതെ നിവൃത്തിയുണ്ടോ?

ഉദ്ദണ്ഡനെ തോല്പിക്കണമെന്നുദ്ദേശിച്ചാണു പുനത്തിനെ കോഴിക്കോട്ടേയ്ക്കു കൊണ്ടുപോയതെന്ന് ഐതിഹ്യമുണ്ടല്ലോ. അതിൽനിന്നും, അന്നു കാക്കശ്ശേരിക്കു മൂപ്പെത്തീട്ടില്ലെന്നും, അന്ന് അദ്ദേഹം വെറും പിഞ്ചാണെന്നും സിദ്ധിക്കുന്നു. പുനത്തിന് ഉദ്ദണ്ഡൻെറ ബഹുമതി നേടാൻകഴിഞ്ഞെങ്കിലും, അദ്ദേഹത്തെ തോല്പിക്കാൻ കഴിഞ്ഞില്ല. അതിനു കാക്കശ്ശേരിയേ ആളായുള്ളു. അതെല്ലാം, 629-നു മേൽ പത്തുപതിനഞ്ചു കൊല്ലങ്ങൾക്കകം ആയിരിക്കാനാണു സാങ്ഗത്യം. പത്തിരുപതു കൊല്ലങ്ങൾക്കകം ആണെന്നു കരുതിയാലും തരക്കേടില്ല. കാക്കശ്ശേരിയുടെ വിദ്യാഭ്യാസം, നാടകനിമ്മാണം മുതലായവയ്ക്കു കുറെക്കാലം വകവയ്ക്കണമല്ലൊ. ശക്തൻ മാനവിക്രമൻസാമൂതിരി ഏകദേശം 650-വരെ വാണിരിക്കണമെന്ന് ഇതിൽനിന്നെല്ലാം തെളിയുന്നു. തന്ത്രസമുച്ചയത്തിൻെറ സ്ഥിതി നോക്കേണ്ടതും ആവശ്യമാണ്. അതൊരു വെറും കവിതാഗ്രന്ഥമല്ല. ഒരു മഹാശാസ്ത്രഗ്രന്ഥമാണ്. "ബഹുവിധാദ്ധൃത്യതന്ത്രാർണ്ണവാൽ" ആണ് അതു നിമ്മിക്കപ്പെട്ടിരിക്കുന്നതെന്നു ഗ്രന്ഥകർത്താവുതന്നെ പറയുന്നു. അതിനും ചുരുങ്ങിയതു രണ്ടുമൂന്നുകൊല്ലം വകവയ്ക്കേണ്ടതാണ്. അപ്പോൾ, ഏകദേശം 600-മുതൽ 650-വരെ മാനവിക്രമൻ സാമൂതിരിയായിരുന്നു എന്നു കല്പിക്കണം. അതിനു ഗമകമൊന്നുമില്ല. ഉദ്ദണ്ഡൻ നാല്പതയ്മ്പതുകൊല്ലം സാമൂതിരിസദസ്യനായിരുന്നുവെന്നും കല്പിക്കണം. അതിനും ഗമകമൊന്നുമില്ല. "പ്രക്രീഡൽകാർത്തവീര്യാർജ്ജുനഭുജ" ഇത്യാദി പദ്യം ചേന്നാസ്സനമ്പൂതിരപ്പാട്ടിലെ ആണെന്നും, ഉദ്ദണ്ഡനെ സാമൂതിരിപ്പാട്ടിലേയ്ക്കു പരിചയപ്പെടുത്തിക്കൊടുത്തതാണെന്നും ഉള്ളതും, തന്ത്രസമുച്ചയത്തിലെ "ശംഖപ്രേംഖൽ" ഇത്യാദിയും മററുമായ ചില പദ്യങ്ങൾ ഉദ്ദണ്ഡനിമ്മിതങ്ങളാണെന്നുള്ളതും ദൃഢപ്രതിഷ്ഠങ്ങളായ കാര്യങ്ങളാണ്. അതും തള്ളത്തക്കൊന്നല്ല. 604-ാമാണ്ടേയ്ക്ക് അയ്മ്പതോളമോ, അഥവാ മുപ്പത്തിരണ്ടോ വയസ്സായിട്ടുള്ള ഒരാൾക്കു, 630-നു മേലുള്ള ഒരു മഹാപണ്ഡിതസദസ്സിൽ വളരെയൊന്നും വിക്രമിക്കാനാവുന്നതല്ല എന്നും ഓമ്മിക്കത്തക്കതുതന്നെ. അതെല്ലാം ചേത്താലോചിക്കുമ്പോൾ, 604 തന്ത്രസമുച്ചയനിമ്മാണകാലമല്ല എന്നു ഗണിക്കാതെ ഗതിയെന്തു്?

ഇനി "കല്യബ്ദേഷ്വതിയൽസു" ഇത്യാദിയായ ശ്ലോകത്തിൻെറ കഥ ആലോചിച്ചാലോ? അതുകൊണ്ടു സിദ്ധിക്കുന്ന ആ കാലത്തു 'സമുച്ചയം' ഉണ്ടാക്കി എന്നത്ഥം കല്പിക്കുക, 1-ാംപാദത്തിൽ കിടക്കുന്ന അം

ശം, 4-ാംപാദത്തിലേക്ക് അന്വയിച്ചെടുത്തിട്ടുവേണം. അപ്പോഴം വലിയ ദൂരാന്വയക്ലേശം വരുന്നു. പിന്നെ, 'വ്യധാൽ' എന്ന പദത്തിന്ന, വിധാനം ചെയ്തു—അതായതു് ഉണ്ടാക്കി—എന്നാണ് അൎത്ഥം. തന്ത്രനിൎമ്മാണം പൂൎത്തിയായി എന്നോ മറേറാ അല്ല. അങ്ങനെ ഒരുദിവസം കൊണ്ട ങ്ങോട്ട് ഉദിപ്പിക്കാവുന്നതല്ല 'സമുച്ചയം' എന്നു പറയേണ്ടല്ലൊ. കാലനിൎദ്ദേശം കഴിഞ്ഞു് ഉടനെ ചേൎത്തിരിക്കുന്ന പദങ്ങഠം 'യഃ സംഭൃതഃ' എന്നാണെന്നുള്ളതും പ്രാധാന്യേന ഗണനീയമാണ്. അതിന്ന്, 'യാതൊരുവൻ ജനിച്ചുവോ'—എന്നൎത്ഥവും. അതു സംഭവ്യവും സ്വരസവുമായ അൎത്ഥമാണെന്നു തീൎച്ചതന്നെ. രണ്ടാം പാദത്തിന്റെ ബാക്കിഭാഗം, ഗ്രന്ഥകാരന്റെ ഗോത്രപ്രവരസഹിതമായ കുലവിവരണത്തിന് ഉപയോഗിച്ചുമിരിക്കുന്നു. മൂന്നാം പാദത്തിൽ, ഇല്ലപ്പേരും പേരും കാണിച്ചിട്ടുമുണ്ട്. അപ്പോഴം, ഇന്നകാലത്തു്, ഇന്നകുലത്തിൽ ജനിച്ചവനും, ഇന്ന ഇല്ലപ്പേരുള്ളവനും, ഇന്ന പേരുകാരനും ആയ ആഠം—എന്നു കിട്ടി. ഇത്രയും വിവരം ഗ്രന്ഥകൎത്തൃസംബന്ധിയായി വേണ്ടതാണെന്നുള്ളതിനും സംശയമില്ല. എന്നിരിക്കെ, അവിടെനിന്നു കാലത്തെ പ്രത്യേകം പിരിച്ചെടുത്തു 'വ്യധാൽ' എന്ന ക്രിയയോടു് അന്വയിപ്പിക്കുന്നതിൽ തീരെ ചേൎച്ചയില്ലല്ലൊ. അങ്ങനെ ചെയ്താൽ, 'സംഭൃതഃ' എന്നുള്ളതിന്റെ ജീവൻ തീരെപ്പോകുമെന്നുള്ളതും വിശദമാണ്. ഏവംച, ഈ ശ്ലോകംവഴിക്കു നോക്കിയാലും, സമുച്ചയനിൎമ്മാണകാലമല്ല, സമുച്ചയകൎത്താവിന്റെ ജനനകാലമാണ്, കൊല്ലം—604- എന്നു സിദ്ധിക്കുന്നു. മററു ന്യായങ്ങളോടുകൂടിയാലോചിക്കുമ്പോഠം ഇതു തുലോം സംഗതവുമാണ്. തന്ത്രസമുച്ചയനിൎമ്മാണകാലം, മേല്പറഞ്ഞ ഉപപത്തികളെ പുരസ്കരിച്ച്, 637-നും 640-നും മദ്ധ്യേ എന്നു വിചാരിക്കാം. കൊല്ലം 604-ൽ സമുച്ചയകാരന്റെ ജനനകാലമാണെന്നു പല പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ള വസ്തുതയും ഇവിടെ പ്രസ്താവിക്കത്തക്കതത്രെ; ആ മതംതന്നെ സാധിഷ്ഠമായിട്ടുള്ളതും.

ഇനി അദ്ദേഹത്തിന്റെ ദേശത്തെപ്പററിച്ചിന്തിക്കാം. ശ്രീമദ് ഗണപതിശാസ്ത്രിമഹാശയൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്, ഉത്തരതിരുവിതാംകൂറിൽ വേദ(ങ്ങ) നാട്ടുഗ്രാമത്തിലുള്ള ചേന്നാസ്സുമനയ്ക്കലെ ആയിരുന്നു അദ്ദേഹം എന്നാണ്. അങ്ങനെ അഭിപ്രായപ്പെട്ടു—അവിടെ ഒരു ചേന്നാസ്സുമനയുണ്ടെന്നറിഞ്ഞു് അതായിരിക്കും എന്നൂഹിച്ചു—എന്നല്ലാതെ, അതിലേയ്ക്കു തക്ക പ്രമാണമൊന്നും അദ്ദേഹം കാണിച്ചിട്ടില്ല. വാസ്തവത്തിൽ ആ അഭിപ്രായം ശോധനീയമാണ്. സമുച്ചയകാരൻ, 18½ക്കവിയോഗത്തിലെ അംഗമായിരുന്നതു്, വാദനിൎമ്മുക്തമാണല്ലൊ. ഈ പതി

നെട്ടരക്കവികളിൽ ആരുംതന്നെ തെക്കരായിരുന്നില്ല. വടക്കരായിരുന്നു. വേദനാട്ടുഗ്രാമം ദക്ഷിണഗ്രാമമായിട്ടാണു ഗണന എന്നു പറയേണ്ടല്ലോ. ചേന്നാസ്സമനകൾ വടക്കൻദിക്കിലും പലതുണ്ടു്. അതിലൊന്നായിരിക്കണം സമുച്ചയകർത്താവിൻെറ ഇല്ലം. ഈ അനുമാനത്തെ ഐതിഹ്യം അനുക്രലിക്കുന്നുമുണ്ടു്. വടക്കുംപുഴക്കര എന്ന ദേശത്തുള്ള ചേന്നാസ്സമനയ്ക്കലെ ആയിരുന്നു സമുച്ചയകാരൻ എന്നാണു് ഐതിഹ്യം. തന്ത്രം അദ്ദേഹത്തിൻെറ കുലവൃത്തിയാണു്. കോഴിക്കോട്ടു തളിയൽക്ഷേത്രത്തിലും, ഗുരുവായൂരും മററും തന്ത്രം നടത്തുന്നതു് ആ മനക്കാർ ആണുതാനും. സാമൂതിരിയുടെ സദസ്സിലെ സദസ്യനായിത്തീർന്നതു് ആവഴിക്കാണെന്നൂഹിക്കുന്നതിലും അനൗചിത്യമോ അനുപപത്തിയൊ ഇല്ലതാനും. ഇതാണു സമുച്ചയകാരൻെറ കാലദേശസ്വഭാവം എന്നു ചുരുക്കിപ്പറഞ്ഞേക്കാം.

# പുസ്തകാഭിപ്രായം.

## ഭർത്തൃപരിത്യക്തയായ ശകുന്തള

ഗ്രന്ഥകർത്താ:— പണ്ഡിതർ, ആർ. സി. ശർമ്മ.

അർത്ഥബോധം നല്ലപോലെ ഉണ്ടാകാത്ത 'നവീനപ്രസ്ഥാന' കാവ്യങ്ങൾ വായിച്ചു ബുദ്ധിക്കു മാന്ദ്യമോ ഭ്രമമോ പററിയിരുന്ന ഒരു ഘട്ടത്തിലാണു സ്നേഹിതൻ മി: ശർമ്മയുടെ—ശർമ്മാവിൻെറ എന്നാണാവോ വേണ്ടതു്—ഈ ചെറുകാവ്യം കാണ്മാനിടയായതു്. വാദ്ശേവിതന്നെ നവീനപ്രസ്ഥാനമെന്ന "സ്പെഷ്യൽ ഡ്യൂട്ടി"യിൽ പെട്ടിരിക്കുന്ന ഇക്കാലത്തു ശർമ്മയ്ക്കു വേണ്ടി അവധി എടുത്തതായിരിക്കുമെന്നു വിശ്വസിച്ചു് ഈ കാവ്യതല്ലജത്തെ സശ്രദ്ധം വായിച്ചുനോക്കി. പ്രതിഭാപ്രേരിതമായി അനുകരിക്കുന്നതു് ആനന്ദസന്ദായകമെന്നും അല്ലാത്തവ തിരുവാഴിത്താൻെറ ചിത്രമെഴുത്താണെന്നും അധികം വായിക്കുന്നതിനു മുമ്പുതന്നെ തോന്നിത്തുടങ്ങി.

നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ചെറുകാവ്യത്തിൽ ആകെ നൂററിപ്പത്തിനെട്ടു പദ്യങ്ങളുണ്ടു്. കഥാവസ്തുവിനു വികൃതമായ വിഭജനംകൊണ്ടു വൈരൂപ്യം വരുത്താതിരുന്നതും ഈ ഗ്രന്ഥത്തിനുള്ള ഒരു വിശിഷ്ടഗുണമാണു്. പരിത്യക്തയായ ശകുന്തള മാതൃസഹായത്തോടെ കാശ്യപാശ്രമത്തിൽ എത്തുന്നതുവരെ ഒന്നാംഭാഗവും അതുമുതൽ ശിശുജനനം

വരെ അവൾ ആചരിച്ച തപശ്ചര്യ രണ്ടാംഭാഗവും ശിശുലാളനസുഖത്തിനിടയ്ക്കു് അനുഭവിക്കുന്ന വിയോഗവ്യഥയുടെ ദാരുണാവസ്ഥ മൂന്നാംഭാഗവും അനന്തരം പുത്രലാളനത്തിനിടയ്ക്കു് അവന്റെ ചോദ്യത്തിനുത്തരം പറവാനുള്ള വിഷമവും ഭർത്തൃസ്ഥിതിയന്വേഷിക്കാനേല്പിച്ചിരുന്ന സാനുമതിയുടെ തിരിച്ചുവരവും വാർത്താഗ്രഹണംകൊണ്ടുള്ള സന്തോഷവും നാലാംഭാഗവും ആയി ഗ്രന്ഥസമാപ്തി വരുത്തുന്നു.

കാളിദാസന്റെ ശാകുന്തളത്തെ ഉപജീവിച്ചുവള്ളത്തോൾ തന്നെയാണീശിശു എങ്കിലും ഇതിന്റെ ജനയിതാവിനുള്ള പ്രതിഭാവിശേഷം സവിശേഷം ഇതിൽ പ്രതിബിംബിച്ചുകാണുന്നുണ്ടു്.

പരിത്യക്തയായ ശകുന്തള പുരോഹിതനുമൊന്നിച്ചു യാത്രതിരിച്ചതിനുശേഷം നാമവളെ കാണുന്നതു് ഏകവേണീധരയായി സർവ്വദമനന്റെ രക്ഷൗഷധം രൂപം മാറാതെ ആരുടെ കൈയിലാണിരിക്കുന്നതു് എന്നു കാണ്മാൻ വന്നപ്പോഴാണു്, അതുവരെ ഭാര്യാപരിത്യാഗമെന്ന അപരാധമോർത്തു വ്യഥയനുഭവിക്കുന്ന ദുഷ്ഷന്തപശ്ചാത്താപത്തിൽ നിഴലിച്ചുമാത്രമേ ശകുന്തളയെ നാം കാണുന്നുള്ളു. മാതാവിന്റെ വാക്കിലും മഹർഷിയുടെ അനുഗ്രഹത്തിലും അത്യന്തം വിശ്വാസത്തോടെ തപശ്ചര്യ ആചരിക്കുന്ന ആ സാധ്വി ഭർത്തൃസമാഗമമുഹൂർത്തം എണ്ണിയെണ്ണി വിപ്രവാസം അനുഭവിക്കുന്ന രംഗങ്ങളെയാണു നാലു പടവുകളായി തിരിച്ചു് ഈ ചെറുകാവ്യസരസ്സ ശോഭിക്കുന്നതു്. അതിനാലാണു് അനുകരണം പ്രതിഭാപ്രേരിതമായാൽ അനന്ദസന്ദായകമാകുമെന്നു പറവാനിടയായതു്.

കാവ്യങ്ങൾക്കുണ്ടായിരിക്കേണ്ട ചില ഗുണങ്ങളും തൽകർത്താക്കൾക്കു ജന്മസിദ്ധമായ വാസനയും ഇണങ്ങിക്കൂടിയാൽ മാത്രമെ ഒരു കാവ്യം ഉത്തമമെന്നു പറവാൻ പാടുള്ളു. കവിക്കുണ്ടായിരിക്കേണ്ട വാസനയെക്കുറിച്ചു് അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലെങ്കിലും കാവ്യഗുണങ്ങളെക്കുറിച്ചു പല പക്ഷാന്തരങ്ങൾക്കും ഇടയുണ്ടു്. വികാരത്തിന്റെ പ്രഥമപ്രകടനം എന്നു കാവ്യത്തിനു സാമാന്യമായി ഒരു നിർവചനം നിർദ്ദേശിക്കാം. അങ്ങനെ പ്രകടിപ്പിക്കുന്ന ശബ്ദങ്ങൾ എല്ലാവരിലും ആ വികാരത്തെ ഉളവാക്കുന്നവയുമായിരിക്കണം. ആ ശബ്ദങ്ങൾക്കുള്ള അനുരണനശക്തിയെ സംഗീതമെന്നും പേരിടാം. വികാരപ്രേരിതമായ ശബ്ദസമൂഹങ്ങൾ വസ്തുസ്വരൂപത്തെ ഉളവാക്കി സംഗീതമാധുരിയിൽ ലയിപ്പിച്ചാൽ കാവ്യഗുണം ഏതാണ്ടു പൂർണ്ണമായെന്നു സമ്മതിക്കാം.

ദുർവ്വാസസ്സിന്റെ ശാപനിവൃത്തി കൈവന്ന ദുഷ്ഷന്തനെ ബാധിച്ച വികാരങ്ങൾ ശാകുന്തളംമൂലം നമുക്കനുഭവപ്പെട്ടിട്ടുണ്ടു്. ശാപവൃത്താന്തമറിയാത്തവളും പരിത്യാഗംമൂലം മാനഹാനി, ബന്ധുജനവിരഹം എന്നുതുട

ങ്ങി ഫലത്തുമനുഭവിക്കുന്നവളും ആയ ആ സാധ്വീരത്നം തപോവനത്തിൽ എങ്ങനെ കഴിഞ്ഞുകൂടി എന്നുള്ള ആ വികാരപ്രകടനമാണു പ്രകൃതകാവ്യമെന്നുള്ളതുകൊണ്ടു വസ്തു പരമരസികനായിട്ടുണ്ടു്. പ്രഥമവീക്ഷണത്തിൽ അനുരക്തയായ ശകുന്തള ഗുരുജനങ്ങളുടെ അനുവാദംകൂടാതെ വിവാഹം ചെയ്തു. ഗർഭിണിയുമായി. രാഗപ്രണയപ്രേമങ്ങളുടെ പരിപാകഫലമായി മാത്രം സന്തതിയുണ്ടാകേണ്ടതായിരിക്കെ പ്രഥമഘട്ടത്തിലുണ്ടായ സന്തതിക്കു ദുരന്തദൂനത അനുഭവിക്കുന്ന മാതാവിന്റെ ഗർഭത്തിൽ വളർന്നാൽ ചക്രവർത്തിത്വം എന്നുള്ളതു പോകട്ടെ, മനുഷ്യത്വംതന്നെ ഉണ്ടായിരിക്കാൻ വഴിയില്ല. അപ്പോൾ "സർവ്വഥാ ചക്രവർത്തിനം പുത്രമാപ്നുഹി" എന്ന വരം വെറും കാററായിപ്പോകുവാനാണു് അവകാശം. അതിനാൽ വിരഹാർത്തിയും മനോദൂനതയും അനുഭവിക്കുന്ന ശകുന്തള പുണ്യാശ്രമത്തിൽ താമസിച്ചു ഗർഭസ്ഥമായ ശിശുവിന്റെ സംസ്കാരം എങ്ങനെ നിർവ്വഹിച്ചു എന്നു് ഈ കാവ്യദർപ്പണത്തിൽകൂടി നമുക്കു നോക്കാം.

ഭർത്താവുപേക്ഷിച്ചു. താതനു ചേരാത്തവളെന്നും വന്നു. പിന്നത്തെ അവലംബം അമ്മയുടെ സാന്ത്വനം മാത്രമാണു്. മാതൃവദനം ശകുന്തള കണ്ടിട്ടേ ഇല്ല. ഇനിയവൾ പുരോഹിതന്റെകൂടെ പോകാതെ ഒടുവിലത്തെ കുറിപ്പുമെഴുതി വിഷംതിന്നു മരിക്കണമെന്നാണു് ഇന്നത്തെ കവിതാഗതി. "സസത്വമാർ സാഹസമാചരിക്കാ" എന്ന ന്യായംകൊണ്ടു് ആത്മഹത്യയെ തടയുന്നു. അശ്രുഭാരുണതയാൽ അന്ധയായ സാധ്വിക്കു കൺകുളിർക്കുന്ന ഒരു കാഴ്ചയാണു് ഉടനടി സിദ്ധിച്ചതു്. ഏതുകാലത്തും അമ്മയുടെ വാത്സല്യപൂർവ്വകമായ സാന്ത്വനം—അതു് എത്രപ്രാവശ്യം ആവർത്തിച്ചതായാലും—ഒരുവനു ക്ലേശഹരമായിട്ടേ ഇരിക്കൂ. അങ്ങനെയിരിക്കെ മാതൃദർശനം ഇതുവരെ സിദ്ധിച്ചിട്ടില്ലാത്ത ശകുന്തളയ്ക്കു് അനന്യശരണയായ നിലയിൽ മാതൃവക്ഷസ്സിൽ ചേർന്നിരുന്നു കർണ്ണപീയൂഷവും നിരാശാധ്വംസകവുമായ വാഗ്ഝരിയിൽ ആറാടുവാൻ സംഗതി വന്നതുതന്നെ അവളുടെ അന്തഃകരണശുദ്ധിക്കു കാരണമായി. അനന്തരം 'സുരാസുരാരാധിതനായ മരീചിപുത്രൻ സദാരനായ തപസ്സുചെയ്യുന്നതും സിദ്ധിപ്രദമായതും ആയ ഹേമകൂടത്തിൽ പാർപ്പിക്കുന്നു." ഗർഭത്തിൽ വഹിക്കുന്ന ശിശുവിന്റെ സംസ്കാരത്തിനുവേണ്ട ചര്യകളേയും ഉപദേശിക്കുന്നു. ശകുന്തള ദൃഢവ്രതത്തോടെ ആ ആശ്രമത്തിൽ കഴിഞ്ഞുകൂടുന്നു. ഇങ്ങനെ ഒന്നാംഭാഗം അവസാനിച്ചു.

പ്രസവത്തിനുമുമ്പുള്ള ആശ്രമജീവിതത്തെയാണു രണ്ടാംഭാഗംകൊണ്ടു പ്രതിപാദിക്കുന്നതു്. "വനാന്തവാപീവികസന്മുഖാബ്ജസഞ്ചുംബനാമോദിവിഭാതവാതം" അവർക്കു് "ഏകിയതില്ലമോദം" എന്നാരംഭി

ക്കുന്നതുകൊണ്ട് ഉദ്ദീപനമായ വിഭാതത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നിട്ടും വിയോഗവ്യഥയ്ക്കു പൂർവ്വാധികമായ ശക്തിയുളവായിട്ടില്ലെന്നു തെളിയിക്കുന്നു. മാതാവിന്റെ സ്തന്യപാനംകൊണ്ടു തൃപ്തരായ മാൻകുട്ടികളെ നോക്കിനില്ക്കുക, തള്ളയിൽനിന്നകന്ന മാൻകിടാങ്ങളെ പ്രസൂവോടുചേർത്തു സംതൃപ്തയാവുക, എന്നീ കൃത്യങ്ങൾ ശകുന്തളയുടെ ജീവിതത്തിലെ രണ്ടുഭാഗങ്ങളെ സ്പർശിക്കുന്നുണ്ട്. കണ്വാശ്രമത്തിൽ വസിക്കുന്നകാലത്തു മാൻകിടാവോടൊത്തു വളർന്നതും അടുത്തഭാവിയിൽ താൻ ഒരു മാതാവായി ശിശുസംരക്ഷണം ചെയ്യുന്നതും സ്മരിച്ചു ശകുന്തള കൃതാർത്ഥയാകുന്നു. ശാകുന്തളത്തിൽനിന്നു വ്യക്തമാകാത്തതും 'പരിത്യക്തയായ ശകുന്തള'യിൽനിന്നും അനുഭൂതമാകുന്നതുമായ അവളുടെ ചില ചേഷ്ടകൾ ആ കാലത്തേയ്ക്കു്, ആ ദേശത്തിലേയ്ക്കു, പോരാ, അവളുടെ സന്നിധിയിലേയ്ക്കു നമ്മെ ഹഠാൽ ആകർഷിക്കുന്നു.

പുത്രപ്രസവംകൊണ്ടു മൂന്നാംഭാഗം തുടങ്ങുന്നു. ശിശുലാളനംകൊണ്ടു സകലവിധ വ്യഥയും ശാന്തമാകുന്നതാണ്. ശകുന്തളയും ഇതിൽനിന്നു വ്യത്യസ്ഥയല്ല. എങ്കിലും താൻ അനുഭവിക്കുന്ന പരമാനന്ദത്തിൽ പങ്കുകൊള്ളുവാനാളില്ലെന്നല്ല, പങ്കുകൊള്ളേണ്ട ആളില്ലാതായല്ലോ എന്നു് ഇടയ്ക്കിടെ അവൾ ചിന്തിച്ചു ക്ലേശിക്കാറുണ്ട്. ഗർഭകാലത്തുകണ്ട സ്വപ്നത്തിൽ ചിലതു—താരാട്ടുപാടി കുട്ടിയെ ഉറക്കുന്നതു്—ഇക്കാലത്തു് ഒത്തുവന്നതുകൊണ്ടു സ്വപ്നത്തിന്റെ ഉത്തരഭാഗവും ഒത്തുവരുന്നുണ്ടോ എന്നു് ആ സാധു ചിന്തിക്കുന്നു. മനശ്ശാസ്ത്രസംബന്ധിയായ ഈ വ്യാപാരം ഒഴിഞ്ഞുമാറുന്നതല്ല. വായിക്കുന്നമാത്രയിൽ ഒരു ഫലിതമെന്നോന്നം തോന്നുമെങ്കിലും ഗൂഢമായ ഒരു തത്വം അതിൽ അന്തർഭവിച്ചിട്ടുണ്ട്. ഈ ഭാഗത്തിന്റെ അവസാനത്തിൽ പ്രകൃതിയെ മുൻനിറുത്തി ശകുന്തളാവൃത്താന്തം പ്രതിപാദിക്കുന്നു. കരയുക, കോപിക്കുക, എന്നിങ്ങനെ പല വികാരങ്ങൾക്കടിപ്പെടുന്നുണ്ടെങ്കിലും "കല്ലോലജാലങ്ങളുയർന്നു താണു" എന്നു സമാധാനിക്കയും ചെയ്യുന്നു.

ഭർത്തൃപരിത്യക്തയായ ഒരു സാധ്വിക്കുണ്ടാകാവുന്ന വ്യഥയുടെ പരമോച്ചസ്ഥാനമാണ് അടുത്തതും അന്ത്യവും ആയ നാലാംഭാഗംകൊണ്ടു വിശദീകരിക്കുന്നതു്. സർവ്വദമനൻ ശിശു എന്ന നിലവിട്ടു് ഓടിക്കളിക്കുന്ന ഒരു കുട്ടിയായിത്തീർന്നിരിക്കുന്നു. ത്രികാലജ്ഞനായ മരീചൻ നിശ്ചയിച്ച പേരു സാർത്ഥവത്താക്കുവാനുള്ള കർമ്മങ്ങളാണു വിനോദങ്ങളിൽപോലും അവൻ ആചരിക്കുന്നതു്. അച്ഛനെവിടെ? എന്താണു വരാത്തതു്? എന്നെ അച്ഛന്റെ അടുക്കലേക്കയക്കു. എന്നിങ്ങനെ അമ്മയെ പലപ്പോഴും അല

ട്ടാവുമുണ്ട്. പരമാത്ഥവൃത്താന്തം കുട്ടിയോടു പറഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഒരമ്മയ്ക്കു പുത്രനിൽനിന്നുണ്ടാകുന്ന ഇത്തരം ചോദ്യങ്ങളോളം മമ്മദാരുണമായി മറെറാന്നുംതന്നെയില്ല. ഇവയെല്ലാം ലാക്കാക്കിക്കൊണ്ടു കവി കാമൻെറ കണ്ണില്ലായ്മയെ കണ്വാശ്രമത്തിൽവച്ചു കാണിച്ച് അതിൻെറ അഹിതഫലങ്ങളെ അനുഭവിപ്പിക്കുന്ന ഒരു നാടകവിഭാഗമാക്കി നാലാം ഭാഗം തുടങ്ങുന്നു. സൂത്രധാരത്വം വസന്തത്തിനു നല്കി 'വിയോഗാങ്കം' 'ആടാൻ' മുതിന്നു. ഉചിതവിധാനങ്ങളെല്ലാം പ്രകൃതിയിൽ വരുത്തി. ശകുന്തളയെ 'വിയോഗവ്യഥ' എന്ന വേഷവും കെട്ടിച്ചു. 'കൈത്തലത്താൽ തലതാങ്ങി' ഏകാകിനിയായി 'തരുതൻ തലത്തിൽ' ഇരിക്കുന്നതായി നാം കാണുന്നു. കുനിഞ്ഞിരുന്നോ ചാരിയിരുന്നോ എന്ന് ഇവിടെ ചിന്തിച്ചിട്ടാവശ്യമില്ല. വിയോഗവ്യഥയാണ് ഇരുന്നതു്. ചാരുമുഖിയല്ല. ചൈതന്യമില്ലാത്ത കണ്ണു്, ഒട്ടിയ കവിൾ, പാറിപ്പറക്കുന്ന തലമുടി, അസ്ഥിമാത്രാവശേഷമായ ശരീരം, ഗ്ലാനിയോടുകൂടിയ മുഖം എന്നീ വിധമാണു രൂപവണ്ണനം. ശകുന്തളയെ നാം അതാ കാണുന്നു എന്നു വായനക്കാക്കു നിസ്സംശയം തോന്നിപ്പോകും. കവിയുടെ കല്പന അഭിനന്ദനീയമെന്നൊ ഇവിടെ പറവാനുള്ളു. ഇനി ഈ വേഷത്തിനിടാനുള്ള ഒരുക്കങ്ങളാണു കവി ചെയ്തിരിക്കുന്നതു്. സമ്പദ്വിഹീനയാക്കിയ എന്നെ ആ ദാരിദ്രത്തിൽനിന്നു മോചിപ്പിക്കുന്നതെന്നാണെന്നു ദൈവത്തോടു് അപേക്ഷിച്ചത്ഥിക്കുന്നു. ഏതൊരു ശക്തിയെ ആശ്രയിച്ചു താൻ തപസ്സുചെയ്യുന്നൊ ആ ശക്തി തൻെറ അഭീഷ്ടം സാധിക്കുമെന്നവൾക്കു ദൃഢവിശ്വാസമുണ്ട്. എങ്കിലും സ്വപാപശക്തികൊണ്ടു വരുന്ന കാലവിളംബം അവൾ സഹിക്കുന്നില്ല. അതിനു ചില കാരണങ്ങളുമുണ്ടു്.

> "സൽപുത്രനെപ്പെററു കൃതാത്ഥയാം നീ
> അവിഘ്നമീശൻെറ കൃപാബലത്താൽ
> ഭവിച്ചിടും ഭത്തൃസമാഗമം തേ"

എന്നു മരീചൻ അനുഗ്രഹിച്ചിട്ടുണ്ടു്. സൽപുത്രനെപ്പെററു കൃതാത്ഥയായി. ഭത്തൃസമാഗമം കാണുന്നുമില്ല. അതുതന്നെയല്ല. പരിത്യക്തയായ അവസരത്തിൽ പുരോഹിതൻ രാജാവിനോടു പറഞ്ഞ വാക്ക് അവൾ ഓക്കുന്നു. മകൻ ചക്രവത്തിയാകുമെന്നുള്ള സകല ലക്ഷണങ്ങളും കാണുന്നുമുണ്ടു്, ഇങ്ങനെയെല്ലാമിരുന്നിട്ടും ഭത്താവു വന്നു കാണുന്നില്ല. എന്നാലും "കണ്ണിൽ കരുവോ," "പാടകേറിയോ" എന്നുപറഞ്ഞു ദൈവത്തെ ശകാരിക്കുന്ന സ്വഭാവം ശകുന്തളയ്ക്കില്ല. സ്വകമ്മദോഷമെന്നൊ അവൾ സമാധാനിക്കുന്നുള്ളു.

ഭർത്തൃസമാഗമത്തെക്കാൾ പിതൃസമാഗമോത്സുകനായ മകനോടു സമാധാനംപറവാനാണ് അവൾ വിഷമിക്കുന്നത്. ആ രംഗം അവൾക്കു സഹിക്കാവതല്ല. അവൾ തന്റെ സ്ഥാനംമറന്നു കരഞ്ഞുപോയി. അതാ മൂന്നാംരംഗം തുടങ്ങുന്നു. കുമാരൻ പ്രത്യക്ഷനായി. അവളുടെ മനോഗതി മാറുന്നു. പ്രായത്തെക്കവിഞ്ഞുള്ള സർവ്വദമനന്റെ സാമർത്ഥ്യം, അമ്മയെ ആശ്വസിപ്പിക്കുന്ന രീതിനോക്കുക. എത്ര മനോഹരമായിരിക്കുന്നു. കുമാരന്റെ ക്ഷത്രോചിതമായ വീരപ്രകടനമാണ്. ഇന്നുപററിയ തോൽവിക്കു നാളത്തെ പരിപാടി നിശ്ചയിക്കുന്നു. ഭയശോകശങ്കകളോടെ ശകുന്തള മകനെ ഉപദേശിക്കുന്നു. "സാഹസമരുത്, ഇങ്ങനെയുള്ള കോലാഹലംകൂട്ടായ്കു. കാട്ടിൽ സുഖമായി ജീവിക്കുന്ന ജന്തുക്കളെ എന്തിനുപദ്രവിക്കുന്നു." ഓരോ ഉപദേശവും ആഴമേറിയതെങ്കിലും ഒരു കുട്ടിയോടു ചെയ്യാവുന്നതുതന്നെ. അടുത്തശ്ലോകവും ശകുന്തളയുടെ വാക്കുകളെന്നു ഉദ്ധരണികൊണ്ടു കാണിച്ചിട്ടുണ്ടെങ്കിലും അതു് അച്ചടിപ്പിശാചിന്റെ കോലാഹലമെന്ന് എനിക്കു് ആദ്യം തോന്നിയുള്ളു. അവതാരികാകാരൻ അടുത്തശ്ലോകം ഉദ്ധരിച്ചു ഭാവുകന്മാർക്കു് അമൃതകുംഭമാണ് ശകുന്തളയുടെ ഈ വാക്കു് എന്നു പറയുന്നു. ഈ ശ്ലോകം ശകുന്തളയുടെ ആത്മഗതമാകുവാനാണു യോഗ്യമായിട്ടുള്ളതു്. പുത്രമരണദുഃഖത്തിൽ അലങ്കാരത്തിൽ കരയുന്ന മാതാക്കളും ഇല്ലെന്നു ഞാൻ പറയുന്നില്ല. ആ വഴിക്കു മി: ശർമ്മയും തിരിഞ്ഞിട്ടുണ്ടെങ്കിൽ,

"അച്ഛന്റെ നായാട്ടുമദീയജീവ-
പക്ഷിക്കുപക്ഷക്ഷതി നല്കിമുന്നം;
മകന്റെയീവേട്ടയതിന്റെമെയ്യിൽ-
ശരംതറയ്ക്കായ്കിലലഞ്ഞുദൈവം

എന്ന ശ്ലോകം മകനോടു പറഞ്ഞതായിക്കൊള്ളട്ടെ.

അടുത്തതും അവസാനവുമായ രംഗം സാനുമതിപ്രവേശമാണ്. ദുഷ്ഷന്തവൃത്തമറിഞ്ഞു ശകുന്തളയെ ആശ്വസിപ്പിക്കുന്നു. സർവ്വദമനനു് അതു മനസ്സിലാകാത്തതുകൊണ്ടു് സാനുമതിയെ കളിയാക്കുന്നു. ഉടനെ രണ്ടുപേരും ചിരിച്ചിട്ടുപോയി. സാനുമതി കുട്ടിയെ ആലിംഗനംചെയ്തിങ്ങനെ ഭരതവാക്യവും ചൊല്ലി.

"ക്ഷമിക്കനീ വത്സ നിനക്കുടൻതാൻ
കൈവന്നിടും കാമ്യഗുരുപ്രസാദം
ആനന്ദനോല്കുൻ കനിവാർന്നദേവൻ
താൻ നിന്നെയിങ്ങെത്തിയനുഗ്രഹിക്കും"